# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 30, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--417]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 2055 മുതൽ 2196 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 2197 മുതൽ 2328 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 2329 മുതൽ 2362 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 2363 മുതൽ 2471 വരെ |

**<u>നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാം ശിപാർശ</u>**

2055 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാം ശിപാർശ പ്രകാരം സ.ഉ.(കൈ) 24/2024/പി&എ.ആർ.ഡി. തീയതി 09/12/2024 ഉത്തരവ് പ്രകാരം സബോർഡിനേറ്റ് സർവീസിലും സ്റ്റേറ്റ് സർവീസിലും ജീവനക്കാർക്ക് ഒരു പ്രൊബേഷൻ എന്നുള്ള ശിപാർശ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) എത്ര സമയത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട പരിശോധന പൂർത്തീകരിച്ച് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശ നടപ്പാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>സർക്കാർ സംഘടിപ്പിച്ച വിവിധ വിഷയങ്ങളിലെ കോൺക്ലേവുകൾ</u>**

2056 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ വകുപ്പുകളിൽ എത്ര

കോൺക്ലേവുകൾ നടത്തിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഓരോ വകുപ്പുകളും ഏതൊക്കെ വർഷങ്ങളിൽ എന്തൊക്കെ വിഷയത്തിൽ കോൺക്ലേവുകൾ നടത്തി എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കോൺക്ലേവുകൾക്കായി ഓരോ വകുപ്പുകളും എത്ര തുക വീതം ചെലവഴിച്ചു എന്നുള്ളതിന്റെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഓരോ വകുപ്പിലും കോൺക്ലേവ് നടത്തിയപ്പോൾ സ്പോൺസർഷിപ്പ് ഇനത്തിൽ ഏതൊക്കെ കമ്പനിയിൽ നിന്നും തുക കൈപ്പറ്റിയിട്ടുണ്ട്; വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത തുക സൂക്ഷിക്കുന്നതിനും വിനിയോഗിക്കുന്നതിനുമായി ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായി എല്ലാ വകുപ്പുകളും ധനകാര്യ വകുപ്പിൽനിന്നും അനുമതി വാങ്ങിയിരുന്നോ; എങ്കിൽ അനുമതി ലഭിച്ച വകുപ്പുകളുടെ വിശദവിവരങ്ങളും ധനവകുപ്പ് നൽകിയ അനുമതി ഉത്തരവിന്റെ പകർപ്പുകളും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഹോമിയോ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടി

2057 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2020 ജൂൺ 22ലെ WP(C) 1464 of 2019 നമ്പർ കേസിലെ വിധി അനുസരിച്ച് നിർദേശം ഉണ്ടായിട്ടും ചക്കാല നായർ സമുദായത്തിന് ഹോമിയോ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിച്ചു നൽകുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചക്കാല നായർ സമുദായത്തിന് ഹോമിയോ കോളേജ്, ആർട്സ് ആൻഡ് സയൻസ് കോളേജ് എന്നിവ അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## റീബിൽഡ് കേരള പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

2058 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ തുക എത്രയൊക്കെയാണെന്നും വിശദമാക്കാമോ?

## റീബിൽഡ് കേരള പദ്ധതികൾ

2059 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## റീബിൽഡ് കേരള പദ്ധതി

2060 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ തൃക്കൂർ ഗ്രാമപഞ്ചായത്തിലെ എസ്. എം. എസ്. റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണത്തിനായി അനുമതി ലഭ്യമാക്കാമോ;

(ബി) റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പുതിയ പ്രൊപ്പോസലുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

2061 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാത്തവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## അന്താരാഷ്ട്ര നിലവാരത്തിൽ റസ്റ്റ്സ്റ്റോപ്പുകൾ

2062 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ലോക കേരളസഭയുടെ ശിപാർശ പ്രകാരം ആരംഭിച്ച ഒ. കെ. ഐ. എച്ച്. (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ്) എന്ന കമ്പനിയുടെ കീഴിൽ അന്താരാഷ്ട്ര നിലവാരത്തിൽ റസ്റ്റ്സ്റ്റോപ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## സെക്രട്ടേറിയറ്റിൽ തൊഴിൽ നിയമ ലംഘനം

2063 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച ജീവനക്കാർക്ക് 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ഗ്രാറ്റുവിറ്റി നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇന്ത്യൻ പാർലമെന്റ് പാസാക്കിയ 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി അനുവദിക്കണമെന്ന ശ്രീമതി രതകുമാരിയുടെ

അപേക്ഷ (സി എം ഒ 25009011) നിരസിച്ചതിന് കാരണമായ നിയമത്തിലെ വ്യവസ്ഥ അറിയിക്കാമോ; നിയമപിൻബലമില്ലാതെയാണ് പ്രസ്തുത അപേക്ഷ നിരസിച്ചതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവ്

2064 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു വകുപ്പ് മേധാവിക്ക് ഒട്ടനവധി വകുപ്പുകളുടെ അധിക ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) അഖിലേന്ത്യാ സർവീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കുറവുകൾ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

## സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലം മാറ്റം

2065 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഏത് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നടപ്പാക്കുന്നതെന്നും സ്പാർക്ക് മുഖേന നടപ്പിലാക്കുന്നവ ഏതൊക്കെയാണെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ;

(ബി) ഓൺലൈൻ സംവിധാനം നടപ്പാക്കാത്ത വകുപ്പുകളിൽ അതിനുള്ള കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

## വിരമിച്ച ജീവനക്കാരുടെ പുനർനിയമനം

2066 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെ സർക്കാർ സർവീസ്/പൊതുമേഖല/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാരെ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ സർക്കാർ വകുപ്പുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ കരാർ അടിസ്ഥാനത്തിലോ സ്ഥിരനിയമനമായോ ഏതെങ്കിലും തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം നിയമിച്ചിട്ടുണ്ടെങ്കിൽ അവരുടെ പേര്, തസ്തിക, സ്ഥാപനം, കാലയളവ് എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സർക്കാർ, പൊതുമേഖല, അർദ്ധസർക്കാർ മേഖലയിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് 2016 -2025 വരെ പുനർനിയമനം നൽകിയിട്ടുള്ളത്; നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനം ലഭിച്ച ജീവനക്കാരുടെ പേര്, തസ്തിക, സ്ഥാപനം, കാലയളവ് തുടങ്ങിയ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## വിരമിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ പുനർനിയമനം

2067 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിരമിച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ; അതുവഴി സംസ്ഥാന സർക്കാരിനുവന്നിട്ടുള്ള ബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം പുനർനിയമനങ്ങൾ സംസ്ഥാന സർക്കാരിനുണ്ടാക്കിയ നേട്ടം എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം

2068 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-1, കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്, ഓഫീസ് സൂപ്രണ്ട് തസ്തികകളിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ അനുവദനീയമായ എത്ര തസ്തികകൾ വീതമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ആളുകൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അറിയിക്കാമോ; കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും പറയാമോ;

(ബി) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ കാറ്റഗറി മാറ്റത്തിലൂടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്, മറ്റ് തസ്തികകൾ എന്നിവയിലേക്ക് എത്രപേർ മാറിയിട്ടുണ്ടെന്ന വിവരം വർഷവും തസ്തികയും തിരിച്ച് ലഭ്യമാക്കുമോ; ഇപ്രകാരം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസ്റ്റിസ്റ്റന്റ് ഗ്രേഡ് 2 & 1 തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിൽ വന്നതെന്നും, കാറ്റഗറി മാറ്റത്തിലൂടെ വന്ന കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.എസി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഓരോ വർഷവും എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം തസ്തിക മാറിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലുണ്ടായ ഒഴിവുകൾ ഈ വർഷങ്ങളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ വിരമിക്കൽ മൂലം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ

ഉണ്ടായിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024, 2025 വർഷങ്ങളിൽ സെക്രട്ടേറിയേറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ഗ്രേഡ്-1 ലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒരോ വർഷവും എത്ര ഒഴിവുകൾ വീതമെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിലവിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ന്യൂഡൽഹി ട്രാവൻകൂർ പാലസ്</u>

2069 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷക്കാലങ്ങളായി ന്യൂഡൽഹി ട്രാവൻകൂർ പാലസിൽ നടപ്പാക്കിയിട്ടുള്ളതും നടന്നുവരുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിർവഹണ ഏജൻസിയുടെയും ഭരണാനുമതിയുടെയും വിവരങ്ങളും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പൂർത്തീകരിച്ചതും നടപ്പാക്കി കൊണ്ടിരിക്കുന്നതുമായ വർക്കുകൾ സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിങ്ങിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) ട്രാവൻകൂർ പാലസിലെ പ്രവൃത്തികൾ ഏജൻസികൾക്ക് നൽകുന്നത് ടെൻഡർ അക്രഡിറ്റഡ് ഏജൻസി വഴിയാണോ; വ്യക്തമാക്കാമോ; ഇപ്രകാരം പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികൾ ഏതെന്നും പൂർത്തികരിച്ച തീയതിയെന്നാണെന്നും അറിയിക്കാമോ;

(ഡി) ഇവിടെ നടപ്പാക്കേണ്ട പ്രവൃത്തികൾ വിഭാവനം ചെയ്യുന്നതിനും പ്രോജക്ട് തയ്യാറാക്കി ശിപാർശ ചെയ്യുന്നതിനും ഏതെങ്കിലും സർക്കാർ/സ്വകാര്യ ഏജൻസിയുടെ സഹായം തേടിയിട്ടുണ്ടോ; ഇപ്രകാരമുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നത് മലയാളികൾക്ക് ഉപകാരപ്പെടുന്ന രീതിയിലാണെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ?

## <u>ആശ്രിതനിയമനത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച്</u>

2070 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിതനിയമനത്തിലെ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് എന്തു നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**ഐ. എ. എസ്, ഐ. പി. എസ്. ഉദ്യോഗസ്ഥർക്ക് വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്**

2071 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിലുള്ള എത്ര ഐ. എ. എസ്., ഐ. പി. എസ്. ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) കേന്ദ്ര സർവീസിൽ നിയമനം ലഭിക്കുന്നതിന് വിജിലൻസ് ക്ലിയറൻസ് റിപ്പോർട്ട് ആവശ്യമുണ്ടോ; എങ്കിൽ 2024 ജനവരിക്ക് ശേഷം ഇതിനായി ഏതെല്ലാം ഐ. പി. എസ്. ഉദ്യോഗസ്ഥർ അപേക്ഷ നൽകിയിട്ടുണ്ട്; ആർക്കൊക്കെ വിജിലൻസ് ക്ലിയറൻസ് നൽകാതിരുന്നിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് വിജിലൻസ് ക്ലിയറൻസ് റിപ്പോർട്ട് നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമായി വ്യക്തമാക്കുമോ?

**ഇടുക്കിയുടെ സമഗ്ര വികസനം**

2072 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 12,000 കോടി രൂപയുടെ ഇടുക്കി പാക്കേജിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഈ പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളിലായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

**റീബിൽഡ് കേരള പദ്ധതി**

2073 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതി പ്രകാരം നാളിതുവരെ നൽകിയ തുക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

2074 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ**

2075 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ കാലഘട്ടത്തിൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് കീഴിൽ 2015-ൽ പ്രവർത്തനമാരംഭിച്ച സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (എസ്.എ.എസ്.എ.) എന്ന സ്ഥാപനത്തെ ഡേറ്റ റിസർച്ച് ആൻഡ് അനാലിസിസ് കേന്ദ്രമാക്കി ഉയർത്തണമെന്ന 21/01/2025-ൽ 54/എൽഒപി/2025 നമ്പർ കത്ത് പ്രകാരമുള്ള പ്രതിപക്ഷ നേതാവിന്റെ ആവശ്യത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## സയൻസ് പാർക്കുകൾ ആരംഭിക്കാൻ നടപടി

2076 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ . എസ്. സി. എസ്. ടി. ഇ. )ന്റെ കീഴിൽ കേരളത്തിൽ എത്ര സയൻസ് പാർക്കുകളാണ് നിലവിലുള്ളതെന്നും ഏതൊക്കെ ജില്ലയിലാണ് ഇവ സ്ഥിതി ചെയ്യുന്നതെന്നും വിശദമാക്കാമോ;

(ബി) ശാസ്ത്ര പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന രീതിയിൽ മറ്റ് ജില്ലകളിൽ കൂടി സയൻസ് പാർക്കുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സയൻസ് പാർക്കുകളിൽ നൂതന സാങ്കേതികവിദ്യകളായ വെർച്വൽ റിയാലിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം വഴി ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂളുകളിലെങ്കിലും സയൻസ് പാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഫ്ലാറ്റുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാവകാശം

2077 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ നിരവധി ഫ്ലാറ്റുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കണമെന്ന് കാണിച്ചുകൊണ്ട് പൊല്യൂഷൻ കൺട്രോൾ ബോർഡ് വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെറും ഏഴ് ദിവസത്തെ സാവകാശം മാത്രം നൽകിയാണ് ഇപ്രകാരം ഇപ്പോൾ നിർദേശം നൽകിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കനാൽ റീജനറേഷൻ പദ്ധതിയുടെ ഭാഗമായി നഗരത്തിൽ കേന്ദ്രീകൃത എസ്. ടി. പി. സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ എന്നതറിയിക്കുമോ; ഈ പദ്ധതിയിൽ ഈ ഫ്ലാറ്റുകളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ സീവേജ്

പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി മതിയായ സാവകാശം അനുവദിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശം നടപ്പിലാക്കുന്നതിന് സാവകാശം നൽകുന്നതിന് നടപടിയെടുക്കുമോ; വ്യക്തമാക്കാമോ?

## പി. എസ്. സി. റാങ്ക് പട്ടികകളും നിയമന ശിപാർശയും

2078 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസത്തിന് ശേഷം സംസ്ഥാനത്ത് എത്ര പി. എസ്. സി. റാങ്ക് പട്ടികകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്; കാലാവധി നീട്ടി നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു ഉദ്യോഗാർത്ഥിയ്ക്ക് പോലും നിയമന ശിപാർശ നൽകാത്ത എത്ര റാങ്ക് പട്ടികകൾ 2016 മെയ് മാസത്തിന് ശേഷം കാലഹരണപ്പെട്ടിട്ടുണ്ട്; ഏതെല്ലാം റാങ്ക് പട്ടികകളാണ് ഇത്തരത്തിൽ കാലഹരണപ്പെട്ടത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിനുള്ളിൽ നിലവിൽ വന്ന സിവിൽ പോലീസ് ഓഫീസർമാരുടെ റാങ്ക് പട്ടികകളിൽ ഓരോ ജില്ലയിലും എത്ര ഉദ്യോഗാർത്ഥികളെ വീതമാണ് ഓരോ വർഷവും ഉൾപ്പെടുത്തിയിരുന്നത്; അതിൽ ഓരോ റാങ്ക് പട്ടികയിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഒഴിവുകൾ നിലവിലില്ലാത്ത തസ്തികകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാറുണ്ടോ; എങ്കിൽ ഈ കാലയളവിൽ എത്ര റാങ്ക് പട്ടികകൾ വകുപ്പിൽ നിന്നും യാതൊരു ഒഴിവും റിപ്പോർട്ട് ചെയ്യാതെ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2016 മെയ് മാസത്തിന് ശേഷം സംസ്ഥാനത്ത് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നല്കാൻ കഴിഞ്ഞിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ക്ലാർക്ക് ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് ക്ലാർക്ക് നിയമനങ്ങൾ

2079 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലാർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും വളരെ പരിമിതമായി മാത്രമേ നിയമനങ്ങൾ നടക്കുന്നുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തിക തുടരേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് വകുപ്പുകളിൽ പ്രവൃത്തി പഠനം നടക്കുന്നതിനാൽ അതു പൂർത്തിയാകുന്നത് വരെ 21-08-2025 -ലെ ഉപ. സി3/59/2024/പി & എ. ആർ. ഡി. നമ്പർ കത്ത് പ്രകാരം പി.എസ്. സി. പുതിയ നോട്ടിഫിക്കേഷൻ വിളിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ പ്രൊമോഷനും ആനുകൂല്യങ്ങളും നിയമവിരുദ്ധമായി തടയുന്നതു നിയന്ത്രിക്കാൻ നടപടി

2080 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് മേധാവികൾക്കോ ഉയർന്ന ഉദ്യോഗസ്ഥർക്കോ താൽപര്യമില്ലാത്ത സർക്കാർ ജീവനക്കാരുടെ പ്രൊമോഷനും മറ്റ് ആനുകൂല്യങ്ങളും നിയമവിരുദ്ധമായി തടയുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സംസ്ഥാന തലത്തിൽ ഒരു ഉന്നത സമിതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ രണ്ടു മാസത്തിനുള്ളിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കാമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിലെ അനർഹമായ പ്രൊമോഷനുകൾ

2081 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കീഴിലുള്ള സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ 2009-ൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിന് ശേഷവും അക്കൗണ്ട് ടെസ്റ്റ് പാസ്സാകാതെ പല ജീവനക്കാരും അനർഹമായി സ്ഥാനക്കയറ്റവും തുടർ സ്ഥാനക്കയറ്റങ്ങളും നേടിയതിനാൽ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ അർഹതപ്പെട്ട ജീവനക്കാരുടെ അവകാശങ്ങൾ തടഞ്ഞുവയ്ക്കപ്പെട്ടു എന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ പാസ്സാകാതെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചില ജീവനക്കാർക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I തസ്തികയിലേക്കും തുടർന്നു റിസർച്ച് അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/ എക്സ്റ്റൻഷൻ ഓഫീസർ(പി&എം) തസ്തികയിലേക്കും അനർഹമായ സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത് ഏത് റൂൾ/സർക്കാർ ഉത്തരവ് പ്രകാരമാണെന്നും അത്തരത്തിൽ അനർഹമായ പ്രൊമോഷൻ നേടിയ ജീവനക്കാർ ആരെല്ലാമാണെന്നും അറിയിക്കാമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സർക്കാർ ഉത്തരവ് പ്രകാരം ഇളവ് അനുവദിച്ചിരുന്ന 2013 ആഗസ്റ്റ് വരെ അക്കൗണ്ട് ടെസ്റ്റ് പാസ്സാകാത്ത സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് I ജീവനക്കാരെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിലേക്ക് തരംതാഴ്ത്തുന്നതിനും അനർഹമായി കൈപ്പറ്റിയ ആനുകൂല്യങ്ങൾ റീഫണ്ട് ചെയ്യുന്നതിനും അക്കൗണ്ടന്റ് ജനറലിന്റെ പരാമർശ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ;

(ഡി) ടെസ്റ്റ് പാസ്സാകുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം ഇളവ് വാങ്ങിയവർക്ക് അക്കൗണ്ട് ടെസ്റ്റ് പാസ്സായ തീയതി മുതലാണോ ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പി. എസ്. സി. പരീക്ഷ എഴുതി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ കുറച്ച് ജീവനക്കാർക്ക് മാത്രം അക്കൗണ്ട് ടെസ്റ്റ് പാസാകുന്നതിൽ നിന്നും തുടർച്ചയായി ഇളവ് അനുവദിക്കുകയും പ്രൊമോഷൻ നല്കുകയും ചെയ്യുന്നതും മറ്റുള്ളവർക്ക് ഇളവ് അനുവദിക്കാത്തതും എന്തു അടിസ്ഥാനത്തിലാണെന്ന്/മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

## <u>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർ</u>

2082 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ ക്ലറിക്കൽ തസ്തികയായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ നിർവഹിക്കേണ്ട ജോലികൾ അവരുടെ അഭാവത്തിൽ ടെക്നിക്കൽ കേഡറിലെ ജീവനക്കാർ നിർവഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഇത്തരമൊരു ഉത്തരവ് നൽകിയിട്ടുള്ളതെന്നും അതിന് ആധാരമായ സാഹചര്യം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; ക്ലറിക്കൽ വിഭാഗം തസ്തികക്ക് യോഗ്യതയുള്ള നിരവധി ഉദ്യോഗാർത്ഥികളുള്ള സാഹചര്യത്തിൽ ഈ ഉത്തരവ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) സ്ഥിതി വിവരക്കണക്കുകൾ ക്രോഡീകരിക്കേണ്ട ടെക്നിക്കൽ കേഡറിലെ ജീവനക്കാർ ക്ലറിക്കൽ ജോലികളാണ് നിർവഹിക്കുന്നതെന്നും ഇതിന് മാത്രമായി ടെക്നിക്കൽ വിഭാഗം ജീവനക്കാർ ആവശ്യമില്ലെന്നും കാണിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (എ.ആർ.4) ഏതെങ്കിലും റിപ്പോർട്ട് തയ്യാറാക്കി ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) മറ്റു വകുപ്പുകളെ അപേക്ഷിച്ച് ക്ലറിക്കൽ വിഭാഗം ജീവനക്കാർക്ക് ചെയ്യാൻ പറ്റാത്ത എന്തെല്ലാം ജോലികളാണ് ക്ലർക്കിനെക്കാൾ ഉയർന്ന ശമ്പളത്തിലുള്ള ടെക്നിക്കൽ വിഭാഗം ജീവനക്കാർ ഈ വകുപ്പിൽ ചെയ്യുന്നതെന്നും വകുപ്പിലെ ഏതെല്ലാം ജോലികളാണ് നിലവിൽ അവരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നതെന്നും വിശദീകരിക്കാമോ;

(ഡി) സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ക്ലർക്ക് തസ്തികയിലെ ജോലിക്ക് പത്താം ക്ലാസ്സും അസിസ്റ്റന്റ് തസ്തികയിലെ ജോലിക്ക് ബിരുദവും നിശ്ചയിച്ചിട്ടും ഇതേ ജോലികൾ തന്നെ നിർവഹിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർക്ക് നിശ്ചിത വിഷയങ്ങളിലുള്ള ബിരുദം യോഗ്യതയാക്കി നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

## <u>വോട്ടർ പട്ടികയിൽ സ്പെഷൽ ഇന്റെൻസീവ് റിവിഷൻ</u>

2083 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ സ്പെഷൽ ഇന്റെൻസീവ് റിവിഷൻ നടത്താൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് തയാറെടുപ്പുകൾക്കായി എന്നാണ് ആദ്യമായി സംസ്ഥാനത്തിന് കത്തയച്ചതെന്ന് അറിയിക്കാമോ; ഇതേ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എസ്. ഐ. ആർ. ഇതിനു മുൻപ് പൂർണമായി നടന്നത് ഏതൊക്കെ വർഷങ്ങളിലാണ്; പ്രസ്തുത വോട്ടർ പട്ടിക പരിഷ്കരണം എന്തെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് നടത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പരിഷ്കരണങ്ങൾ എസ്. ഐ. ആർ. നടപടി ക്രമങ്ങൾ പാലിച്ചാണോ അതോ സാധാരണ വോട്ടർ പട്ടിക പരിഷ്കരണ നടപടികളനുസരിച്ചാണോ നടത്തിയതെന്ന് അറിയിക്കാമോ; പ്രസ്തുത വർഷങ്ങളിലെ എസ്. ഐ. ആർ. നടപടികൾ ബി. എൽ. ഒ.മാർ വീടുകൾ സന്ദർശിച്ചാണോ നടത്തിയതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ എസ്. ഐ. ആർ. നടന്നത് 2002-ലാണോ; പ്രസ്തുത പരിഷ്കരണം നടത്തിയത് എത്ര നാൾ നീണ്ട നടപടികളിലൂടെയാണെന്ന് അറിയിക്കാമോ; എന്നാണ് 2002ലെ എസ്. ഐ. ആർ. പട്ടിക പ്രസിദ്ധീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പട്ടിക ഇപ്പോൾ കേരളത്തിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുനഃപ്രസിദ്ധീകരിച്ചത്; ആയതുമായി ബന്ധപ്പെട്ട് നൽകിയ പ്രധാന അറിയിപ്പുകളും ഉത്തരവുകളും ലഭ്യമാക്കാമോ; പ്രസ്തുത വിവരം ജനങ്ങളെ അറിയിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(എഫ്) എസ്. ഐ. ആർ. നടപടികൾക്കായി ഏതെങ്കിലും രേഖകൾ കൂടുതലായി ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്തെഴുതിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ നൽകാമോ;

(ജി) ഇന്ത്യൻ പൗരത്വം ഉപേക്ഷിച്ച് സംസ്ഥാനത്തുനിന്ന് വിദേശത്തേക്കു കുടിയേറിയവരുടെ കണക്കുകളുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ; കേരളത്തിൽ കലക്ടർമാർ 2002-നുശേഷം ഇന്ത്യൻ പൗരത്വം നൽകിയത് എത്ര പേർക്കാണ്; ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;?

## കോഴിക്കോട് സൈബർ പാർക്ക്

2084 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്കിനോടനുബന്ധിച്ച് 2 വീട്ടുകാരുടെ ഭൂമി ഏറ്റെടുക്കുന്നതിൽ താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ ഇലക്ട്രോണിക്സ് & ഐ. ടി. വകുപ്പിൽ നിലവിലുള്ള A1 /37/2022 എന്ന ഫയലിൽ തീർപ്പുണ്ടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി

2085 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ എത്ര പേർക്ക് സൗജന്യ കണക്ഷൻ നല്കിയിട്ടുണ്ട് എന്നത് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

## സ്റ്റാർട്ടപ്പ് മിഷൻ

2086 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ആശയങ്ങളും സാങ്കേതികവിദ്യയും വിപണിയിലെത്തുന്നത് സമ്പദ്‌വ്യവസ്ഥയ്ക്കും സേവനമേഖലയ്ക്കും പുതു ഊർജ്ജമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഐ. ടി. അധിഷ്ഠിത സ്റ്റാർട്ടപ്പുകളുടെ ഉല്പന്നവികസനത്തിന് സഹായകരമായ ഗവേഷണം നടത്തുവാനും ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകൾ സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ വിപണിയിലേക്ക് എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ വിദ്യാർത്ഥി സംരംഭകരെ വാർത്തെടുക്കാനുള്ള പദ്ധതിയായി കോളേജുകൾ കേന്ദ്രീകരിച്ച് ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ യുവജനങ്ങളെ സംരംഭകരും തൊഴിൽദാതാക്കളുമായി മാറ്റാൻ സ്റ്റാർട്ടപ് സിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കെ-ഫോൺ കണക്ഷനുകൾ

2087 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിയ സൗജന്യ കെ-ഫോൺ കണക്ഷനുകളുടെയും ഇനി നൽകാൻ ബാക്കിയുള്ള സൗജന്യ കണക്ഷനുകളുടെയും കണക്ക് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കെ-ഫോൺ കണക്ഷൻ ഇനി നൽകാൻ ബാക്കിയുള്ള സർക്കാർ ഓഫീസുകളുടെ കണക്ക് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കെ-ഫോൺ കണക്ഷൻ നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്ക് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഇനി എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കണക്ഷൻ സൗജന്യമാണോ എന്ന് വ്യക്തമാക്കാമോ?

## സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്നത്

2088 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് നൽകി വന്ന സർക്കാർ സേവനങ്ങളിൽ ഏതൊക്കെ സേവനങ്ങളാണ് 2021 വർഷം മുതൽ നാളിതുവരെയായി ഓൺലൈൻ മുഖാന്തിരം ലഭ്യമാക്കിയതെന്നത് വകുപ്പിന്റെ പേര് സഹിതം വിശദമാക്കാമോ?

## ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേട്ടം

2089 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള സർക്കാരുമായി യോജിച്ച് ഇന്ത്യയിൽ ആദ്യമായി കൈരളി ചിപ്പ് നിർമ്മിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് സെമികണ്ടക്ടർ ചിപ്പുകൾ രൂപകല്പന ചെയ്യാനും നിർമ്മിക്കാനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ സെമികണ്ടക്ടർ കെ-ചിപ്പ് വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്തതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വന്തമായി ചിപ്പ് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസർക്ക് മുഖ്യമന്ത്രിയുടെ കീഴിലുള്ള ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് 25 ലക്ഷം രൂപ പാരിതോഷികമായി അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) കേരളം ആദ്യമായി കൈവരിച്ച കെ-ചിപ്പ് നിർമ്മാണ നേട്ടത്തിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## സ്വകാര്യ വ്യക്തികളുൾപ്പടെയുള്ളവർ സ്ഥാപിക്കുന്ന സി. സി. ടി. വി. സിസ്റ്റം

2090 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. സി. ടി. വി. ഉൾപ്പെടെയുള്ള സെക്യൂരിറ്റി സിസ്റ്റം മേഖലയിൽ രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടെങ്കിലും സർക്കാരിലെ ഏതെങ്കിലും സംവിധാനങ്ങളുമായി അവർക്ക് അഫിലിയേറ്റ് ചെയ്യുവാൻ ഉള്ള അവസരം കൊടുക്കുന്നുണ്ടോ എന്നത് അറിയിക്കാമോ;

(ബി) സി. സി. ടി. വി. ഉൾപ്പെടെയുള്ള സെക്യൂരിറ്റി സിസ്റ്റം മേഖലയിൽ രജിസ്റ്റേർഡ് സംഘടനകൾ ഉണ്ടെങ്കിലും വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ആ മേഖലയിൽപെട്ടവർക്ക് ഗവണ്മെന്റ് ഏതെങ്കിലും രീതിയിൽ ലൈസൻസ് ഉൾപ്പടെ നൽകുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ വ്യക്തികൾ സർവൈലൻസ് ക്യാമറ സ്ഥാപിക്കുന്നതിൽ ഗവണ്മെന്റ് എന്തെങ്കിലും മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം മാനദണ്ഡം

ഇറക്കുവാൻ ഉദ്ദേശിക്കുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തിൽ നിലവിൽ ഇൻസ്റ്റാൾ ചെയ്യുന്ന സി. സി. ടി. വി. ക്യാമറകൾക്ക് ഇലക്ട്രോണിക് സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളോജി മന്ത്രാലയം പുതുതായി പുറത്തിറക്കിയ സ്റ്റാൻഡേർഡൈസേഷൻ ടെസ്റ്റിംഗ് ആൻഡ് ക്വാളിറ്റി സർട്ടിഫിക്കേഷൻ കേരളത്തിൽ പ്രാബല്യത്തിൽ വരുത്തിയോ എന്നറിയിക്കാമോ; ഗവൺമെന്റ് സ്ഥാപനങ്ങളിലും കെ. എസ്. ആർ. ടി. സി. ബസുകളിലും ഉപയോഗിക്കുന്ന ക്യാമറകളിൽ ഈ മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ഇ) സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവർ സ്ഥാപിക്കുന്ന സർവൈലൻസ്/സി. സി. ടി. വി. ഇൻസ്റ്റലേഷനുകളിൽ പൗരന്മാരുടെ സ്വകാര്യത ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

2091 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം കാര്യക്ഷമതയോടെയും വേഗത്തിലുമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ എത്ര പേർക്ക് തുക അനുവദിച്ചുവെന്നും 2016 മുതൽ 2021 വരെയും 2011 മുതൽ 2016 വരെയും ഉള്ള സർക്കാരുകളുടെ കാലഘട്ടങ്ങളിൽ പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചിരുന്നു എന്നും വിശദമാക്കാമോ?

## സംസ്ഥാനത്തുണ്ടായ പ്രകൃതിദുരന്തങ്ങളിൽ ഇരയായവർക്കുള്ള സർക്കാർ സഹായം

2092 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് ഉണ്ടായ പ്രകൃതിദുരന്തങ്ങളിൽ ഓരോന്നിലും മരണമടഞ്ഞവർ എത്രയെന്നും ഗുരുതരമായി പരിക്കേറ്റവർ എത്രയെന്നും കാണാതായവർ എത്രയെന്നും ഇതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നുവെന്നുമുള്ള വിശദാംശം തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ ഓരോന്നിലും സംസ്ഥാനത്ത് എത്ര പേർക്ക് വീട് നഷ്ടപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് വീട് പുനർനിർമ്മിച്ച് നൽകാൻ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും സാമ്പത്തിക സഹായം ലഭിക്കാത്തവർ എത്രയെന്നും സർക്കാർ പുനർനിർമ്മിച്ചു നൽകുമെന്ന് പ്രഖ്യാപിച്ച വീടുകൾ എത്രയെന്നും അതിൽ എത്രയെണ്ണം പുനർനിർമ്മിച്ചു നല്കിയിട്ടുണ്ടെന്നുമുള്ള വിശദാംശം തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ ഓരോന്നിനു ശേഷവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവനയായി സമാഹരിച്ച തുകയെത്രയെന്നും ഇതിൽ നിന്നും വിവിധ ദുരന്തത്തിൽ ഇരയായവർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് എത്ര തുക കൂടി ആവശ്യമുണ്ടെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് തുക എത്രയാണെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി

2093 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ വി ജോയി**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദവും അപകടങ്ങൾ താരതമ്യേന കുറവുള്ളതും സർക്കാരിന്റെ സ്വപ്ന പദ്ധതികളിലൊന്നുമായ ദേശീയ ജലപാതയുടെ നിലവിലെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ദേശീയ ജലപാതയുടെ ഏതെല്ലാം റീച്ചുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ ഏതെല്ലാം റീച്ചുകളുടെ നിർമ്മാണമാണ് പൂർത്തീകരിക്കാനുള്ളതെന്നും ഓരോ റീച്ചിലും എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനസജ്ജമായ സാഹചര്യത്തിലും വിനോദസഞ്ചാര വികസനത്തിന്റെ അനന്തസാധ്യതകളും കണക്കിലെടുത്തും സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പറമ്പിക്കുളം - ആളിയാർ കരാർ

2094 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജലകരാർ പുനരവലോകനം ചെയ്യേണ്ടിയിരുന്ന വർഷം ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ പുതുക്കുന്നതിന് കേരളത്തിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ പത്ത് വർഷം എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയതെന്ന് വിശദീകരിക്കാമോ?

## ജലപാതയുടെ നിർമ്മാണം

2095 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലപാതകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നത് വിശദമാക്കാമോ;

(ബി) ആയതിൽ വർക്കല മണ്ഡലത്തിൽ എത്ര പേർ ഉൾപ്പെടുന്നു എന്ന് വിശദമാക്കാമോ;

(സി) വർക്കല മണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുവാനുണ്ടെന്ന് വിശദമാക്കാമോ?

## പറമ്പിക്കുളം - ആളിയാർ കരാർ

2096 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം പാലക്കാട് മൂലത്തറ ഡാമിൽ നിന്നും ഓരോ ജലവർഷവും കേരളത്തിന് ലഭിക്കുന്ന 7.25 ടി. എം. സി. ജലത്തിൽ നിന്നും എത്ര അളവ് ജലമാണ് റൈറ്റ് ബാക്ക് കനാലിലൂടെ (ആർ. ബി. കനാൽ) വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2010 മുതൽ 2025 വരെയുള്ള ജലവർഷങ്ങളിൽ ഓരോ വർഷവും എത്ര ദിവസം വീതം ആർ. ബി. കനാൽ വഴി ജലവിതരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2010 മുതൽ 2025 വരെ ഓരോ ജലവർഷവും ആർ. ബി. കനാൽ വഴി വിതരണം നടത്തിയ ജലത്തിന്റെ അളവ് ലഭ്യമാക്കുമോ;

(ഡി) ചിറ്റൂർപുഴ പ്രദേശങ്ങളിൽ മൂലത്തറ ഡാമിൽ നിന്നും ജലവിതരണം നടത്തി വരുന്നത് ഏതു സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

## അഴീക്കോട് ജങ്കാർ നീക്കം ചെയ്യാൻ നടപടി

2097 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ അഴീക്കോട് മുനമ്പം പാലത്തിന്റെ നിർമ്മാണത്തെ തുടർന്ന് സർവീസ് മതിയാക്കിയ അഴീക്കോട് മുനമ്പം ജങ്കാർ കോസ്റ്റൽ പോലീസ് സ്റ്റേഷന് സമീപത്തായി തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുന്നതിനാൽ ആയത് കൊണ്ട് കൂടുതൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും പ്രദേശവാസികൾക്ക് ഉണ്ടായിട്ടുള്ള ഭീതി പരിഹരിക്കുന്നതിനുമായി എത്രയും വേഗം നീക്കം ചെയ്യുന്നതിനായി എടുത്തിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ

2098 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെ അടങ്കൽ തുക എത്രയെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും അവയുടെ അടങ്കൽ തുക എത്രയെന്നും വിശദമാക്കാമോ?

## ഡ്രെഡ്ജിംഗ് നടത്തുന്ന സ്ഥലം അടയാളപ്പെടുത്തുന്നതിന് നടപടി.

2099 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിൽ അഷ്ടമുടിക്കായലിൽ ആഴം കൂട്ടുന്നതിനായി കരാർ എടുത്ത കമ്പനി ദേശീയ ജലപാതയുടെ അതിർത്തിവിട്ട് മത്സ്യബന്ധനത്തിന് തടസ്സമുണ്ടാകുന്ന തരത്തിൽ ഡ്രെഡ്ജിംഗ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡ്രെഡ്ജിംഗ് നടത്തേണ്ട സ്ഥലം അടയാളപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

## കനാൽ നവീകരണ പദ്ധതി

2100 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ ഏതൊക്കെ കനാലുകളെയാണ് കനാൽ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഓരോ കനാലുകളും എവിടെ നിന്നാരംഭിക്കുന്നുവെന്നും എവിടെ അവസാനിക്കുന്നുവെന്നും ഓരോന്നിനും എത്ര നീളമുണ്ടെന്നുമുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമാകുന്നതിന് പ്രസ്തുത കനാലുകൾക്കുള്ള നിലവിലെ വീതി പര്യാപ്തമാണോ; ഇനിയും വീതി വർദ്ധിപ്പിക്കേണ്ടതായ കനാലുകളുണ്ടെങ്കിൽ അവയേതൊക്കെയെന്നും അവയുടെ നിലവിലെ വീതിയും വർദ്ധിപ്പിക്കേണ്ടതായ വീതിയും തരം തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(സി) ഇതിനായി കനാലിന്റെ വശങ്ങളിൽ എത്ര ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നും എത്ര വീടുകൾ അതിലുണ്ടെന്നതും സംബന്ധിച്ച വിശദവിവരം ഓരോ കനാലിന്റെയും പേരിനോടൊപ്പം തരംതിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതിയിൽപ്പെടുന്ന ഏതൊക്കെ കനാലുകളിലൂടെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ബോട്ട് സർവീസ് ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

## വാട്ടർമെട്രോ ടെർമിനലുകൾ

2101 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വാട്ടർ മെട്രോ ടെർമിനലുകൾ ഏതെല്ലാമാണെന്നും പ്രസ്തുത ടെർമിനലുകളുടെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ;

(ബി) ഓരോ ടെർമിനലുകളുടേയും നിർമ്മാണത്തിനായി വകയിരുത്തിയ തുക എത്രയെന്നും ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ?

## കോവളം – ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാത

2102 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് ജലപാതയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ; ഏത് സ്ഥാപനമാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്; നിർദിഷ്ട ജലപാതയുടെ ആകെ നീളം എത്ര കിലോമീറ്ററാണ്; ഈ പദ്ധതിക്ക് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കിലോമീറ്റർ ജലപാതയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ജലപാതയുടെ നിർമ്മാണം എന്തുകൊണ്ടാണ് സമയത്തിന് പൂർത്തിയാക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## പ്രവാസി മലയാളികൾക്ക് ആരോഗ്യ-അപകട ഇൻഷ്വറൻസ്

2103 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കായി ആരോഗ്യ - അപകട ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ക്യാഷ്‌ലെസ് ചികിത്സ ലഭ്യമാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിലൂടെ വിദേശത്തും മറ്റ് സംസ്ഥാനങ്ങളിലുമുള്ള മലയാളികൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ വ്യക്തമാക്കാമോ?

## സുരക്ഷിതവും ഗുണനിലവാരവുമുള്ളതുമായ തൊഴിൽ കുടിയേറ്റം

2104 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതവും വ്യവസ്ഥാപിതവും ഗുണനിലവാരമുള്ളതുമായ തൊഴിൽ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നോർക്ക റൂട്ട്സിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസം നേടിയ കേരളത്തിലെ യുവതീയുവാക്കൾക്ക് ലോകത്തെവിടെയും തൊഴിലവസരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുടിയേറ്റ ഏജന്റുമാരുടെ വഞ്ചനയും തട്ടിപ്പും കുറയ്ക്കുന്നതിനായി ഭാഷാ പരിശീലന കേന്ദ്രങ്ങളെയും റിക്രൂട്ട്മെന്റ് ഏജൻസികളെയും കൃത്യമായി നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ വിശ്വമാകെ വ്യാപിച്ചുകിടക്കുന്ന പ്രവാസി സമൂഹത്തിന് വലിയ പങ്കുണ്ട് എന്നത് പരിഗണിച്ച് പ്രവാസി മിഷൻ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## സാന്ത്വനം പദ്ധതി

2105 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് ധനസഹായം ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പത്ത് വർഷം വിദേശത്ത് ജോലി ചെയ്ത ഒരു പ്രവാസി തിരികെ വന്ന് പത്ത് വർഷം നാട്ടിൽ താമസിച്ച ശേഷം വീണ്ടും വിദേശത്ത് പോകുമ്പോൾ പുതിയ പ്രവാസി എന്ന നിലയിൽ വീണ്ടും കുറഞ്ഞത് രണ്ടുവർഷമെങ്കിലും വിദേശത്ത് നിന്നെങ്കിൽ മാത്രമേ നോർക്ക ആനുകൂല്യങ്ങൾക്ക് പ്രവാസിയായി പരിഗണിക്കുകയുള്ളൂ എന്ന് നിലവിലെ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ;

(സി) ഇപ്രകാരം നീണ്ട ഇടവേളക്കു ശേഷം വിദേശത്ത് പോയ വ്യക്തി അവിടെ ജോലിയിൽ ആയിരിക്കെ മരണപ്പെട്ടാൽ വിദേശത്ത് രണ്ടു വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടില്ല എന്ന കാരണത്താൽ സാന്ത്വനം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇത്തരം നിബന്ധനകൾ സാമാന്യനീതിക്ക് നിരക്കാത്തതാണെന്ന് കരുതുന്നുണ്ടോ; ഇത്തരം നിബന്ധനകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നോർക്ക മുഖേനയുള്ള പ്രവാസി ക്ഷേമ പദ്ധതികൾ

2106 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക മുഖേന പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതുതായി പ്രഖ്യാപിച്ച ഇൻഷ്വറൻസ്/അപകട ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## പ്രവാസി ക്ഷേമ പെൻഷൻ

2107 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രവാസി ക്ഷേമ ബോർഡ് വഴി നൽകുന്ന പെൻഷൻ യഥാസമയം നൽകുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നോർക്ക കെയർ ഇൻഷ്വറൻസ് പദ്ധതി

2108 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി നോർക്ക കെയർ എന്ന പേരിൽ ആരോഗ്യ അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും എന്നുമുതൽക്കാണ് ഇത് പ്രാബല്യത്തിൽ വരുന്നതെന്നും പദ്ധതിയിൽ ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) വിദേശത്തുനിന്നും തിരികെ നാട്ടിലെത്തി സ്ഥിരതാമസമാക്കിയ പ്രവാസികൾക്ക് ഈ പദ്ധതിയിൽ ചേരാൻ കഴിയുമോ; നിലവിലെ വ്യവസ്ഥകൾ പ്രകാരം ഇവർക്ക് പുതുതായി നോർക്ക അംഗത്വം ലഭിക്കുന്നതിനോ നോർക്ക ഐ. ഡി. കാർഡ് ലഭിക്കുന്നതിനോ നിലവിലെ അംഗത്വം പുതുക്കുന്നതിനോ കഴിയുമോ;

(സി) വിദേശത്തായിരിക്കുമ്പോൾ പ്രവാസികൾക്കും 60-70 വയസ്സ് പ്രായമുള്ള ആരോഗ്യപ്രശ്നമുള്ള മുതിർന്നവർക്കും റസിഡൻസ് ഐ. ഡി പുതുക്കുമ്പോൾ നിർബന്ധിത ഇൻഷ്വറൻസ് എടുക്കേണ്ട സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രവാസം പൂർത്തിയാക്കി തിരികെ നാട്ടിൽ വന്ന് സ്ഥിരതാമസമാക്കുന്നവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏറ്റവും കൂടുതൽ ആവശ്യമായിവരുന്നത് എന്നത് പരിശോധിക്കുകയുണ്ടായോ;

(ഇ) എങ്കിൽ പ്രവാസം മതിയാക്കി തിരിക നാട്ടിൽ സ്ഥിര താമസമാക്കുന്ന പ്രവാസികൾക്കുകൂടി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സാന്ത്വന സഹായം പദ്ധതി

2109 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സ് സാന്ത്വന സഹായം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഈ സർക്കാർ കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വിശദമാക്കാമോ; ഇതിൽ എത്ര പേർക്ക് ധനസഹായം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതു വർഷം വരെ അപേക്ഷ നൽകിയവർക്ക് സഹായം ലഭ്യമാക്കി എന്ന് വിശദമാക്കാമോ?

## പ്രവാസികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ

2110 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കും നാട്ടിൽ തിരികെ എത്തുന്ന പ്രവാസികൾക്കുമായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നോർക്ക കെയർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിൽ അംഗത്വം എടുക്കാനുള്ള അർഹതയും പോളിസി എടുത്തവരുടെ ഏതെല്ലാം കുടുംബാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഈ ഇൻഷ്വറൻസ് പോളിസി എടുക്കുന്നവരുടെ മാതാപിതാക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) തിരികെ എത്തിയ പ്രവാസികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; അവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) തിരികെയെത്തുന്ന പ്രവാസികൾക്ക് വേണ്ടിയുള്ള സാന്ത്വനം പദ്ധതിയിൽ മരണമടഞ്ഞ പ്രവാസികളുടെ ബന്ധുക്കൾക്ക് ലഭിക്കേണ്ട ധനസഹായത്തിനും തിരികെയെത്തിയ പ്രവാസികളുടെ വിവിധ രോഗങ്ങൾക്ക് നൽകുന്ന ചികിത്സാധന സഹായത്തിനും എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്നും ഇവയിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ?

## പ്രവാസി ക്ഷേമനിധി പെൻഷൻ

2111 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വം പുനസ്ഥാപിക്കാനുള്ള അംശദായ കുടിശികയ്ക്ക് ഇളവ് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വീടുകൾക്ക് നേരെയുള്ള ആക്രമണം

2112 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പി. വടകര യൂണിയൻ ഭാരവാഹികളുടെ വീടുകൾ നിരന്തരമായി ആക്രമിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട പരാതികളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ അക്രമസംഭവങ്ങൾക്ക് പിന്നിലെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പൊലീസ് മർദ്ദനം

2113 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ ഭരണകക്ഷിയിൽപ്പെട്ട പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ യുവജന സംഘടനയുടെ പ്രവർത്തകനെ പൊലീസ് മർദ്ദിച്ച് കൊലപ്പെടുത്തി എന്ന പ്രസ്തുത വ്യക്തിയുടെ കുടുംബത്തിന്റെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) അടൂരിലെ ജോലിത്തട്ടിപ്പുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച വിവരം പ്രസ്തുത വ്യക്തി പുറത്തുപറയുമോ എന്ന ഭയംമൂലം പ്രമുഖ രാഷ്ട്രീയകക്ഷി നേതാക്കളുടെ നിർദേശ പ്രകാരമാണ് പോലീസ് മർദ്ദനം നടത്തിയതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടതായി ആരോപിക്കപ്പെട്ട പൊലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## ഉദ്യോഗസ്ഥനെതിരെ നടപടി

2114 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ പെറ്റിഷൻ കമ്മിറ്റി മുൻപാകെ നൽകിയ 22327/B3/2017 നമ്പർ പരാതിയിന്മേൽ സമിതിയുടെ ശിപാർശയിൽ ഡി. വൈ. എസ്. പി. ക്ക് എതിരെ ആഭ്യന്തരവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എത്ര പോലീസ് കേസ് നിലവിലുണ്ട്; വിശദമാക്കാമോ; T8 /12787 /2009 ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്ത വിവരം ടിയാന്റെ സർവീസ് ബുക്കിൽ രേഖപ്പെടുത്തിയത് എന്നാണ്; വ്യക്തമാക്കാമോ; ഇത് വൈകാനുണ്ടായ കാരണം വിശദമാക്കാമോ?

## പോലീസ് സേനയിൽ സൃഷ്ടിച്ച തസ്തികകൾ

2115 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ചരീതിയിൽ ക്രമസമാധാനം നിലനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയതിന്റെ പിന്നിൽ കേരളപോലീസിന്റെ പ്രവർത്തന മികവ് ഒരു കാരണമാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പോലീസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകളാണ് പോലീസിന്റെ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

## പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ

2116 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന പ്രതികൾക്കു നേരെ മൂന്നാം മുറ പ്രയോഗിച്ചതായി പരാതിപ്പെടുന്ന കേസുകളിൽ പോലീസ് സ്റ്റേഷനിലെ സി. സി. ടി. വി. ദൃശ്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിയമ തടസ്സമില്ലെങ്കിൽ എത്ര ദിവസത്തിനകം സി. സി. ടി. വി. ദൃശ്യങ്ങൾ നൽകണമെന്ന് നിഷ്കർഷിക്കുവാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(സി) ദൃശ്യങ്ങളിൽ ക്രൂരമായ പീഡനം നടന്നതായി കണ്ടെത്തുന്ന പക്ഷം കുറ്റക്കാരായ പോലീസുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; കുറ്റക്കാരായവരെ സർവീസിൽ നിന്ന് പിരിച്ചുവിടാൻ ആവശ്യമായ നിർദേശം നൽകുമോ; വിശദമാക്കാമോ?

## <u>പൊലീസിലെ കമ്പ്യൂട്ടർ അധിഷ്ഠിതസംവിധാനങ്ങൾ</u>

2117 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പൊലീസിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി നിലവിൽ വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) സൈബർ സംവിധാനങ്ങൾ ഉൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി രൂപം നൽകിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) മൊബൈൽ ഫോറൻസിക് ലാബുകൾ ഉൾപ്പെടെ നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്നും ഇവയെ കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(ഡി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായ എന്തെല്ലാം സംവിധാനങ്ങൾക്കാണ് സംസ്ഥാന പൊലീസിൽ തുടക്കം കുറിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>വെള്ളറട പഞ്ചായത്തിലെ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥല വിവരങ്ങൾ</u>

2118 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിലെ ആനപ്പാറയിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമാണുള്ളത്; വിശദാംശം അറിയിക്കാമോ;

(ബി) നിലവിൽ കാടുകയറി അന്യാധീനപ്പെട്ടുകിടക്കുന്ന പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) നെയ്യാർഡാം പോലീസ് സ്റ്റേഷൻ കെട്ടിടം കാലഹരണപ്പെട്ടതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുകയുമാണെന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം നവീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## **പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

2119 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റിയിൽ ലഭിക്കുന്ന പരാതികളുടെ എണ്ണം ഗണ്യമായി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

## **കുന്നംകുളത്ത് പോലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർത്തു എന്ന ആരോപണത്തിലെ നടപടി**

2120 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളത്ത് പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ പ്രവർത്തകനെ പൊലീസ് മർദ്ദിച്ച കേസ്, ഇൻസ്പെക്ടർ പത്തു ലക്ഷം രൂപ നൽകി ഒതുക്കിയെന്ന് കുന്നംകുളം നഗരസഭയിലെ ഒരു കൗൺസിലർ നടത്തിയ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പോലീസ് പണം വാങ്ങി കേസ് ഒതുക്കിത്തീർക്കുന്നു എന്ന ആരോപണങ്ങളിൽ കർശന നടപടി സ്വീകരിക്കുമോ?

## **പഞ്ചായത്ത് അംഗത്തിന്റെ ആത്മഹത്യ**

2121 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് പഞ്ചായത്ത് അംഗം ജീവനൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടതായി ആരോപിക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിനും പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ നേതൃത്വത്തിനുമെതിരെ കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കേസ് എടുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ലഹരി മാഫിയയിൽനിന്നും തീരദേശത്തെ സുരക്ഷിതമാക്കാനുള്ള നടപടി

2122 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം, ലൈഫ് ഭവന പദ്ധതി പ്രകാരം ഒട്ടേറെ ആളുകളെ തീരപ്രദേശത്തുനിന്നും മാറ്റി താമസിപ്പിച്ചപ്പോളുണ്ടായ ആളൊഴിഞ്ഞ സ്ഥലങ്ങളിലും വീടുകളിലും ഇവിടങ്ങളിലെ ലഹരി മാഫിയകളും മറ്റ് അസാന്മാർഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും തമ്പടിക്കുന്നത് തടയുന്നതിന് എന്തു നടപടിയാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദീകരിക്കാമോ;

(ബി) സുരക്ഷയുടെ ഭാഗമായി തീരപ്രദേശ വിദ്യാലയമായ എസ്. എം. എച്ച്. എസ്. എസ്. അഴിക്കോട് വിദ്യാലയത്തിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് സംവിധാനം തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്;

(സി) സുരക്ഷയുടെ ഭാഗമായി കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

## കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ടിനെതിരായ പരാതികൾ

2123 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി. പി. ദിവ്യക്കെതിരെ 2024 ഒക്ടോബർ 1 മുതൽ നാളിതുവരെ ലഭിച്ച പരാതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദാംശം സഹിതം വ്യക്തമാക്കാമോ;

(ബി) ടിയാൾക്കെതിരെ വിജിലൻസിന് ലഭിച്ചിട്ടുള്ള പരാതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ, അന്വേഷണ റിപ്പോർട്ടുകൾ, തുടർനടപടി ശിപാർശകളുടെ വിശദാംശം എന്നിവ ബന്ധപ്പെട്ട രേഖകളും തീയതികളും സഹിതം വ്യക്തമാക്കാമോ;

(സി) എ.ഡി.എം. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് നാളിതുവരെ വിവിധ കോടതി വ്യവഹാരങ്ങൾക്കായി ഫീസിനത്തിലും ചെലവിനത്തിലും ഉൾപ്പെടെ സർക്കാർ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

2124 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്; ഇവയിൽ എത്ര എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന പ്രക്ഷോഭങ്ങൾ

2125 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് പോലീസ് എടുത്തിട്ടുള്ള കേസുകളുടെ എണ്ണവും അവയുടെ വിശദാംശവും ലഭ്യമാക്കാമോ;

(ബി) അതിൽ പിൻവലിക്കപ്പെട്ട കേസുകളുടെ എണ്ണവും അവയുടെ വിശദാംശവും ലഭ്യമാക്കാമോ;

(സി) നാളിതുവരെ പിൻവലിക്കപ്പെടാത്ത കേസുകളുടെ എണ്ണം അറിയിക്കാമോ; പ്രസ്തുത കേസുകൾ പിൻവലിക്കാത്തതിന് കാരണമെന്തെന്ന് വിശദമാക്കാമോ?

## ഗാർഹികപീഢനത്തെ തുടർന്ന് ഉണ്ടായ ആത്മഹത്യകൾ

2126 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ആളുകൾ ഗാർഹികപീഢനത്തിന് ഇരയായിട്ടുണ്ട്; ഗാർഹികപീഢനത്തെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സ്ത്രീകൾ കുഞ്ഞുങ്ങളോടൊപ്പം ആത്മഹത്യ ചെയ്ത എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര കേസുകൾ ഗാർഹിക പീഢനത്തെ തുടർന്നാണ്; ഇത്തരം എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വർഷം തിരിച്ചു വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ

2127 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മോഷണക്കുറ്റം ആരോപിച്ച് ദളിത് യുവതിയെ പോലീസ് സ്റ്റേഷനിൽ മാനസികമായി പീഡിപ്പിച്ച സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്നും ഇക്കാര്യത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റക്കാർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പോലീസ് നടപടി

2128 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എഫ്.ഐ.ആർ. നമ്പർ അറിയിക്കാമോ; അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനിൽ ഉൾപ്പെട്ട മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അക്കൗണ്ടുകൾ മരവിപ്പിച്ചെന്നും എത്ര തുക കണ്ടുകെട്ടിയെന്നും വിശദമാക്കാമോ;

(സി) സൈബർ ക്രൈമുകളുടെയും വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകളുടെയും എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രതിരോധ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) വ്യാജ രേഖകൾ ഉപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തുന്നതിൽ ഉൾപ്പെട്ട സംഘങ്ങളെ തിരിച്ചറിയുന്നതിനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുമായി പോലീസിന് ലഭ്യമായ സാങ്കേതിക സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും മതിയായതാണോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഈ മേഖലയിൽ കൂടുതൽ സാങ്കേതിക പിന്തുണ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) 2025 - ൽ കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ മുമ്പാകെ ഇത്തരം വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ തട്ടിപ്പിന് ഇരയായ ഏതെങ്കിലും വ്യക്തി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

## പൂക്കോട് സർവകലാശാലയിലെ വെറ്ററിനറി വിദ്യാർത്ഥിയുടെ കൊലപാതകം

2129 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് സർവകലാശാലയിലെ വെറ്ററിനറി വിദ്യാർത്ഥി സിദ്ധാർത്ഥന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ കൊലപാതകത്തിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്?

## അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി

2130 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ അയിരൂർപാടം ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത കൊലപാതക കേസിന്റെ തുടർനടപടി വേഗത്തിലാക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വളയം പോലീസ് സ്റ്റേഷൻ പരിധിയിൽ ഉണ്ടായ സംഘട്ടനം

2131 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വളയം പോലീസ് സ്റ്റേഷൻ പരിധിയിൽ ഓണത്തിനോടനുബന്ധിച്ച് ഉണ്ടായ പ്രശ്നത്തിൽ രജിസ്റ്റർ ചെയ്ത കേസിന്റെ വിശദാംശം നൽകുമോ;

(ബി) റിമാൻഡ് റിപ്പോർട്ടിൽ വർഗീയ പരാമർശം ചേർത്തുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എഫ്. ഐ. ആർ. ന്റെയും റിമാൻഡ് റിപ്പോർട്ടിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

## കണ്ണനല്ലൂർ പൊലീസ് മർദിച്ചെന്ന ആരോപണം

2132 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണനല്ലൂർ പൊലീസ് മർദിച്ചെന്ന ആരോപണം ഉന്നയിച്ച പ്രമുഖരാഷ്ട്രീയകക്ഷിയുടെ നെടുമ്പന നോർത്ത് ലോക്കൽ സെക്രട്ടറിക്കെതിരേ പൊലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എഫ്. ഐ. ആർ. രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മേലാറ്റൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസ് നമ്പർ 580/2022

2133 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറവ വില്ലേജിൽപ്പെട്ട കരിഞ്ചാപ്പാടി പ്രദേശത്തെ ഷഫീഖ്, മുബഷിർ, നിഷാദ്, ഉബൈദ് എന്നിവരുടെ പേരിൽ മേലാറ്റൂർ പോലീസ് 25.10.2022 -ൽ 580/2022 നമ്പരായി എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരുന്ന കേസിൽ, കെമിക്കൽ എക്സാമിനേഷൻ ലാബിൽ നിന്നും പരിശോധനാ റിപ്പോർട്ട് വന്നപ്പോൾ അത് പോലീസ് പറഞ്ഞപ്രകാരമുള്ള എം.ഡി.എം.എ. ആയിരുന്നില്ലെന്നും 'വുഡ് റോസിൻ' എന്നൊരു വസ്തു മാത്രമാണെന്നും തെളിഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേസിൽ അകപ്പെട്ടതുകൊണ്ടുണ്ടായ മാനസികപ്രയാസത്തിൽ ഹൃദയാഘാതം ഉണ്ടായി ഷഫീഖ് മരണമടയുകയും ഈ നാല് കുടുംബങ്ങൾക്കും സമൂഹമദ്ധ്യത്തിൽ മാനഹാനിയുണ്ടാവുകയും വലിയ തോതിലുള്ള സാമ്പത്തികനഷ്ടങ്ങളും തൊഴിൽ നഷ്ടങ്ങളും ഉണ്ടാവുകയും ചെയ്തതായ പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കൃത്രിമമായി കേസുണ്ടാക്കിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## അരിമ്പൂർ സ്വദേശിക്ക് അന്തിക്കാട് പോലീസ് സ്റ്റേഷനിൽ മർദ്ദനമേറ്റ സംഭവം

2134 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിമ്പൂർ സ്വദേശിയായ യുവാവിന് അന്തിക്കാട് പോലീസ് സ്റ്റേഷനിൽനിന്ന് മർദ്ദനമേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായ പൊലീസുകാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>നിരപരാധിയെ വ്യാജതെളിവുണ്ടാക്കി കേസിൽപ്പെടുത്തിയ നടപടി</u>

2135 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ പുറക്കാട് ഒറ്റപ്പന സ്വദേശിനിയായ മധ്യവയസ്കയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് നിരപരാധിയായ വ്യക്തിയെ അറസ്റ്റ് ചെയ്ത് മാനസിക പീഡനത്തിന് ഇരയാക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) നിരപരാധിയെ കേസിൽ കുടുക്കുന്നതിനുവേണ്ടി വ്യാജ തെളിവുകൾ സൃഷ്ടിച്ച് ഗുരുതര കൃത്യവിലോപം നടത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇവർക്കെതിരെ നാളിതുവരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസിൽ യഥാർത്ഥ പ്രതികളെ പോലീസ് പിടികൂടിയിട്ടുണ്ടോ; നിരപരാധിയെ കൊലക്കുറ്റത്തിൽ പ്രതിയാക്കി പീഡിപ്പിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കസ്റ്റഡി മർദ്ദനങ്ങൾ</u>

2136 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ വിശദാംശം കേസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## <u>പോലീസ് മർദനത്തിന് ഇരയായവർ</u>

2137 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും പുറത്തും പോലീസ് മർദനത്തിന് ഇരയായവരുടെ വിവരം പോലീസ് സ്റ്റേഷൻ

അടിസ്ഥാനമാക്കി ലഭ്യമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും പുറത്തും പോലീസ് മർദനത്തിന് ഇരയായവർ സർക്കാരിനും പോലീസിനും കോടതികളിലും ഇതുമായി ബന്ധപ്പെട്ട് പരാതികൾ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരാതികളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പരാതികളിൽ പരിഹരിക്കപ്പെട്ടവയുടെ വിവരം വിശദമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും പുറത്തും പോലീസ് മർദനത്തിന് വിധേയരായി മരണപ്പെട്ടവരുടെ വിവരം ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും പുറത്തും പോലീസ് മർദനത്തിന് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സർക്കാർ നഷ്ടപരിഹാരവും മറ്റ് സമാശ്വാസ നടപടികളും നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) 2016 മുതൽ നാളിതുവരെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലും പുറത്തും ഉണ്ടായിട്ടുള്ള പോലീസ് മർദനത്തിന് കാരണക്കാരായ പോലീസുകാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം</u>

2138 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം അറിയിക്കാമോ;

(ബി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസുദ്യോഗസ്ഥർക്കെതിരെ ലഭിച്ച പരാതികളുടെ എണ്ണം എത്രയെന്നും എത്ര റിപ്പോർട്ടുകൾ സർക്കാരിന് നൽകിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും തീർപ്പാക്കിയ പരാതികളിൽ എത്ര അപ്പീലുകൾ ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ശിപാർശകളിൽ സർക്കാർ കൃത്യമായി നടപടി സ്വീകരിക്കുന്നില്ലായെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(ഇ) പോലീസ് മർദ്ദനം, കസ്റ്റഡി മരണം തുടങ്ങിയ ഗൗരവമേറിയ കുറ്റങ്ങളിൽ സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അധികാരം പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് നൽകണമെന്ന ആവശ്യത്തിൽ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>യുവാവ് പോലീസ് മർദ്ദനത്തിന് ഇരയായത്</u>

2139 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പൂഴനാട് എന്ന സ്ഥലത്ത് വിഷാദരോഗിയായ ചെറുപ്പക്കാരൻ പോലീസ് മർദ്ദനത്തിന് ഇരയായ സംഭവത്തിൽ, ബന്ധപ്പെട്ടവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**പൊലീസ് മർദ്ദനം**

2140 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന സ്വദേശിയെ കൊല്ലം കണ്ണനല്ലൂർ പൊലീസ് മർദ്ദിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷനിലെത്തിയ ഈ വ്യക്തി സംഘർഷമുണ്ടാക്കി എന്നതു കാണിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; വിശദാംശം നൽകാമോ;

(സി) ഒരു കേസിന്റെ മധ്യസ്ഥചർച്ചയ്ക്കായി സ്റ്റേഷനിലെത്തിയ ഈ വ്യക്തിയെ സി. ഐ. ഒരു കാരണവുമില്ലാതെ ഉപദ്രവിച്ചെന്ന ഇയാളുടെ ആരോപണത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**പൊലീസ് അതിക്രമങ്ങൾ**

2141 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സ്റ്റേഷനിൽ പൊതുജനങ്ങൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കസ്റ്റഡി മരണങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പോലീസ് ഉദ്യോഗസ്ഥരെ പിരിച്ചു വിട്ടിട്ടുണ്ട്; വിശദമാക്കാമോ?

**പേരാമ്പ്രയിൽ പുതിയ ട്രാഫിക് യൂണിറ്റ്**

2142 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയിൽ (പി. യു. കെ. സി.) നടുവണ്ണൂർ മുതൽ ചെറിയ കുമ്പളം വരെയുള്ള പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധിയിൽ 22 കി.മീ. ദൂരം വരുന്ന റോഡിൽ നിരന്തരമുണ്ടാകുന്ന വാഹനാപകടങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പേരാമ്പ്ര നഗരത്തിലുണ്ടാകുന്ന ഗതാഗത തിരക്ക് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പേരാമ്പ്രയിലെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം ഉപയോഗപ്പെടുത്തികൊണ്ട് ഒരു ട്രാഫിക് യൂണിറ്റ് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്

നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

**പോലീസ് സ്റ്റേഷനുകളിലെ നിരീക്ഷണ ക്യാമറകൾ**

2143 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെയുള്ള പോലീസ് സ്റ്റേഷനുകളിൽ എത്രയെണ്ണത്തിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ അവ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധന നടത്തിയ പോലിസ് സ്റ്റേഷനുകളുടെ എണ്ണവും ഏത് ഏജൻസിയാണ് പരിശോധന നടത്തിയതെന്നും വ്യക്തമാക്കാമോ;

(സി) നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള മുഴുവൻ പോലീസ് സ്റ്റേഷനുകളിലും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗത്തോട് ശുപാർശ ചെയ്യാമോ; വിശദമാക്കുമോ?

**അട്ടപ്പാടി അഗളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ**

2144 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി അഗളി പോലീസ് 22.09.2023-ന് രജിസ്റ്റർ ചെയ്ത 153/2023 നമ്പർ എഫ്.ഐ.ആർ.മായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന് എത്ര അന്വേഷണറിപ്പോർട്ടുകൾ ലഭിച്ചുവെന്നും റിപ്പോർട്ടുകളിൽ എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുവെന്നും വിശദമാക്കാമോ;

(ബി) അന്വേഷണ റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അട്ടപ്പാടി അഗളി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര വിജിലൻസ് കേസുകൾ എടുത്തുവെന്നും അതിൽ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**ആലത്തൂർ, മംഗലംഡാം, കുഴൽമന്ദം പോലീസ് സ്റ്റേഷനുകളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

2145 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ, മംഗലംഡാം, കുഴൽമന്ദം പോലീസ് സ്റ്റേഷനുകളിൽ 2016 മുതൽ നാളിതുവരെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കേരളാ അക്കാഡമി ഓഫ് ഫാർമസിയുമായി ബന്ധപ്പെട്ട മാറനല്ലൂർ പോലീസ് സ്റ്റേഷനിലെ പരാതികൾ**

2146 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഓഫ് ഫാർമസിയുമായി ബന്ധപ്പെട്ട് മാറനല്ലൂർ പോലീസ് സ്റ്റേഷനിലും സമീപസ്റ്റേഷനുകളിലും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## നിലമ്പൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

2147 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ നിലമ്പൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കരീലക്കുളങ്ങര പോലീസ് സ്റ്റേഷന്റെ നിർമ്മാണം

2148 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ നിർത്തലാക്കിയ പോലീസ് ഔട്ട് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി

2149 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ നിർത്തലാക്കിയ പോലീസ് ഔട്ട് പോസ്റ്റ് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തിരൂരങ്ങാടി ചെമ്മാട് പോലീസ് വകുപ്പിന്റെ ഭൂമിയിൽ പുതിയ നിർമ്മാണം

2150 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ചെമ്മാട് പോലീസ് ക്വാർട്ടേഴ്സുകൾ സ്ഥിതിചെയ്യുന്ന ഭൂമിയിൽ ബസ് സ്റ്റാൻഡ് വിത്ത് പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഉപയോഗശൂന്യമായി കിടക്കുന്ന ഈ സ്ഥലത്ത് അണ്ടർഗ്രൗണ്ട് പാർക്കിംഗ്, ബസ് സ്റ്റാൻഡ്, വശങ്ങളിലുള്ള കെട്ടിടങ്ങളിൽ പോലീസിന്റെ ഓഫീസ് കെട്ടിടങ്ങളും പോലീസ് ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണം നടത്തുകയാണെങ്കിൽ സർക്കാരിന് ലഭിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## കോഴിച്ചെന ആർ. ആർ. ആർ. എഫ്. ക്യാമ്പ് കെട്ടിട നിർമ്മാണം

2151 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കോഴിച്ചെന ആർ. ആർ. ആർ. എഫ്. (റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ്) ക്യാമ്പിലെ കെട്ടിടങ്ങൾ 100 വർഷത്തിലധികം പഴക്കമുള്ളതാണെന്നും ഏതുസമയത്തും ഇടിഞ്ഞുവീഴാവുന്ന അവസ്ഥയിലാണെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 100 വർഷത്തിലധികം പഴക്കമുള്ള ഈ കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി സർക്കാർ ലഭ്യമാക്കുമോ; വിശദമാക്കാമോ;

(സി) കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായ ഈ കെട്ടിടങ്ങൾ ഇടിഞ്ഞുവീഴുകയാണെങ്കിൽ ഉണ്ടാകാവുന്ന അപകടസ്ഥിതി നേരിടാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ഡി) 100 വർഷങ്ങൾ പിന്നിട്ട ഈ കെട്ടിടങ്ങൾക്ക് നിലവിൽ ഫിറ്റ്നസ് ലഭ്യമാണോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗശൂന്യമായിട്ടും ഇവ പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

## എറണാകുളം സിറ്റി പോലീസ് കമ്മീഷണർ ഓഫീസ് നിർമ്മാണം

2152 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറൈൻ ഡ്രൈവിൽ പണിയുന്ന എറണാകുളം സിറ്റി പോലീസ് കമ്മീഷണർ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്; ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ നിർമ്മാണം

2153 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മാവേലിക്കര പോലീസ് ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

2154 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പോലീസ് ക്വാർട്ടേഴ്സ് ശോചനീയാവസ്ഥയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പോലീസ് ക്വാർട്ടേഴ്സിനായി ആധുനിക നിലവാരത്തിലുള്ള ബഹുനില മന്ദിരം നിർമ്മിക്കുന്നത് പരിഗണിക്കുമോ; ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## <u>ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>

2155 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ 20% തുക വകയിരുത്തിയ ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2024-25 ബജറ്റിൽ അനുവദിച്ച 2 കോടി രൂപയ്ക്ക് പുറമേവരുന്ന തുക ആഭ്യന്തരവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ കണ്ടെത്തുന്നതിന് നടപടി</u>

2156 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമ പഞ്ചായത്തിൽ കണ്ണവം സങ്കേതത്തിൽ നരിക്കോടൻ മേൽവിലാസത്തിൽ താമസിച്ചിരുന്ന 40 വയസ്സുള്ള സിന്ധു എൻ. എന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതിയെ 31-12-2024 മുതൽ കാണാതായത് സംബന്ധിച്ച പോലീസ് അന്വേഷണ പുരോഗതി വിശദമാക്കാമോ?

## <u>പോലീസ് ആശുപത്രികളിലെ ഡോക്ടർമാരുടെ നിയമനം</u>

2157 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് ആശുപത്രികളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന മെഡിക്കൽ ഓഫീസർ തസ്തികയിലേക്കുള്ള നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ബി) അന്യത്ര സേവനവ്യവസ്ഥ ചട്ടങ്ങൾ പാലിച്ചാണോ നിയമനം നടത്തുന്നത്; വിശദമാക്കാമോ; പ്രസ്തുത നിയമനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുൻ കാലങ്ങളിൽ മെഡിക്കൽ ഓഫീസർമാർ ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വഴി വർഷങ്ങളായി വിവിധ സ്ഥാപനങ്ങളിൽ തുടരുന്നതിൽ അഴിമതി നടന്നിട്ടുണ്ടോ എന്നുള്ള കാര്യം അന്വേഷണത്തിന് വിധേയമാക്കുമോ; വ്യക്തമാക്കുമോ;

(ഡി) ട്രാൻസ്ഫർ വഴി നിയമിതരായ മെഡിക്കൽ ഓഫീസർമാർ എത്ര വർഷം വരെ ഇങ്ങനെ വിവിധ സ്ഥാപനങ്ങളിൽ തുടർന്നു എന്നുള്ള കാര്യം വ്യക്തമാക്കാമോ; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

## കേരള പോലീസ് ഫോറൻസിക് വിഭാഗത്തിലെ തസ്തികകൾ

2158 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഫോറൻസിക് വിഭാഗത്തിൽ ആകെ എത്ര സ്ഥിരം തസ്തികകളുണ്ട്;

(ബി) പ്രസ്തുത തസ്തികകളുടെ പേരും എണ്ണവും നിലവിലുള്ള ഒഴിവുകളുടെ എണ്ണവും നൽകാമോ;

(സി) 2025 ഒക്ടോബർ 1 മുതൽ 2028 ഓഗസ്റ്റ് 31 വരെ സയന്റിഫിക് ഓഫീസർ (കെമിസ്ട്രി), സയന്റിഫിക് ഓഫീസർ (ഫിസിക്സ്), സയന്റിഫിക് ഓഫീസർ (ബയോളജി), സയന്റിഫിക് ഓഫീസർ (ഡോക്യുമെന്റ്സ്) എന്നീ തസ്തികകളിൽ നിലവിലെ ഉദ്യോഗസ്ഥർ വിരമിക്കുന്നതുമൂലം എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നു; തസ്തിക, വർഷം, മാസം എന്നിവ തിരിച്ച് വിവരം നൽകാമോ?

## ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ നിയമനങ്ങൾ സംബന്ധിച്ച വിജിലൻസ് അന്വേഷണം

2159 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യകതമാക്കാമോ;

(സി) പ്രസ്തുത അന്വേഷണത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചില്ലായെങ്കിൽ ആയത് എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എങ്കിൽ എന്ത് കാരണത്താലാണ് അന്വേഷണം വൈകുന്നതെന്ന് വ്യക്തമാക്കാമോ?

## അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് എടുത്ത കേസ്സുകൾ

2160 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം മാറുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കി അഴിമതി കുറച്ചുകൊണ്ടുവരുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ സർവീസിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ടെന്ന വിവരം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ വിജിലൻസ് എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

## കൈക്കൂലി കേസ്സിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

2161 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷ കാലയളവിൽ കൈക്കൂലി കേസ്സിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ വർഷം തിരിച്ചുള്ള കണക്ക് നൽകാമോ ; ടി ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്ന വകുപ്പുകളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇക്കാലയളവിനുള്ളിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥർ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഉദ്യോഗസ്ഥരുടെ കൈക്കൂലി പൂർണ്ണമായും തുടച്ചു നീക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## പുതിയ മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടി

2162 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് കൂടുതൽ കോടതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി മജിസ്ട്രേറ്റ് കോടതികൾ തുടങ്ങുന്നതിന് ഏതെങ്കിലും മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിൽ ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## നിലമ്പൂർ കോടതി സമുച്ചയത്തിലെ സ്ഥലപരിമിതിയും കോടതികളുടെ പ്രവർത്തനവും

2163 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ കോടതി സമുച്ചയത്തിലെ സ്ഥലപരിമിതികൊണ്ട് ജെ. എഫ്. സി. എം. കോടതിയും മുൻസിഫ് മജിസ്ട്രേറ്റ് കോടതിയും കൂടി എം. എം. കോടതിയായിട്ടാണ് പ്രവർത്തിക്കുന്നത് എന്നതിനാലും ആഴ്ചയിൽ മൂന്ന് ദിവസം വീതം മാത്രമാണ് രണ്ട് കോടതികളിലുമായിട്ട് കേസ് തീർപ്പാക്കൽ നടക്കുന്നത് എന്നതിനാലും രണ്ട് കോടതികളിലും കൂടി ഒരു മുൻസിഫ് മജിസ്ട്രേറ്റ് മാത്രമാണുള്ളത് എന്നതിനാലും ആയത് ബൈഫർക്കേഷൻ (വിഭജനം) നടത്തുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) നിലമ്പൂർ കോടതി സമുച്ചയത്തിന്റെ കെട്ടിടനിർമാണത്തിനു വേണ്ടി തുക നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണത്തിൽ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) മുൻസിഫ് കോടതിയിലേക്കാവശ്യമായ സ്റ്റാഫ് ഫിക്സേഷൻ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## പഴയ കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി.

2164 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ (കെ.എം.ബി.ആർ./ കെ.പി.ബി.ആർ.-2019) നിലവിൽ വരുന്നതിന് മുമ്പ് നിർമ്മിച്ചതും പ്രവർത്തനാനുമതി ലഭിച്ചതുമായ കെട്ടിടങ്ങൾക്ക് കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്ന് ഫയർ എൻ.ഒ.സി. അനുവദിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ, സാധിക്കുമെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ ആധുനികവൽക്കരണം

2165 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് 2016 കാലഘട്ടം മുതൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ആലപ്പുഴ ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഫയർ ആൻഡ് റെസ്ക്യൂ സേനയിലെ പുതിയ സംവിധാനങ്ങൾ

2166 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിലവിൽ പ്രയോഗത്തിലിരിക്കുന്നതും ഉപയോഗിക്കാൻ പദ്ധതിയിട്ടിരിക്കുന്നതുമായ പുതിയ സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സേനയിൽ ഡ്രോൺ ഉപയോഗിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ബഹുനില കെട്ടിടങ്ങളിൽ തീ അണയ്ക്കൽ പ്രവർത്തനങ്ങൾ നടത്തുക, രക്ഷാപ്രവർത്തകർക്ക് എത്തിപ്പെടാൻ സാധിക്കാത്ത സ്ഥലങ്ങളിൽ അപകടത്തിൽപ്പെട്ടവരെ കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി ഡ്രോൺ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തം സ്ഥലവും കെട്ടിടവും

2167 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ മിനി മൾട്ടി-യൂട്ടിലിറ്റി വാഹനം അനുവദിക്കുന്നതിന് നടപടി

2168 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളും ഇടുങ്ങിയ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന വടക്കാഞ്ചേരി മേഖലയിൽ അപകടങ്ങൾ സംഭവിക്കുമ്പോൾ വലിയ ഫയർ ആൻഡ് റെസ്ക്യൂ വാഹനങ്ങൾ എത്തിച്ചേരുന്നത് പ്രയാസകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വടക്കാഞ്ചേരി ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റ് വടക്കാഞ്ചേരി, ചേലക്കര എന്നീ രണ്ട് മണ്ഡലങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ചുമതലയുള്ള ഏക യൂണിറ്റാണെന്നത് പരിഗണിച്ച് പ്രസ്തുത യൂണിറ്റിന് ഒരു മിനി മൾട്ടി-യൂട്ടിലിറ്റി വാഹനം അത്യന്താപേക്ഷിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വടക്കാഞ്ചേരി ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റിന് മിനി മൾട്ടി-യൂട്ടിലിറ്റി വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ

2169 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

## നെടുങ്കണ്ടം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

2170 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി എത്ര രൂപയാണ് നവകേരള സദസുമായി ബന്ധപ്പെട്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ട് പ്രയോജനപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശം നൽകാമോ?

## വാമനപുരം മണ്ഡലത്തിലെ അഗ്നിരക്ഷാനിലയങ്ങൾ

2171 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാലോട് അനുമതിയായ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2025-26 സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ ഒരു കോടി രൂപയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ തൽസ്ഥിതി അറിയിക്കാമോ;

(സി) പുതിയ കെട്ടിടത്തിനായി മറ്റേതെങ്കിലും ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) മണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന വെഞ്ഞാറമൂട് അഗ്നിരക്ഷാനിലയത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിടത്തിനായി പൊതുമരാമത്ത് വകുപ്പ് മുഖാന്തരം സമർപ്പിച്ച മിച്ചമുള്ള പ്രവൃത്തികളുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ഗുരുവായൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

2172 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം നിർമ്മിച്ചു നൽകുന്ന ഗുരുവായൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഗുരുവായൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം എന്നേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കാമോ?

## തടവുകാരുടെ മാനസികാരോഗ്യ പരിശോധനയും കൗൺസിലിംഗ് സേവനങ്ങളും

2173 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ മാനസികാരോഗ്യ പരിശോധനയ്ക്കും കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ജയിൽ നവീകരണവും പരിഷ്കാരങ്ങളും

2174 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിലുകളിൽ നടപ്പാക്കിയ പുതിയ പരിഷ്കാരങ്ങളെ കുറിച്ച് വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലാ ജയിൽ നവീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ നിലവിലെ ജയിലുകൾക്കു പുറമേ പുതിയ ജയിലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## തവനൂർ സെൻട്രൽ ജയിലിൽ ആശുപത്രി നിർമ്മിക്കാൻ നടപടി

2175 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുന്നൂറ്റി അൻപതിലധികം തടവുകാരുള്ള തവനൂർ സെൻട്രൽ ജയിലിൽ നിലവിൽ ആശുപത്രിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടവുകാരെ സ്ഥിരമായി ചികിത്സയ്ക്ക് പുറത്തുകൊണ്ടുപോകുകയെന്നത് പ്രയാസപ്പെട്ട കാര്യമായതിനാൽ ജയിലിൽ ആശുപത്രി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ജയിലിലെ ജീവനക്കാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സില്ലാത്തതിനാൽ പരിസരത്തു നിന്നുമാറി വാടകക്കെട്ടിടങ്ങളിൽ താമസിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവിടെ ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## അച്ചടിവകുപ്പിന് കീഴിലെ ബൈട്രാൻസ്ഫർ നിയമനം

2176 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ.സെൻട്രൽ പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 09/09/2025-ലെ 6771/2025/ ജി.സി.പി.ഇ.6 നമ്പർ സർക്കുലർ പ്രകാരം ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പുതലത്തിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും പരാതിയുമായി ബന്ധപ്പെട്ട് നാളിതുവരെ വകുപ്പിൽ നടന്ന നടപടിക്രമങ്ങളുടെ ഫയൽ നോട്ടുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഈ സർക്കുലറിൽ (6771/2025/ജി.സി.പി.ഇ.6) പരാമർശിക്കാത്ത സാങ്കേതികവിഭാഗം ജീവനക്കാരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ ആധികാരികത വകുപ്പുതലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ഫയൽ നോട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; പരിശോധിച്ചിട്ടില്ലെങ്കിൽ ആയത് പരിശോധിക്കേണ്ട എന്ന് വകുപ്പുതലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കോഴിക്കോട് ജില്ലാ സ്റ്റേഷനറി ഓഫീസിന്റെ പ്രവർത്തനം.

2177 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. പ്രസ്സിൽ നിന്ന് സർക്കാർ അംഗീകൃത ഏജൻസികൾക്ക് നൽകാൻ ആവശ്യമായ സർവീസ് ബുക്ക്, പെൻഷൻ ബുക്ക്, മറ്റു സർവീസ് രജിസ്റ്ററുകൾ മുതലായവ ആവശ്യത്തിന് ലഭ്യമാക്കാതിരിക്കുന്നതും ഗുണമേന്മയില്ലാത്ത പേപ്പറുകൾ, സ്റ്റേഷനറികൾ എന്നിവ സപ്ലൈ ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇവിടെ നിന്നും വിതരണം ചെയ്യുന്ന പേപ്പറുകൾ, സ്റ്റേഷനറി സാധനങ്ങൾ മുതലായവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## കരി ഓയിൽ കോഴ

2178 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരി ഓയിൽ കമ്പനിയെക്കുറിച്ച് പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാവ് മുഖ്യമന്ത്രിക്ക് നൽകിയ പ്രധാന പരാതി എന്തായിരുന്നു;

(ബി) 2024 ഡിസംബർ 19 മുതൽ 2025 ജനുവരി 20 വരെയുള്ള കാലയളവിൽ ഇദ്ദേഹത്തിന്റെയും സുഹൃത്തിന്റെയും അക്കൗണ്ടുകളിലേക്ക് വന്ന തുക സംബന്ധിച്ച് കമ്പനിയുടെ ആരോപണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട ഹർജിയിലെ എതിർകക്ഷികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾ

2179 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർമെട്രോ ടെർമിനലുകളുടെ നിർമാണം മൂലം നിർമാണം ആരംഭിക്കാൻ സാധിക്കാത്ത വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിലെ പാലം നിർമാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ജിഡയും കിഫ്ബിയും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പാലങ്ങൾക്കായി നിർദേശിക്കപ്പെട്ട അലൈൻമെന്റുകളിൽ വാട്ടർമെട്രോ ടെർമിനലുകളുടെ നിർമാണത്തിനായി സ്ഥലം ഏറ്റെടുത്തിട്ടുള്ളതിനാൽ പാലം നിർമാണം സാധ്യമാവാത്ത പ്രശ്നം പരിഹരിക്കുന്നതിനായി വാട്ടർമെട്രോ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

## വെർച്വൽ ഓട്ടോപ്സി/ഡിജിറ്റൽ പോസ്റ്റ്മോർട്ടം

2180 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികത്വത്തിന്റെ പേരിൽ മാത്രം പോസ്റ്റ്മോർട്ടം വേണ്ടിവരുന്ന കേസുകളിൽ മൃതദേഹങ്ങൾ കീറി മുറിക്കാതെയുള്ള വെർച്വൽ ഓട്ടോപ്സി അഥവാ ഡിജിറ്റൽ പോസ്റ്റ്മോർട്ടം എന്ന രീതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) ഡെൽഹി എയിംസിൽ വെർച്വൽ ഓട്ടോപ്സിയുടെ നോഡൽ സെന്ററും ബാംഗ്ലൂർ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പോസ്റ്റുമോർട്ടം ഡിജിറ്റലാക്കിയ കേന്ദ്രങ്ങളും പ്രവൃത്തിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തും ഈ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## <u>ഇരവിപുരം മണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

2181 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ഇരവിപുരം മണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

## <u>കേരള അർബൻ കോൺക്ലേവ്</u>

2182 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിപ്പിച്ച കേരള അർബൻ കോൺക്ലേവ് 2025 -ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്രസർക്കാരുമായി എന്തെങ്കിലും ധാരണയിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) അർബൻ കോൺക്ലേവിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായ അതി ദാരിദ്ര്യനിർമ്മാർജ്ജനം നടപ്പിലാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; നിലവിൽ സംസ്ഥാനത്ത് അതി ദാരിദ്ര്യ മേഖലയിൽ ഉള്ള കുടുംബങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനം പൂർണമായും നഗരവൽക്കരിക്കപ്പെടുമ്പോൾ ഗ്രാമീണ മേഖലയ്ക്ക് നൽകിവരുന്ന കേന്ദ്രസഹായം നഷ്ടപ്പെടുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി</u>

2183 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനരുദ്ധരിക്കുമ്പോൾ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2.0 എന്ന ബോർഡ് സ്ഥാപിക്കുവാൻ നിർദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത

പദ്ധതിയുടെ പേര് മേൽപ്പറഞ്ഞ രീതിയിൽ പരിഷ്കരിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന് വിരുദ്ധമായ സമീപനമാണോ; അങ്ങനെയെങ്കിൽ പ്രസ്തുത നിർദേശം പിൻവലിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

## <u>ഗെയിൽ പൈപ്പ് ലൈൻ പദ്ധതിനേട്ടങ്ങൾ</u>

2184 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയിലൂടെ നാളിതുവരെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം നഗരങ്ങളിൽ നേരിട്ട് പ്രകൃതിവാതക വിതരണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്നത്തേക്ക് സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും പ്രകൃതി വാതകം വിതരണത്തിനായി നേരിട്ട് എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## <u>മുഖാമുഖം പരിപാടിയിൽ ചർച്ച ചെയ്ത പദ്ധതികൾ</u>

2185 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഏപ്രിൽ 21-ന് കാഞ്ഞങ്ങാട് നടന്ന ബഹു. മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയിൽ എത്ര പദ്ധതികളെക്കുറിച്ചാണ് ചർച്ച നടന്നതെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ചർച്ചയിൽ കാഞ്ഞങ്ങാട് ദേശീയ പൈതൃക ഇടനാഴി പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) കാഞ്ഞങ്ങാട് ദേശീയ പൈതൃക ഇടനാഴി പദ്ധതിയുടെ തുടർനടപടികൾക്കായി ജില്ലാ ഭരണകൂടത്തെ ചുമതലപ്പെടുത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരെ നാമനിർദ്ദേശം ചെയ്യൽ</u>

2186 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു സീറ്റിലേക്ക് ഭിന്നശേഷിക്കാരെ നാമനിർദ്ദേശം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡിഫറന്റ്ലി ഏബിൾഡ് പീപ്പിൾസ് കോൺഗ്രസ് കമ്മിറ്റി 12.3.25 ന് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരെ നാമനിർദ്ദേശം ചെയ്യുന്നതിനായി നിയമനിർമാണം നടത്തുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## <u>എരവത്ത്കുന്ന് ടൂറിസം പദ്ധതി</u>

2187 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിനോടനുബന്ധിച്ച് കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ അനുവദിച്ച എരവത്ത്കുന്ന് ടൂറിസം പദ്ധതി, ചുള്ളിക്കാട് ബ്രിഡ്ജ് എന്നീ പ്രവർത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**കായംകുളം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ**

2188 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ, അനുവദിച്ച തുക, നിർമ്മാണം പൂർത്തീകരിച്ചവ, ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് കാരണസഹിതം വ്യക്തമാക്കാമോ?

**കുട്ടനാട്ടിലെ എൻ.സി.സി. നാഷണൽ ട്രെയിനിങ് സെന്റർ**

2189 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിർദേശിച്ച എൻ.സി.സി. നാഷണൽ ട്രെയിനിങ് സെന്റർ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ അടിയന്തിരമായി പരിഹരിച്ച് പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**തിരുവല്ല മണ്ഡലത്തിലെ റോഡ് നിർമ്മാണം**

2190 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന തിരുവല്ല മണ്ഡലത്തിലെ ജനസേവ റോഡ്, പുളിക്കീഴ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിപ്പോയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ബാലുശ്ശേരി മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി ഭരണാനുമതി നൽകിയ പദ്ധതികൾ**

2191 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## നവകേരള സദസ്സിൽ ഉദുമ മണ്ഡലത്തിൽ നിന്ന് ലഭിച്ച അപേക്ഷകൾ

2192 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ നിന്ന് നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിൽ ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിൽ നിന്ന് ലഭിച്ചതും തീർപ്പാക്കിയതുമായ അപേക്ഷകളുടെ എണ്ണം വിശദമാക്കാമോ?

## തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ ആസ്തി വികസന പദ്ധതി

2193 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിലും മറ്റ് പദ്ധതികളിലും തുക വകയിരുത്തിയിട്ടും 10 വർഷത്തിലധികമായി ടെണ്ടർ എടുക്കുവാൻ കരാറുകാർ തയ്യാറാകാത്തതിനാൽ വെള്ളക്കെട്ടു കാരണം റോഡുകളെല്ലാം ഗതാഗത യോഗ്യമല്ലാതായതിനെത്തുടർന്ന് തീരദേശ മണ്ഡലം കൂടിയായ വൈപ്പിൻ മണ്ഡലത്തിന് അനുയോജ്യമായ കോസ്റ്റ് ഇൻഡക്സ് അനുവദിച്ച് കിട്ടുന്നതിനായി 20.04.2024 ന് സ്ഥലം എം.എൽ.എ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) കാലവസ്ഥാ വ്യതിയാനത്തെ തുടർന്നുള്ള ഓരുവെള്ള - കടലാക്രമണ ഭീഷണികളാൽ മണ്ഡലത്തിലെ റോഡുകളെല്ലാം തകർന്നു കിടക്കുന്നതിനാൽ തുക വകയിരുത്തിയിട്ടുള്ള റോഡ് പ്രവൃത്തികളെങ്കിലും പ്രാവർത്തികമാക്കുന്നതിനായി കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയുള്ള റോഡ് പ്രവൃത്തി സംബന്ധിച്ച വിഷയങ്ങളിൽ ധനകാര്യ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും കളക്ടേറ്റിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ഫയലുകളിൽ ദ്രുതഗതിയിലുള്ള തീരുമാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## കപ്പൽ മുങ്ങിയ സംഭവത്തിലെ പരിസ്ഥിതി ആഘാതം

2194 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് എം. എസ്. സി. എൽസ-3 കപ്പൽ കണ്ടെയ്നറുകളുമായി മുങ്ങിയ സംഭവത്തിൽ പരിസ്ഥിതി ആഘാതം കണ്ടെത്തിയിട്ടില്ലെന്ന് മലിനീകരണ

നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ രേഖകളിൽ പ്രതിപാദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച കേസിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം കമ്പനിയെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

## കെട്ടിട നിർമ്മാണത്തിലെ സി.ആർ.ഇസഡ്. നിയമ പ്രകാരമുള്ള മാനദണ്ഡങ്ങൾ

2195 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. മാനദണ്ഡ പ്രകാരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലെ കെട്ടിടനിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനുള്ള പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## എം. എസ്. സി. എൽസ-3

2196 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് എം. എസ്. സി. എൽസ-3 കപ്പൽ കണ്ടെയ്നറുകളുമായി മുങ്ങിയ സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ആർദ്രം പദ്ധതി

2197 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മട്ടന്നൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പി. എച്ച്. സി. കൾക്കാണ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

## കാരുണ്യ ഇൻഷുറൻസ് പദ്ധതി

2198 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ 2011 മുതൽ 2025 വരെ എത്ര കോടി രൂപയുടെ സൗജന്യചികിത്സയാണ് നൽകിയതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ കാസ്പ് പദ്ധതിയിലൂടെ എത്ര ഗുണഭോക്താക്കൾക്ക് ചികിത്സ ലഭ്യമായിട്ടുണ്ടെന്ന് ജില്ല, വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2011 മുതൽ 2025 വരെയുള്ള കാലയളവിൽ കാസ്പ് പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര ആശുപത്രികളിലാണ് ചികിത്സാ ആനുകൂല്യം ലഭ്യമാകുന്നതെന്ന് വർഷം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കാസ്പ് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ വകയിൽ ആശുപത്രികൾക്ക് പണം നൽകാനുണ്ടോ എന്നും എത്ര തുകയാണ് ആകെ നൽകാനുള്ളതെന്നും വിശദമാക്കുമോ?

## <u>അതിദരിദ്രർക്കായുള്ള ആരോഗ്യപരിപാലനം</u>

2199 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരെന്ന് കണ്ടെത്തിയിട്ടുള്ളവർക്ക് ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്; ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഇതിനായി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) കിടപ്പുരോഗികളായ അതിദരിദ്രർക്കും ഒറ്റയ്ക്ക് കഴിയുന്നവർക്കുമായി നല്കി വരുന്ന ആരോഗ്യ സേവനങ്ങൾ വിശദമാക്കാമോ?

## <u>108 ആംബുലൻസ് പദ്ധതി</u>

2200 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിൽ ഓരോ വർഷവും ജി. വി. കെ. എമർജൻസി മാനേജ്മെന്റ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഇ. എം. ആർ. ഐ.) എന്ന സ്ഥാപനത്തിന് എത്ര രൂപയാണ് കരാർ പ്രകാരമുള്ള കിലോമീറ്ററുകൾക്ക് പുറമെ അധിക കിലോമീറ്ററുകൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നൽകിയത് എന്ന വിവരം വർഷം തിരിച്ച നൽകാമോ?

## <u>ശ്രവണ ചികിത്സാ സഹായപദ്ധതികൾ</u>

2201 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രവണ വൈകല്യമുള്ള കുട്ടികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള സഹായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) നിശ്ചിത പ്രായപരിധി കഴിഞ്ഞാലും ചികിത്സാ പുരോഗതി ഉണ്ടാകുന്ന കേസുകൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>108 ആംബുലൻസ് പദ്ധതി</u>**

2202 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിലെ കരാർ പ്രകാരം ഏത് പ്രവർത്തനങ്ങൾക്കാണ് സർവീസ് നടത്തേണ്ടതെന്ന് വിശദമാക്കാമോ;

(ബി) കരാർ പ്രകാരമുള്ള സർവീസിന് പുറമെ വാഹനങ്ങൾ ഓടിയതിന് കമ്പനിക്ക് കെ. എം. എസ്. സി. എൽ. പണം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവീസുകൾക്ക് എത്ര തുകയാണ് നൽകിയതെന്ന് വിശദമാക്കാമോ;

(സി) 108 ആംബുലൻസ് പദ്ധതിയിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിലെ കരാർ പ്രകാരം ഓരോ വർഷവും എത്ര ആംബുലൻസുകൾ സർവീസ് നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ;?

**<u>കുട്ടികൾക്കായുള്ള ആരോഗ്യ സംരക്ഷണ പദ്ധതികൾ</u>**

2203 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കുട്ടികൾക്കും മതിയായ മെഡിക്കൽ സഹായവും ആരോഗ്യസംരക്ഷണവും നൽകണമെന്ന് കുട്ടികളുടെ അവകാശം സംബന്ധിച്ച യു.എൻ. കൺവൻഷൻ വ്യവസ്ഥ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുട്ടികളിലെ മാനസികവും ശാരീരികവുമായ വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളും നേരത്തെ കണ്ടെത്താനും സമയബന്ധിതമായി മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കിടപ്പു രോഗികളായ കുട്ടികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ എന്നിവർക്കായി പ്രത്യേക ഗൃഹകേന്ദ്രീകൃത ആരോഗ്യപരിചരണം നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നവജാതശിശു പരിചരണത്തിന് മികച്ച സൗകര്യങ്ങൾ സംസ്ഥാനം ഒരുക്കിയിട്ടുണ്ടോ; ഈ സർക്കാർ എല്ലാ താലൂക്ക് ആശുപത്രികളിലും നവജാതശിശു പരിചരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സ്പൈനൽ മസ്കുലാർ അട്രോഫി ബാധിതരുടെ ചികിത്സാ സഹായം</u>**

2204 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ രോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി ബാധിതർക്കായി കേരളം ആരംഭിച്ച കെ. എ. ആർ. ഇ. (കേരള എഗൈൻസ്റ്റ് റെയർ ഡിസീസസ്) പ്രോഗ്രാം എന്താണെന്നും ഇതിലൂടെ എത്ര കുട്ടികൾക്ക് മരുന്ന് നൽകാനായെന്നും വിശദീകരിക്കാമോ;

(ബി) ഭാരിച്ച ചെലവ് വരുന്ന ഈ രോഗികളുടെ തുടർ ചികിത്സ ഉറപ്പുവരുത്താൻ സർക്കാർ നടപ്പിലാക്കിയ വിഷുകൈനീട്ടം, ക്രൗഡ് ഫണ്ടിംഗ് എന്നിവയിലൂടെ എത്ര രൂപ നാളിതുവരെ സ്വരൂപിച്ചെന്നും ഇതിന്റെ ഭാഗമായി നൽകിയ ചികിത്സയുടേയും വിവരങ്ങൾ വിശദമാക്കാമോ;

(സി) മരണനിരക്ക് 60 ശതമാനത്തിനു മുകളിൽ ഉള്ള ഈ രോഗത്തിന് മരുന്ന് തുടർച്ചയായി ലഭിക്കുന്ന സാഹചര്യം ഉറപ്പുവരുത്താനും ചികിത്സ മുടങ്ങിയാൽ മാസങ്ങൾക്കുള്ളിൽ രോഗാവസ്ഥ മൂർച്ഛിച്ച് കുഞ്ഞുങ്ങൾ മരിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളുമായി യോജിച്ച് ഒരു ബഡ്ജറ്റ് ലൈൻ കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇവർക്കാവശ്യമായ മരുന്നുകൾ കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ഇ-ഹെൽത്ത് പദ്ധതി</u>

2205 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതി തുടങ്ങിയത് എന്ന് മുതലാണെന്നും ഇതിന്റെ നടത്തിപ്പിനായി ഓരോ വർഷവും ചെലവാക്കിയ തുകയുടെ വിശദാംശങ്ങളും നൽകാമോ;

(ബി) നിലവിൽ എത്ര ആശുപത്രികളാണ് ഇ ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും ഇതിൽ എത്ര സ്ഥലങ്ങളിൽ എല്ലാ മോഡ്യൂളും പൂർണമായി പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഇതുവരെ സ്ഥിര യു.എച്ച്.ഐ.ഡി.യും താൽക്കാലിക യു.എച്ച്.ഐ.ഡി.യും നൽകിയിട്ടുള്ളത് എത്ര ആളുകൾക്കാണെന്ന് വ്യക്തമാക്കാമോ; രോഗികൾക്ക് താൽക്കാലിക യു.എച്ച്.ഐ.ഡി. നൽകുന്നത് ഒരേ രോഗിക്ക് നിരവധി ആരോഗ്യ രേഖകൾ ആയി മാറുന്നതിലേക്ക് നയിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇ-ഹെൽത്ത് ഉപയോഗിക്കുന്ന രോഗികളെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും റഫർ ചെയ്യുമ്പോൾ അവരുടെ ആരോഗ്യ രേഖകൾ, റഫറൽ ആശുപത്രിയിൽ ഓൺലൈൻ ആയി ഡോക്ടർക്ക് കാണുവാനുള്ള സൗകര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റഫറൽ ആശുപത്രികളിലാണ് ഉള്ളത്; വിശദമാക്കാമോ;

(എഫ്) ഇ-ഹെൽത്ത് ഡോക്ടർ മൊഡ്യൂൾ, ലബോറട്ടറി മൊഡ്യൂൾ, ഫർമസി മൊഡ്യൂൾ എന്നിവയുടെ ഉപയോഗം നിലവിൽ എത്ര ശതമാനം ആണ്; ഇതിന്റെ ആശുപത്രി തിരിച്ചുള്ള കണക്ക് നൽകാമോ;

(ജി) ഇ-ഹെൽത്ത് പ്രൊജക്ട് യൂണിറ്റിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്നും പ്രൊജക്റ്റ് യൂണിറ്റിന്റെ ഓരോ വർഷത്തെയും പ്രവർത്തന ചെലവുകളുടെയും വിവരം വിശദമാക്കാമോ?

## കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ് പദ്ധതി

2206 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാൻസർ ചികിത്സയ്ക്കും പ്രതിരോധത്തിനും പരിഗണന നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) "കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്" പദ്ധതി വഴി മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) "കാരുണ്യ സ്പർശം-സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്" പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## എൻ. എച്ച്. എം. മുഖേന നടപ്പിലാക്കിയ പദ്ധതികൾ

2207 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻ. എച്ച്. എം. (നാഷണൽ ഹെൽത്ത് മിഷൻ) മുഖേന അരുവിക്കര മണ്ഡലത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

## ആരോഗ്യകിരണം പദ്ധതി

2208 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം പദ്ധതിയിൽ എന്തൊക്കെ ചികിത്സകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം നിലവിൽ സൗജന്യ ചികിത്സ അനുവദിക്കുന്നുണ്ടോ; എത്ര രൂപയുടെ ചികിത്സാസഹായമാണ് പരമാവധി നൽകുന്നത്; എത്ര രൂപ വരെയുള്ള ലബോറട്ടറി പരിശോധനകൾ ഈ പദ്ധതി പ്രകാരം നടത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ഈ വർഷം നാളിതുവരെ എത്ര കുട്ടികൾക്ക് ചികിത്സാസഹായം നൽകിയിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം നൽകാമോ?

## ആരോഗ്യകിരണം പദ്ധതി

2209 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം പദ്ധതിയിൽ കുടിശിക വിതരണം ചെയ്യാത്തതിനാൽ അർഹതപ്പെട്ട കുട്ടികൾക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന ഗുരുതരമായ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാരുണ്യ ചികിത്സാ പദ്ധതി

2210 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതിയിൽ എന്തൊക്കെ ചികിത്സകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം നിലവിൽ സൗജന്യ ചികിത്സ അനുവദിക്കുന്നുണ്ടോ; എത്ര രൂപയുടെ ചികിത്സാസഹായം വരെയാണ് ഈ പദ്ധതി പ്രകാരം പരമാവധി നൽകുന്നത്; ഈ പദ്ധതി പ്രകാരം എത്ര രൂപയുടെ വരെ ലബോറട്ടറി പരിശോധനകൾ നടത്തുവാൻ സാധിക്കുന്നതാണ്;

(സി) ഈ പദ്ധതി പ്രകാരം ഈ വർഷം നാളിതുവരെ എത്ര കുട്ടികൾക്കു ചികിത്സാസഹായം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ആശുപത്രി തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കുടിശിക വിതരണം ചെയ്യാത്തതിനാൽ അർഹതപ്പെട്ടവർക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന ഗുരുതരമായ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഡയാലിസിസ് യൂണിറ്റുകൾ

2211 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ എത്ര ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിൽ ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ

2212 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ നിത്യരോഗങ്ങൾ, മാതൃശിശു സംരക്ഷണം, പോഷകാഹാരം എന്നിവയെക്കുറിച്ച് സാധാരണ ജനങ്ങൾക്ക് ബോധവൽക്കരണം നടത്താൻ എന്തൊക്കെ പദ്ധതികൾ സർക്കാർ ഈ വർഷം ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ദേശീയ ആരോഗ്യ പദ്ധതി മുഖാന്തരം വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

2213 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യ പദ്ധതി (എൻ. എച്ച്. എം.) മുഖാന്തരം വാമനപുരം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിയിട്ടുള്ളതെന്നും അതിനായി ചെലവാക്കിയ തുക എത്രയാണെന്നും പ്രവൃത്തികളുടെ പുരോഗതിയും അറിയിക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ ആരോഗ്യ പദ്ധതികൾ</u>**

2214 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ വിവിധ ആരോഗ്യ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ എൻ. എച്ച്. എം. ഫണ്ട് പ്രയോജനപ്പെടുത്തി വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പാക്കിയതും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പേരുൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

**<u>ആശുപത്രികളുടെയും മെഡിക്കൽ കോളേജുകളുടെയും വീഴ്ചകൾ</u>**

2215 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളും മെഡിക്കൽ കോളേജുകളും അടക്കമുള്ള സ്ഥാപനങ്ങളിലെ ഏതെല്ലാം വീഴ്ചകളെ പറ്റി ആരോഗ്യ മന്ത്രി റിപ്പോർട്ട് തേടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; കണ്ടെത്തിയ വീഴ്ചകളും കിട്ടിയ റിപ്പോർട്ടിന്റെ പകർപ്പും സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കാമോ?

**<u>ഡയാലിസിസ് കേന്ദ്രങ്ങൾ</u>**

2216 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എത്ര ഡയാലിസിസ് കേന്ദ്രങ്ങൾ നിലവിലുണ്ട്; വിശദാംശം നൽകാമോ;

(ബി) സർക്കാർ ആശുപത്രികളിൽ പുതിയ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ;

(സി) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) മലപ്പുറം താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കൂത്തുപറമ്പ് താലൂക്ക് ആശുപത്രി

2217 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് താലൂക്ക് ആശുപത്രി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അനിവാര്യമായ തസ്തികകൾ സൃഷ്ടിച്ചും ജീവനക്കാരെ ക്രമീകരിച്ചും ആശുപത്രി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) കൂത്തുപറമ്പ് താലൂക്ക് ആശുപത്രി എന്ന് ഉദ്ഘാടനം ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ?

## അരുവിക്കര നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

2218 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം തിരിച്ച് അറിയിക്കാമോ?

## പോസ്റ്റ്മോർട്ടത്തിന് സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി.

2219 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ കൂത്താട്ടുകുളം, മുളന്തുരുത്തി എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ,വിശദമാക്കാമോ;

(ബി) ഇതുമൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ, വിശദമാക്കാമോ;

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റുമോർട്ടം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ,വിശദമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രങ്ങളിൽ പോസ്റ്റ്മോർട്ടം സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തതിന്റെ നിയമപരവും സാങ്കേതികപരവുമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സാ സൗകര്യങ്ങൾ

2220 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്ന സൗജന്യ ചികിത്സകൾ ( മരുന്ന്, എക്സ്റേ, സി.ടി.സ്കാൻ അടക്കം) കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ഏതെല്ലാം സൗകര്യങ്ങൾക്കും ചികിത്സയ്ക്കും വേണ്ടിയാണ് പണം നൽകേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കാസർകോട് ജനറൽ ആശുപത്രിയിൽ ജനങ്ങൾക്ക് ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതിൽ ഏതെല്ലാം ചികിത്സകൾക്കും സംവിധാനങ്ങൾക്കുമാണ് പണം നൽകേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർകോട് ജനറൽ ആശുപത്രിയിൽ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി എത്തുന്ന ഒരു രോഗി ഏതെല്ലാം ചികിത്സകൾക്ക് പണം നൽകേണ്ടി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; കേരളത്തിലെ മറ്റ് സർക്കാർ ആശുപത്രികളിലെയും സ്ഥിതി ഇതു തന്നെയാണോ എന്ന് വ്യക്തമാക്കാമോ?

## ചേലക്കര താലൂക്കാശുപത്രിയിലെ ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി

2221 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര താലൂക്കാശുപത്രിയിൽ ഒരു ദിവസം എത്ര വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിൽ എത്ര പേർ ചേലക്കര താലൂക്കാശുപത്രിയിൽ ഡയാലിസിസ് ചികിത്സാ സൗകര്യം ലഭിക്കുന്നതിനായി ബുക്ക് ചെയ്തു വെയിറ്റിംഗ് ലിസ്റ്റിലുണ്ട് എന്ന വിവരം അറിയിക്കാമോ;

(സി) പ്രസ്തുത ചികിത്സാ സൗകര്യം ഒറ്റദിവസം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ

2222 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി പൂർത്തിയായതിന്റെയും നടന്നുകൊണ്ടിരിക്കുന്നതിന്റെയും വിശദാംശം പ്രത്യേകം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## കോന്നി താലൂക്ക് ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

2223 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) കോന്നി മണ്ഡലത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളായ മലയാലപ്പുഴ, കൂടൽ, മൈലപ്ര, കൊക്കാത്തോട് എന്നിവയുടെ നിർമ്മാണ പുരോഗതിയും നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച 8 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**<u>നെടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കൽ</u>**

2224 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം രാമ റാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിൽ നിലവിൽ അനുവദനീയമായ ഡോക്ടർമാരുടെ തസ്തികകൾ എത്രയെന്നും ഏതെല്ലാം വിഭാഗങ്ങളിലാണ് ഡോക്ടർമാരുടെ അംഗീകൃത തസ്തികകൾ ഉള്ളതെന്നും അംഗീകൃത തസ്തികകളിലെല്ലാം ഡോക്ടർമാരുടെ സേവനം നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ താത്കാലികാടിസ്ഥാനത്തിൽ എത്ര ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നും ആയത് ഏതെല്ലാം വിഭാഗങ്ങളിലാണെന്നും പ്രസ്തുത ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണോയെന്നും അറിയിക്കാമോ;

(സി) നെടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ അനിവാര്യമായതും എത്രയും വേഗം സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ചും അതിൽ സത്വരമായി നിയമനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിര നിർമ്മാണം</u>**

2225 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി നാലു കോടി രൂപ അനുവദിച്ചതും ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണമ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതുമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ?

**<u>ഇടയാഴം ഫാമിലി ഹെൽത്ത് സെന്ററിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം</u>**

2226 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടയാഴം ഫാമിലി ഹെൽത്ത് സെന്ററിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഐസൊലേഷൻ വാർഡ് നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്ക് എന്നത്തേക്ക് തുറന്നു കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വാർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

**ഇരവിപുരം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

2227 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം ഇരവിപുരം മണ്ഡലത്തിൽ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത്; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഉയർത്തുമ്പോൾ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് കൂടുതലായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

**കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടി**

2228 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ലെ ബജറ്റിൽ ഉൾപ്പെടുത്തി അഞ്ചു കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കിയ, ആറ്റിങ്ങൽ മണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**വലിയ കുന്ന് താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ**

2229 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വലിയ കുന്ന് താലൂക്ക് ആശുപത്രിയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പുതിയ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ?

**പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

2230 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

**മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രി നിർമ്മാണം**

2231 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

2232 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരുടെയും, സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ സേവനം

2233 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

2234 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവ. താലൂക്ക് ആശുപത്രിയിൽ ദിനംപ്രതി ചികിത്സ തേടിയെത്തുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്ക് ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ച് നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പശ്ചാത്തല സൗകര്യ വികസനത്തോടൊപ്പം താലൂക്ക് ആശുപത്രി നിലവാരത്തിൽ ആവശ്യമായ ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പുതിയതായി ആരംഭിച്ച കുറ്റിപ്പുറം ഗവൺമെന്റ് കണ്ണാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി ഒരു ഒപ്റ്റോമെട്രിസ്റ്റ്, 4 സ്റ്റാഫ് നഴ്സുമാർ, 2 നഴ്സിംഗ്

അസിസ്റ്റന്റുമാർ, 2 അറ്റൻഡന്റുമാർ എന്നീ തസ്തികകൾ അനുവദിക്കുന്നതിനായി ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**ആലപ്പുഴ മണ്ഡലത്തിലെ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

2235 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്നുവരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് അവയ്ക്ക് ഭരണാനുമതി ലഭിച്ച തീയതി, പൂർത്തീകരിക്കേണ്ട സമയം എന്നിങ്ങനെ പട്ടിക തിരിച്ച് വിശദ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**അമീബിക് മസ്തിഷ്കജ്വര ലാബ് ടെസ്റ്റ്**

2236 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമീബിക് മസ്തിഷ്കജ്വരം പരിശോധിക്കാനുള്ള ലാബ് ടെസ്റ്റ് നടത്തുന്നതിന് നിലവിൽ എവിടെയെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; അറിയിക്കാമോ;

(ബി) ഈ സൗകര്യം കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാണോ;

(സി) അടുത്തിടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത മസ്തികജ്വരം മൂലമുള്ള മരണങ്ങളിൽ ഏറ്റവും അധികം മലബാർ മേഖലയിൽ ആണെന്നിരിക്കെ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ സൗകര്യം ഒരുക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒഴിവുകൾ**

2237 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

**പൊന്നാനിയിലെ അമ്മയും-കുഞ്ഞും ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്**

2238 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി പ്രസവം പ്രതിദിനം നടക്കുന്ന പൊന്നാനി അമ്മയും-കുഞ്ഞും ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരില്ലായെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ 2 വർഷം മുൻപ് വരെ അധിക ജീവനക്കാരെ വെച്ചാണ് ആശുപത്രി പ്രവർത്തിച്ചിരുന്നതെന്നും ഇപ്പോൾ 24 ജീവനക്കാരുടെ കുറവുണ്ടെന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പൊന്നാനി അമ്മയും-കുഞ്ഞും ആശുപത്രിയിൽ കുഞ്ഞുങ്ങളെ ചികിത്സിക്കുന്നതിന് പീഡിയാട്രീഷ്യൻ ഡോക്ടർ ഇല്ലായെന്ന സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) മേൽപറഞ്ഞ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ

2239 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം നൽകാമെന്ന തീരുമാനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

2240 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ വർക്ക് ലോഡിനനുസരിച്ച് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മറ്റു ജില്ലകളിലെ ഗവൺമെന്റ് ആശുപത്രികളിലുള്ള സ്റ്റാഫുകളുടെ എണ്ണത്തിനനുസൃതമായി തിരൂരങ്ങാടി മണ്ഡലത്തിലെ താലൂക്ക് ആശുപത്രി അടക്കമുള്ള ആശുപത്രികളിൽ അധിക സ്റ്റാഫുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മറ്റ് ജില്ലകളിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണും മലപ്പുറം ജില്ലയിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## എറണാകുളം ജനറൽ ആശുപത്രിക്ക് കുടിശിക നൽകാൻ നടപടി

2241 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് ചികിത്സയുമായി ബന്ധപ്പെട്ട് എറണാകുളം ജനറൽ ആശുപത്രിക്ക് സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ സ്കീമുകളിലായി എത്ര രൂപയാണ് എറണാകുളം ജനറൽ ആശുപത്രിക്ക് നൽകുവാനുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രധാനമന്ത്രിയുടെ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ആശുപത്രിക്ക് തുക നൽകാനുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഈ തുകകൾ സമയത്ത് നൽകാത്തത് മൂലം പാവപ്പെട്ട രോഗികളുടെ ചികിത്സ മുടങ്ങുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ സേവനങ്ങൾക്ക് വേണ്ടി ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ (പർച്ചേസ് ഇനത്തിൽ കൺസ്യൂമബിൾസ് ഉൾപ്പടെ) എത്ര രൂപ സർക്കാരിൽ നിന്ന് ആശുപത്രിയിലേക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ നിർമ്മാണ പ്രവൃത്തികൾ

2242 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ വിവിധ വകുപ്പുകളുടെ ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നിലവിൽ നടന്ന് വരുന്നതെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ 2017 മുതൽ 2025 വരെയുള്ള കാലത്ത് പുതുതായി അനുവദിച്ച തസ്തികകൾ, അവയുടെ എണ്ണം എന്നിവ ആശുപത്രികൾ തിരിച്ച് വിശദമാക്കാമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ സേവനം

2243 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ ഹെൽത്ത് സബ് സെന്ററുകളുടെ നവീകരണം

2244 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2021-22 മുതൽ നവീകരണത്തിന് വേണ്ടി തെരഞ്ഞെടുത്ത ഹെൽത്ത് സബ് സെന്ററുകളുടെ വിശദാംശം വർഷം തിരിച്ച് നൽകാമോ; ഓരോ

സെന്ററും നവീകരിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവഹണം നടത്തുന്ന ഏജൻസി ഏതാണെന്നും പ്രവൃത്തി പൂർത്തീകരിച്ച സബ് സെന്ററുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്നവയുടെ പ്രവൃത്തി ആരംഭിക്കുന്നതിനും തുക അനുവദിക്കുന്നതിനുമുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

## പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

2245 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി.എച്ച്.സി-യെ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഓരോ വിഭാഗത്തിലും നിലവിൽ എത്ര സ്റ്റാഫ് ഉണ്ടെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മാറഞ്ചേരി സി.എച്ച്.സി.

2246 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽപ്പെട്ട മാറഞ്ചേരി സി.എച്ച്.സി.യിൽ സ്റ്റാഫ് സ്ട്രെങ്ത് അനുസരിച്ച് ഡോക്ടർമാരും ജീവനക്കാരുമില്ലാത്തതിനാൽ കിടത്തിചികിത്സ നടക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരെ അടിയന്തരമായി നിയമിച്ച് കിടത്തി ചികിത്സക്കുള്ള സൗകര്യം ഒരുക്കുമോ; വിശദമാക്കുമോ?

## കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം

2247 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ എല്ലാ ആധുനിക സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

## ലിക്വിഡ് ഡാമേജ് ഒഴിവാക്കുന്നതിന് നടപടി

2248 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം കണ്ണൂർ പരിയാരം ദന്തൽകോളേജിൽ ബി. ഡി. എസ്. ന് പ്രവേശനം നേടിയ ഓമശ്ശേരി സ്വദേശിനി ഫാത്തിമത്ത് സുഹറ ആരോഗ്യ കാരണങ്ങളാൽ പഠനം തുടരാൻ കഴിയാത്ത സാഹചര്യത്തിൽ ലിക്വിഡ് ഡാമേജ് ഒഴിവാക്കി സർട്ടിഫിക്കറ്റുകൾ തിരികെ നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ധന കുടുംബത്തിലെ അംഗമായതിനാൽ ടിയാൾക്ക് പ്രത്യേക പരിഗണന നൽകി ലിക്വിഡ് ഡാമേജ് ഒഴിവാക്കുന്നതിനും സർട്ടിഫിക്കറ്റുകൾ തിരികെ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## അമീബിക് മസ്തിഷ്ക ജ്വരം

2249 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രപേർക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടുവെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

## കൊടുങ്ങല്ലൂർ താലൂക്കാസ്ഥാന ആശുപത്രിയിലെ ചികിത്സാപിഴവിൽ നടപടി

2250 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24.03.2021 -ന് പാമ്പ് കടിയേറ്റ് കൊടുങ്ങല്ലൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ എത്തിച്ച മൂന്ന് വയസുകാരി യഥാസമയം ചികിത്സ ലഭിക്കാത്തതിനെ തുടർന്ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടറുടെ പേര് വിവരവും നിലവിൽ ഈ ഡോക്ടർ ഏത് തസ്തികയിൽ ഏത് ആശുപത്രിയിൽ ജോലി ചെയ്തുവരുന്നുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ ചികിത്സാ വീഴ്ച്ച സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്താണെന്ന് വിശദമാക്കുമോ;

(ഡി) അന്വേഷണത്തിൽ കുറ്റക്കാർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെയാണ് നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കുറ്റക്കാരാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ എന്തു കൊണ്ടാണ് നടപടികൾ സ്വീകരിക്കാത്തതെന്നും വ്യക്തമാക്കാമോ?

## സർവീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന ഡോക്ടർമാർ

2251 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിൽ നിന്നും അനധികൃതമായി നിലവിൽ വിട്ടുനിൽക്കുന്ന എത്ര ഡോക്ടർമാരുണ്ട്; അവരുടെ പേരുൾപ്പെടെയുള്ള വിശദാംശവും അവർക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കുമോ?

**<u>സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ</u>**

2252 **ശ്രീ പി എസ് സുപാൽ**

**ശ്രീ വി ശശി**

**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ സമഗ്രവും ഗുണനിലവാരമുള്ളതുമായ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിവിധ തലങ്ങളിലെ സർക്കാർ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവയെ ജനസൗഹൃദ സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആരോഗ്യമാനദണ്ഡങ്ങളിൽ ലോകരാഷ്ട്രങ്ങളോട് കിടപിടിക്കുന്ന മികച്ച നേട്ടങ്ങൾ കേരളം കൈവരിച്ചിട്ടുണ്ടോ; നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗും ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ചികിത്സാരംഗത്ത് പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തിന്റെ ആരോഗ്യമേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പേവിഷബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം</u>**

2253 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. പി. കെ. ബഷീർ**

**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷ വാക്സിൻ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പേവിഷ ബാധയ്ക്കുള്ള വാക്സിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>കുഴഞ്ഞുവീണുള്ള മരണം തടയാൻ നടപടി</u>**

2254 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുപ്പക്കാരുൾപ്പെടെയുള്ളവരുടെ കുഴഞ്ഞുവീണുള്ള മരണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ മരണം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) 2024-വർഷത്തിൽ സംസ്ഥാനത്ത് കുഴഞ്ഞുവീണ് മരിച്ചവരുടെ പ്രായപരിധിയും മരണപ്പെട്ടവരുടെ എണ്ണവും അറിയിക്കാമോ;

(സി) കുഴഞ്ഞുവീണുള്ള മരണം തടയുന്നത് സംബന്ധിച്ച് ആരോഗ്യ കേന്ദ്രങ്ങൾ വഴി ജനങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകാമോ;

(ഡി) ഹൃദയസ്തംഭനം, സ്ട്രോക്ക് എന്നിവ തടയുന്നതിനായുള്ള ഏതൊക്കെ ശാരീരിക പരിശോധനകൾ സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഇ) ജങ്ക് ഭക്ഷണങ്ങൾക്ക് പകരം സ്കൂളുകളിലും കോളേജുകളിലും അവയുടെ പരിസരങ്ങളിലും ആരോഗ്യകരമായ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള നിർദേശങ്ങൾ ആരോഗ്യ വകുപ്പ് വഴി നൽകുന്നുണ്ടോ; വിശദമാക്കാമോ?

## <u>അപൂർവ്വരോഗം പിടിപെട്ട കുട്ടിക്ക് ചികിത്സ</u>

2255 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ്വരോഗം പിടിപെട്ട കുട്ടിയുടെ ചികിത്സക്ക് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സർപ്പിച്ച നിവേദനത്തിന്മേൽ അനന്തര നടപടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 19.06.2025-ൽ കെ.എസ്.എസ്.എം 467/2025/പി9 നമ്പർ പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച കത്തിന്മേൽ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിന്മേൽ വിവിധ കാര്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതിന് മറുപടി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മറുപടി നല്കുന്നതിനുള്ള കാലതാമസത്തെക്കുറിച്ച് വകുപ്പ് മേധാവികളോട് വിശദീകരണം ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

## <u>നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം</u>

2256 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ അംഗീകാരം ലഭിക്കുന്ന ആശുപത്രികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് വിശദീകരിക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും എത്ര ആശുപത്രികൾക്ക് ഈ അംഗീകാരം

ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം</u>**

2257 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) 2016 സാമ്പത്തിക വർഷം മുതൽ ദേശീയ ആരോഗ്യദൗത്യം ഫണ്ട്, സംസ്ഥാന ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് പാറശ്ശാല മണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

**<u>കുഴഞ്ഞ് വീണുള്ള മരണം</u>**

2258 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. പി. ടി. എ. റഹീം**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായഭേദമെന്യേ മനുഷ്യർ കുഴഞ്ഞ് വീണ് മരിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) കോവിഡാനന്തരമാണ് ഇത്തരത്തിലുള്ള മരണങ്ങൾ വ്യാപകമായി കണ്ടുവരുന്നതെന്നുള്ള അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ നിന്നും മുക്തി നേടുന്നതിന് രോഗം മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ സംസ്ഥാനത്തെ സർക്കാർ/ സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ലഭ്യമാണോയെന്ന് അറിയിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും ഗവേഷണങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും പ്രാഥമിക നിഗമനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണ പ്രവർത്തനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ തീപിടിത്തം</u>**

2259 **ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷായോജന ബ്ലോക്കിലെ അത്യാഹിത വിഭാഗത്തിൽ ഉണ്ടായ പൊട്ടിത്തെറിയുടെയും ഇതേ കെട്ടിടത്തിലെ മറ്റൊരു നിലയിൽ തീപിടിത്തം ഉണ്ടായതിന്റെയും കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിലെ അന്വേഷണം നടത്തിയത് ആരാണെന്നും അവരുടെ നിഗമനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ആശുപത്രികളിലെ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സർക്കാർ ആശുപത്രി കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ നടപടി</u>

2260 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് വർഷം തോറും പരിശോധിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണോ; അല്ലെങ്കിൽ മറ്റ് ഏത് ഏജൻസിയെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടങ്ങളിൽ നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളുടെ വിവരം ജില്ല തിരിച്ച് ആശുപത്രി തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ ആശുപത്രികളിലെ ഏതെങ്കിലും വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കെട്ടിടങ്ങളിൽ 2016 മുതൽ നാളിതുവരേയ്ക്കും പൂർണ്ണമായോ ഭാഗികമായോ തകർന്ന കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത സംഭവത്തിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും വിവരം ലഭ്യമാക്കാമോ?

## <u>എയിംസ്</u>

2261 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച കേന്ദ്രസർക്കാർ നിർദേശം എന്താണെന്നും ഏതൊക്കെ സ്ഥലങ്ങളാണ് സംസ്ഥാന സർക്കാർ എയിംസ് സ്ഥാപിക്കുന്നതിന് ഉചിതമായിരിക്കുമെന്ന് നിർദ്ദേശിച്ചിട്ടുള്ളതന്നും വ്യക്തമാക്കാമോ;

(ബി) കോട്ടയം വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ അധികമുള്ള ഭൂമിയിൽ എയിംസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## ആലപ്പുഴ വനിതാ ശിശു ആശുപത്രിയിലെ ചികിത്സാപിഴവിൽ സ്വീകരിച്ച നടപടി

2262 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ബീച്ച് വനിതാ ശിശു ആശുപത്രിയിലെ ചികിത്സ പിഴവ് മൂലം അസാധാരണ രൂപത്തിൽ കുഞ്ഞു പിറക്കാൻ ഇടയായത് സംബന്ധിച്ച പരാതിയിൽ ആരോഗ്യവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) കുഞ്ഞിന്റെ തുടർ ചികിത്സ സർക്കാർ ഏറ്റെടുക്കുന്നതിനും കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## നെന്മാറ മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ

2263 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ അനുമതി ലഭിച്ച എത്ര കെട്ടിടങ്ങളാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്നും അവ ഏതെല്ലാം പഞ്ചായത്തുകളിലാണെന്നും വിശദമാക്കുമോ?

## എലിപ്പനി വർദ്ധിച്ചു വരുന്നത് തടയാൻ നടപടി

2264 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലിപ്പനിയും മരണ നിരക്കും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രോഗബാധ പടർന്നുപിടിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചു വരുന്നത്; രോഗബാധയെക്കുറിച്ച് കൂടുതൽ അവബോധം

സൃഷ്ടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ

2265 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം പതിനായിരക്കണക്കിന് കാൻസർ രോഗികൾ പുതുതായി രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ഈ രോഗത്തെ തടയുന്നതിനായി കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാൻ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കാൻസർ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കാൻസർ കെയർ ബോർഡ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) നിലവിലുള്ള റീജിയണൽ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സ വിഭാഗങ്ങളെയും ശാക്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ചികിത്സകൾക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്താൻ നടപടി

2266 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ - സ്വകാര്യ ആശുപത്രികളിൽ വിവിധ ചികിത്സകൾക്ക് നിശ്ചിത ഫീസ് ഏർപ്പെടുത്തുന്നതിനും അവ ആശുപത്രികളിൽ പ്രദർശിപ്പിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശുപത്രികൾ വ്യത്യസ്തമായ ചികിത്സാ ഫീസ് ഏർപ്പെടുത്തുന്നത് മൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ മേഖലയിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ - സ്വകാര്യ മേഖലകളിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കൊരട്ടിയിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന കേന്ദ്രം

2267 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ ആരോഗ്യ പ്രവർത്തകർക്കായുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(സി) എന്തൊക്കെ സൗകര്യങ്ങളാണ് ഈ പരിശീലന കേന്ദ്രത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ഇ) പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിന് എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ടെന്നും ഇത് ഏതൊക്കെയാണെന്നും എപ്രകാരമാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധ മരുന്നുകൾ

2268 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷബാധയ്ക്ക് ഉപയോഗിക്കുന്ന പ്രതിരോധ മരുന്നുകൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ മേഖലയിലുള്ള എല്ലാ ആശുപത്രികളിലും പേവിഷബാധയ്ക്കുള്ള പ്രതിരോധ മരുന്നുകളായ ആന്റി റാബിസ് വാക്സിനുകളും, ഇമ്മ്യൂണോഗ്ലോബിനുകളും ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇല്ല എങ്കിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഡയാലിസിസ് യൂണിറ്റുകൾ

2269 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണവും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) ഡയാലിസിസ് ലാബ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ എണ്ണത്തിലെ കുറവ് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## കോഴിക്കോട് മെഡിക്കൽ കോളേജിൽ ആധുനിക ലാബ്

2270 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ ആധുനിക ലാബ് സ്ഥാപിക്കൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ സൗകര്യം സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ മുടങ്ങിയ സംഭവം

2271 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫ്ലെക്സിബിൾ യൂറിട്ടറോസ്കോപ് എന്ന ഉപകരണമില്ലാത്തതിനാൽ വൃക്കയിലും സമീപവുമുള്ള കല്ലുകൾ നീക്കം ചെയ്യുന്ന ശസ്ത്രക്രിയ മുടങ്ങി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കണ്ണൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

2272 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മെഡിക്കൽ കോളേജുകൾക്കും ജില്ലാ ആശുപത്രികൾക്കും ശസ്ത്രക്രിയാ ഉപകരണങ്ങൾ

2273 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കും ജില്ലാ ആശുപത്രികൾക്കും ശസ്ത്രക്രിയാ ഉപകരണങ്ങൾ വിതരണം ചെയ്ത കമ്പനികൾക്ക് സർക്കാരിന്റെ ഭാഗത്ത് നിന്നും എത്ര തുക കുടിശികയുണ്ടെന്ന് അറിയിക്കാമോ;

(ബി) ഏത് മെഡിക്കൽ കോളേജിനാണ് പ്രസ്തുത കുടിശിക ഏറ്റവും കൂടുതലുള്ളതെന്നും ആയതിന്റെ തുക എത്രയാണെന്നും അറിയിക്കാമോ;

(സി) ഏറ്റവുമധികം കുടിശികയുള്ള മെഡിക്കൽ കോളേജിൽ 2024 ജൂലൈ മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ മാത്രം സർക്കാർ നൽകാനുള്ള കുടിശിക എത്രയാണെന്ന് അറിയിക്കാമോ;

(ഡി) അടിയന്തര ചികിത്സയ്ക്കായി ആവശ്യമുള്ള ഏതൊക്കെ പ്രധാന ഉപകരണങ്ങളുടെ വിതരണമാണ് തടസ്സപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ശസ്ത്രക്രിയാ ഉപകരണങ്ങളുടെ വിതരണക്കാരുടെ സംഘടനയായ "ചേംബർ ഓഫ് ഡിസ്ട്രിബ്യൂട്ടേഴ്സ് ഓഫ് മെഡിക്കൽ ഇംപ്ലാന്റ്സ് ആൻഡ് ഡിസ്പോസബിൾസ് എന്തൊക്കെ ആവശ്യങ്ങളാണ് സർക്കാരിനോട് ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കാർഡിയോളജി ഡിപ്പാർട്ട്മെന്റിൽ നടത്തിയ ശസ്ത്രക്രിയകളുടെ എണ്ണം

2274 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ രണ്ടു വർഷം കാർഡിയോളജി ഡിപ്പാർട്ട്മെന്റിൽ നടത്തിയ ബൈപാസ്, ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ശസ്ത്രക്രിയകളുടെ എണ്ണം എത്രയാണെന്നുള്ളത് ഓരോ മാസത്തേയും കണക്കു തിരിച്ചു നൽകാമോ?

## തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയയ്ക്ക് ഉപകരണങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം

2275 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ലാത്തതു കാരണം ശസ്ത്രക്രിയ മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സൂപ്രണ്ടിന് വകുപ്പ് മേധാവിയുടെ കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ സ്ഥലംമാറ്റം

2276 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർക്ക് കാസർഗോഡ് മെഡിക്കൽ കോളേജിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലംമാറ്റം അനുവദിച്ചതിനെ തുടർന്ന് പ്രസ്തുത അദ്ധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ നേരിടുന്ന പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ ഇപ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്ഥലം മാറ്റുന്നത് ചികിത്സ സംവിധാനങ്ങളെ ദോഷകരമായി

ബാധിക്കുമെന്നതിനാൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) കാസർഗോഡ് ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ആവശ്യാനുസരണം അദ്ധ്യാപകരുടെ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിച്ച് പി. എസ്. സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങളും ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മെഡിക്കൽ കോളേജുകളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ</u>**

2277 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യം സംസ്ഥാനത്ത് ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് ഉള്ളത്; ഇതിന്റെ വിശദാംശം നൽകാമോ;

(ബി) സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യമുള്ള പല ഹോസ്പിറ്റലുകളിലും മതിയായ ജീവനക്കാരും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരും ഇല്ലാത്തതുമൂലം ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഹോസ്പിറ്റലുകളിൽ ഓരോന്നിലും ഏതെല്ലാം തസ്തികയിലാണ് ഡോക്ടർമാർ ഇല്ലാത്തതെന്ന് വിശദമാക്കാമോ?

**<u>സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കാസ്പിൽ നൽകാനുള്ള കുടിശ്ശിക</u>**

2278 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കാസ്പിൽ (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് നൽകാമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകൾ മരുന്നും ഉപകരണങ്ങളും വാങ്ങിയ ഇനത്തിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസിക്ക് ആവശ്യമുള്ള മരുന്ന് വാങ്ങിയതിൽ മരുന്ന് കമ്പനികൾക്ക് കൊടുക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകാമോ?

**<u>നഴ്സിംഗ് കോളേജുകളിലെ കരാർ ജീവനക്കാർ</u>**

2279 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ ആൻഡ് ടെക്നോളജിക്ക് കീഴിൽ പ്രവർത്തിക്കുന്ന കേരളത്തിലെ വിവിധ നഴ്സിംഗ് കോളേജുകളിലായി എത്ര കരാർ ജീവനക്കാരുണ്ട്; പേരും തസ്തികയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിനു കീഴിൽ വിവിധ ജില്ലകളിലുള്ള നഴ്സിംഗ് കോളേജുകളിലെ സ്ഥിരമോ കരാർ വ്യവസ്ഥയിലോ ഉള്ള ജീവനക്കാരിൽ അവധിയിൽ പ്രവേശിച്ചവരുടെ പേര്, തസ്തിക, എത്ര കാലം അവധിയിലാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി

2280 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിൽ G.O. (MS) No.136/2017/H&FWD ഉത്തരവ് പ്രകാരം സൃഷ്ടിച്ച 68 ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികകളിൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ചത് വെറും രണ്ട് തസ്തിക മാത്രമാണെന്നത് സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നൂറിൽപ്പരം രോഗികൾക്ക് ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്ന ഈ ആശുപത്രിയിൽ ജോലിക്ക് കുറഞ്ഞത് 16 ജീവനക്കാർ ആവശ്യമാണെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആലപ്പുഴ ജില്ലയിലെ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് - 2 തസ്തികയിലെ ജീവനക്കാരുടെ പ്രൊമോഷൻ

2281 **ശ്രീ തോമസ് കെ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ 2018നു ശേഷം ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് - 2 തസ്തികയിലെ ജീവനക്കാരുടെ പ്രൊമോഷൻ നടത്താത്തത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മറ്റു ജില്ലകളിലെ പ്രസ്തുത തസ്തികയിലെ എല്ലാ ജീവനക്കാരുടെയും പ്രൊമോഷൻ യഥാസമയം നടത്തിയിട്ടും ആലപ്പുഴ ജില്ലയിൽ മാത്രം പ്രൊമോഷൻ നടത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രൊമോഷൻ കാലതാമസം കൂടാതെ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്ന നടപടി

2282 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിന് വേണ്ട തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## ഡോ. സക്കീർ ഹുസൈൻ അരിമ്പയ്ക്ക് തസ്തികമാറ്റം നൽകാൻ നടപടി

2283 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് ദന്തൽ കോളേജിൽ പീരിയോഡോന്റിക്സ് ഡിപ്പാർട്ട്മെന്റിൽ ലെക്ചറർ തസ്തികയിൽ സൂപ്പർ ന്യൂമററിയായി നിയമിക്കപ്പെട്ട് ജോലി ചെയ്തു വരുന്ന ഡോ. സക്കീർ ഹുസൈൻ അരിമ്പ എന്നയാൾ 2021-ൽ എം. ഡി. എസ്. പൂർത്തിയാക്കിയ സാഹചര്യത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി തസ്തിക മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സൂപ്പർ ന്യൂമററിയായി ലെക്ചറർ തസ്തികയിൽ ജോലി ചെയ്തു വരവെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് തസ്തിക മാറ്റി നൽകിക്കൊണ്ട് സർക്കാർ ആർക്കെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ സമാനമായ രീതിയിൽ ഡോ. സക്കീർ ഹുസൈൻ അരിമ്പ എന്നയാൾക്കും തസ്തിക മാറ്റി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് -II നിയമനം

2284 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിലുള്ള ഫാർമസിസ്റ്റ് ഗ്രേഡ് - II റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം

2285 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ആരോഗ്യ വകുപ്പിനു കീഴിൽ നിർമ്മിതബുദ്ധിയുടെ ഉപയോഗം

2286 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പിനു കീഴിലുള്ള ഏതെങ്കിലും ഓഫീസുകളിൽ നിർമ്മിതബുദ്ധി (എ. ഐ.) ഉപയോഗിക്കാനുള്ള ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരും ഉദ്യോഗസ്ഥരും കൃത്യനിർവഹണത്തിന്റെ ഭാഗമായി നിർമ്മിതബുദ്ധി ഉപയോഗിക്കുന്നതിന് നടപടികൾ പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) നിർമ്മിതബുദ്ധി ഉപയോഗിക്കുന്ന സാഹചര്യത്തിൽ രോഗികളുടെ വ്യക്തിഗത വിവരങ്ങളും തിരിച്ചറിയലും സംരക്ഷിക്കുന്നതിനായി ശക്തമായ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിർമ്മിതബുദ്ധിയെ അടിസ്ഥാനമാക്കിയോ അതുമായി ബന്ധപ്പെട്ടോ കേന്ദ്രസർക്കാർ പാസാക്കിയിട്ടുള്ള ഡിജിറ്റൽ വ്യക്തിഗത ഡാറ്റാ സംരക്ഷണ നിയമം, 2023 പോലുള്ള നിയമങ്ങൾ ദുർബലമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഡി. എൻ. ബി. കോഴ്സ് ആരംഭിക്കുന്നതിന് നടപടി**

2287 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ഡി. എൻ. ബി. (ഡിപ്ലോമേറ്റ് ഓഫ് നാഷണൽ ബോർഡ്) കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിൽ സർക്കാർ മേഖലയിൽ ഡി. എൻ. ബി കോഴ്സ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**ഇരവിപുരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികൾ**

2288 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരവിപുരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇനി ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**അനധികൃത സൗന്ദര്യവർദ്ധക ചികിത്സാ കേന്ദ്രങ്ങൾ**

2289 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗന്ദര്യവർദ്ധക ചികിത്സയുടെ പേരിൽ അനധികൃത കേന്ദ്രങ്ങൾ വ്യാപകമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും അനുമതി ആവശ്യമുണ്ടോ; വിശദവിവരം നൽകാമോ;

(സി) ഈ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നവർ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വ്യാജ സൗന്ദര്യവർദ്ധക വസ്തുക്കളെയും അനധികൃത കേന്ദ്രങ്ങളെയും നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കോഴിക്കോട് ജില്ല മരുന്ന് സംഭരണശാല</u>**

2290 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ മരുന്ന് സംഭരണശാല എത്ര കാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും നിലവിലെ മരുന്ന് സംഭരണശാല എവിടെയാണെന്നും ഇത് നഗരപരിധിയിൽ നിന്നും എത്ര കിലോമീറ്റർ അകലെയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മരുന്ന് സംഭരണശാലയുടെ കെട്ടിടത്തിന്റെ ഉടമകളുടെ പേര് അറിയിക്കുമോ;

(സി) നിലവിലെ വാടക കെട്ടിടത്തിന് നാളിതുവരെയായി എത്ര തുക വാടകയായി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിടം കോഴിക്കോട് ജില്ലയിലെ കെ. എം. എസ്. സി. എൽ. ന്റെ മരുന്ന് സംഭരണശാലയ്ക്ക് വാടകയ്ക്ക് നൽകുവാൻ ഉടമകൾക്ക് സഹകരണ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത വാടക കെട്ടിടത്തിന് ഫയർഫോഴ്സിന്റെ എൻ. ഒ. സി. ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത മരുന്ന് സംഭരണശാലയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ ഭൂമി അനുവദിച്ച് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് കെ. എം. എസ്. സി. എൽ. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) പ്രസ്തുത മരുന്ന് സംഭരണശാലയ്ക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ സർക്കാർ/ ഏജൻസി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംഭരണശാലയ്ക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ ഏതെങ്കിലും കമ്പനി / ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള പദ്ധതികൾ</u>**

2291 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആരോഗ്യവകുപ്പ് 2021 മുതൽ വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പദ്ധതികൾ

ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ?

**കോട്ടക്കൽ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

2292 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 - 22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി കോട്ടക്കൽ മണ്ഡലത്തിൽ നിന്ന് നിലവിൽ ഏത് ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ**

2293 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ 2025 വരെ ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

**നഴ്സിംഗ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള ബസ്സുകൾ**

2294 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം നഴ്സിംഗ് സ്കൂളുകൾക്കാണ് ബസ് അനുവദിച്ച് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളിനും അനുവദിച്ച ബസ്സുകളുടെ സീറ്റ് കപ്പാസിറ്റി, തുക എന്നിവ സഹിതം വിശദവിവരം ലഭ്യമാക്കാമോ;

(സി) കണ്ണൂർ നഴ്സിംഗ് സ്കൂളിന് ബസ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഇല്ലെങ്കിൽ സ്കൂളിന് ബസ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്കൂളിന് ബസ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോ; വിശദാംശം നൽകാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

2295 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടന്നിട്ടുള്ളതും ഇനി നടക്കാനിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

## മെഡിക്കൽ കോളേജിൽ സ്ഥാപിച്ച വൈറോളജി ആൻഡ് മോളിക്യുലാർ ബയോളജി ലാബ്

2296 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ച വൈറോളജി ആൻഡ് മോളിക്യുലാർ ബയോളജി ലാബ് രണ്ടുവർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിക്കാത്തതിന്റെ പ്രധാന കാരണം എന്താണ്; വിശദമാക്കുമോ;

(ബി) ലാബിന്റെ നിർമ്മാണവും സൗകര്യങ്ങളും (സിവിൽ ജോലികൾ, ഫർണിച്ചർ) പൂർത്തിയായിട്ടും യന്ത്രങ്ങൾ വാങ്ങാൻ വൈകിയതിന്റെ കാരണം വിശദമാക്കാമോ;

(സി) ആദ്യ ടെണ്ടർ പ്രക്രിയയിൽ ഒരു കമ്പനി മാത്രമാണോ പങ്കെടുത്തത്; തുടർന്ന് റീടെണ്ടർ നടത്താത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ലാബിന്റെ ചുമതലയിലേക്ക് പരിഗണിച്ച വ്യക്തിയുടെ യോഗ്യതയെക്കുറിച്ച് ഉണ്ടായ തർക്കം പ്രവർത്തനം വൈകാൻ കാരണമായോ; വിശദമാക്കാമോ;

(ഇ) ഗുരുതര വൈറസ് രോഗങ്ങൾ (നിപ്പ, ഹെപ്പറ്റൈറ്റിസ്, എച്ച്. ഐ. വി. തുടങ്ങിയവ) നിർണയിക്കാൻ ആവശ്യമായ ലാബുകളുടെ സൗകര്യം സംസ്ഥാനത്തുതന്നെ ഒരുക്കുന്നതിന് പകരം ഇപ്പോഴും എന്തുകൊണ്ടാണ് പുണെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയെ ആശ്രയിക്കേണ്ടി വരുന്നത്; വിശദമാക്കാമോ;

(എഫ്) സംസ്ഥാനത്തിലെ മറ്റ് കേന്ദ്രങ്ങളിൽ (തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക്, ആലപ്പുഴ മെഡിക്കൽ കോളേജ്) വൈറോളജി ലാബുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രം ലാബിന്റെ പ്രവർത്തനം വൈകാൻ പ്രത്യേക കാരണമുണ്ടോ; വ്യക്തമാക്കാമോ;

(ജി) സർക്കാർ 180 കോടി രൂപയുടെ വികസന പദ്ധതികൾ മെഡിക്കൽ കോളേജിൽ പ്രഖ്യാപിച്ചിട്ടും അതിൽ വൈറോളജി ലാബ് ഉൾപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷൻ ലഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ

2297 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്;

(ബി) ഇനി എത്ര എണ്ണം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താനുണ്ട്;

(സി) എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് ദേശീയ ഗുണനിലവാര സൂചികയായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് സർട്ടിഫിക്കേഷൻ ലഭിച്ചത്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ?

## <u>ഗാർഹിക പീഡന പരാതി</u>

2298 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ ഇല്ലാതാക്കുന്നതിനും അവരുടെ സമഗ്രമായ ശാക്തീകരണം ഉറപ്പാക്കുന്നതിനുമായി ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഗാർഹിക പീഡന നിരോധന നിയമത്തിന്റെ ഫലമായി നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ ജീവിതങ്ങളിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ടോയെന്ന പരിശോധന നടത്തിയിട്ടുണ്ടോ; ഗാർഹിക പീഡന പരാതിയുമായി എത്തുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും തുടർപിന്തുണ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ തടയുന്നതിനും അതിജീവതർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്നതിനുമായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അക്രമം നേരിടുന്ന സ്ത്രീകളുടെ മാനസികവും സാമൂഹികവുമായ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഖി വൺ സ്റ്റോപ്പ് സെന്ററുകളിലെ ജീവനക്കാർക്ക് അടിസ്ഥാനപരവും നൂതനവുമായ പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ക്രഷ് ജീവനക്കാരുടെ ശമ്പളം</u>

2299 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിഞ്ചുകുഞ്ഞുങ്ങളെ പരിപാലിച്ചിരുന്ന ക്രഷുകൾ അടച്ചുപൂട്ടി അംഗൻവാടികൾക്ക് കീഴിലാക്കിയപ്പോൾ ക്രഷുകളിലെ ജീവനക്കാരെ മുഴുവൻ സാമൂഹ്യ നീതി വകുപ്പിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പുനർവിന്യസിച്ചപ്പോൾ ജീവനക്കാർക്ക് നേരത്തെ ലഭിച്ചിരുന്ന ശമ്പളം/ അലവൻസ് നിരക്കുകൾ കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ സാഹചര്യം വ്യക്തമാക്കാമോ; കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ക്രഷുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും എത്ര തുക വീതമാണ് ഇപ്പോൾ ശമ്പളം നൽകുന്നതെന്നും ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാനം വിഹിതവും എത്ര വീതമാണെന്നും വ്യക്തമാക്കുമോ; നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള കുടിശിക എത്രയാണെന്നും ഇത് എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ?

**ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്**

2300 **ഡോ. എം. കെ. മുനീർ**

**ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ആശാവർക്കർമാരുടെ ജോലികൾ ഏകീകരിക്കാനും വേതനം കൃത്യമായി നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പുരോഗതി**

2301 **ശ്രീ. കെ. എം. സച്ചിൻദേവ്**

**ശ്രീ. ഐ. ബി. സതീഷ്**

**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജുകളിലെ പി. ജി. സീറ്റുകളുടെ എണ്ണത്തിനുണ്ടായ വർദ്ധനവ് വിലയിരുത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച മെഡിക്കൽ ഗവേഷണ കേന്ദ്രങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗവേഷണത്തിലും ചികിത്സാ രംഗങ്ങളിലും കൈവരിച്ച മുന്നേറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

**മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക തസ്തികകൾ**

2302 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, വയനാട് സർക്കാർ മെഡിക്കൽ കോളേജുകളിൽ പുതിയ എം. ബി. ബി. എസ്. സീറ്റുകൾ ലഭ്യമായതിനെത്തുടർന്ന് ഇവിടെ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര അദ്ധ്യാപക തസ്തികകൾ ഇപ്രകാരം പുതുതായി ആവശ്യമുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ മറ്റു മെഡിക്കൽ കോളേജുകളിൽ നിന്ന് ഇവിടേക്ക് അദ്ധ്യാപകരെ താത്കാലികമായി സ്ഥലംമാറ്റി കൊണ്ടുവന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) എങ്കിൽ എത്ര കാലത്തേക്കാണ് താത്കാലിക സംവിധാനം ഏർപ്പെടുത്തുന്നതെന്നും സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ ജോലി ചെയ്തിരുന്ന മെഡിക്കൽ കോളേജുകളിൽ അവർ നിർവഹിച്ചിരുന്ന അക്കാദമികവും ക്ലിനിക്കലുമായ ജോലികൾ പ്രസ്തുത ട്രാൻസ്ഫർ വഴി തടസ്സപ്പെടാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള താത്കാലിക സ്ഥലംമാറ്റങ്ങൾ വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാനും രോഗികളുടെ ചികിത്സ മുടങ്ങാനും കാരണമാകുമെന്ന് കണ്ട് ആവശ്യമായ തസ്തികകൾ എത്രയും വേഗം സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

## <u>ഫാർമസി കോളേജിൽ അദ്ധ്യയനം</u>

2303 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഓഫ് ഫാർമസിയുടെ ലോഗോ സംസ്ഥാന സർക്കാരിന്റേതിന് സമാനമാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; ഒരു സ്വകാര്യ സ്ഥാപനത്തിന് കേരള എന്നു തുടങ്ങുന്ന പേരിടാൻ നിയമാനുസൃതം അനുമതിയുണ്ടോ; വ്യക്തമാക്കാമോ;

(ബി) അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പുതിയതായി ജോലിക്ക് എത്തുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സർട്ടിഫിക്കറ്റുകൾ പിടിച്ചു വയ്ക്കാൻ കോളേജ് അധികൃതർക്ക് അവകാശമുണ്ടോ; അഞ്ച് (05) ടെമ്പററി അഡ്മിഷൻ മാത്രമുള്ള കോളേജിൽ വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതിക്കാൻ നിയമാനുസൃതം അനുമതിയുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കോളേജിലെ ടെമ്പററി അഡ്മിഷൻ മാത്രമുള്ള വിദ്യാർത്ഥികൾക്ക് എങ്ങനെ യൂണിവേഴ്സിറ്റി ഹാൾടിക്കറ്റ് വിതരണം ചെയ്തു; നിയമപ്രകാരം അതിന് തെറ്റില്ലെങ്കിൽ പ്രസ്തുത കോളേജിലെ പരീക്ഷ എഴുതിയ ടെമ്പററി വിദ്യാർത്ഥികളുടെ റിസൾട്ട് എന്തുകൊണ്ടാണ് യൂണിവേഴ്സിറ്റി തടഞ്ഞു വച്ചത്; അങ്ങനെ തടഞ്ഞുവച്ച റിസൾട്ട് എന്തടിസ്ഥാനത്തിലാണ് പിന്നീട് പ്രസിദ്ധീകരിച്ചത്; വിശദമാക്കാമോ ;

(സി) 2025 ഓഗസ്റ്റ് ഒന്നാം തീയതി ഡി.എം.ഒ. ഓഫീസിൽ നിന്നും ടി കോളേജിൽ നടത്തിയ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ഡി) കാട്ടാക്കട കേരള അക്കാദമി ഓഫ് ഫാർമസി കോളേജിലെ വിദ്യാർത്ഥി സമരത്തെ തുടർന്ന് അനിശ്ചിതകാലത്തേക്ക് കോളേജ് അടച്ചിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുടർന്ന് വിദ്യാർത്ഥികളുമായി ചർച്ച ചെയ്തു പ്രശ്നം പരിഹരിക്കാൻ എ.ഡി.എം. നിർദേശിച്ച പ്രകാരം തഹസിൽദാർ നടത്തിയ ഇടപെടലിൽ മുഴുവൻ വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കേരള ആരോഗ്യ സർവകലാശാലയുടെയും ഇന്ത്യൻ ഫാർമസി കൗൺസിലിന്റെയും മാനദണ്ഡ പ്രകാരമുള്ള അദ്ധ്യാപകരല്ല കോളേജിൽ ക്ലാസ് എടുക്കുന്നതെന്ന പരാതിയെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഒരു ഫാർമസി കോളേജിൽ അദ്ധ്യയനം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സൗകര്യങ്ങൾ ഈ കോളേജിൽ ഉള്ളതായി ഇൻസ്പെക്ഷനുകളിൽ കണ്ടെത്തിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(എഫ്) 2024 ൽ ഈ സ്ഥാപനത്തിൽ നിന്നും രാജിവച്ച പ്രിൻസിപ്പലിന്റെ വ്യാജ ഒപ്പിട്ട് 2025 ജൂണിലും വ്യാജരേഖ ചമച്ചിട്ടുണ്ടെന്ന പരാതിയിൽ അന്വേഷണം നടന്നിട്ടുണ്ടോ; സർക്കാർ അംഗീകരിച്ചതിൽ കൂടുതൽ ഫീസ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതായുള്ള പരാതികളിന്മേൽ എന്തുനടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

## <u>തിയേറ്റർ ടെക്നീഷ്യൻ / അനസ്തേഷ്യ ടെക്നീഷ്യൻ തസ്തികയിലെ ഒഴിവുകൾ</u>

2304 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ എത്ര വീതം തിയേറ്റർ ടെക്നീഷ്യൻ/ അനസ്തേഷ്യ ടെക്നീഷ്യൻ അംഗീകൃത അനുവദനീയ തസ്തികകൾ ഉണ്ടെന്ന വിവരം സ്ഥാപനത്തിന്റെ പേര്, തസ്തികകളുടെ എണ്ണം, പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണം എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ എത്ര ആളുകൾ തിയേറ്റർ ടെക്നീഷ്യൻ/ അനസ്തേഷ്യ ടെക്നീഷ്യൻ തസ്തികയിൽ താൽക്കാലിക ജീവനക്കാരായി ജോലി ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. യ്ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നത് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

## <u>ഹോമിയോ കോളേജ് അനുവദിക്കുന്നത്</u>

2305 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജൂൺ 22-ലെ ഡബ്ല്യൂ.പി.(സി)1464 ഓഫ് 2019 നമ്പർ കേസിന്മേൽ കേരള ഹൈക്കോടതി വിധി പ്രകാരം ചക്കാല നായർ സമുദായത്തിന് ഹോമിയോ മെഡിക്കൽ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ ആയുഷ് വകുപ്പ് സെക്രട്ടറി പരിശോധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം

ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കോടതി വിധിപ്രകാരം പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**മലപ്പുറം ജില്ലയിലെ ഹോമിയോപ്പതി ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

2306 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആകെ എത്ര ഹോമിയോപ്പതി ഡിസ്പെൻസറികളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഹോമിയോപ്പതി ഫാർമസിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാമോ?

**കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ ഹോമിയോ ആശുപത്രി**

2307 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ ഹോമിയോ ആശുപത്രിയെ താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തണമെന്ന നിർദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

**ഹോമിയോ ഫാർമസിസ്റ്റ് തസ്തിക**

2308 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിലെ ഡിസ്പെൻസറികൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള മുഴുവൻ സ്ഥാപനങ്ങളിലും നിശ്ചിത യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ഹോമിയോ ഫാർമസിസ്റ്റുകൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**ആയുർവേദ സർവകലാശാല**

2309 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി

സ്വീകരിക്കാമോ; വിശദമാക്കാമോ?

## ചെറുവട്ടൂർ ആയുർവേദ ആശുപത്രി

2310 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

## മാവിളകടവിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവേദ ആശുപത്രി

2311 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ മാവിളക്കടവിൽ പ്രവർത്തിക്കുന്ന ഗവ.ആയുർവേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) രോഗികളെ കിടത്തി ചികിത്സ നടത്തുന്നതിന് ഏതൊക്കെ നടപടിക്രമങ്ങൾ ആണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

## ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം

2312 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ ഫണ്ട് അനുവദിച്ച ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) ഗുരുവായൂർ ആയുർവേദാശുപത്രിക്ക് 2023-ൽ ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 2.11 കോടി രൂപ ആശുപത്രി കെട്ടിട നിർമ്മാണത്തിന് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തിക

2313 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ആയുഷ് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 709 ഹോമിയോ ഡിസ്പെൻസറികളിലും 34 ആശുപത്രികളിലും 407 എൻ. എച്ച്. എം. ഡിസ്പെൻസറികളിലും 29 എസ്. സി. ഡിസ്പെൻസറികളിലും 3 ഫ്ലോട്ടിംഗ് ഡിസ്പെൻസറികളിലും 4 മൊബൈൽ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റിന്റെ റെഗുലർ തസ്തിക ഉണ്ടോയെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) മേൽപ്പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങളിൽ നിലവിൽ റെഗുലർ ഫാർമസിസ്റ്റ് തസ്തിക ഇല്ലാത്തവയിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**ആയുർവേദ ഔഷധസസ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

2314 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യം നിന്നുപോകുന്ന ആയുർവേദ ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും ആയുർവേദ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് എത്ര ഔഷധസസ്യ നഴ്സറികളും ഗവേഷണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) ഔഷധ സസ്യങ്ങളുടെ ശേഖരണം, കൃഷി, വിതരണം എന്നിവ വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഔഷധ സസ്യങ്ങളുടെ വിത്തുകൾ ശേഖരിക്കുന്നതിനും കർഷകർക്ക് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും വിത്തുസംഭരണ വിതരണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) ആയുർവേദ മേഖലയിലെ സ്ഥാപനങ്ങൾ, അഭ്യുദയകാംഷികൾ, സന്നദ്ധസംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന് ആയുർവേദ ഔഷധ കൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മൊഗ്രാൽ ഗവ. യുനാനി ആശുപത്രി**

2315 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മൊഗ്രാൽ ഗവ. യുനാനി ആശുപത്രിയിൽ നിന്നും നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ശരാശരി പ്രതിദിന ഔട്ട് പേഷ്യന്റ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയെ കിടത്തി ചികിത്സ നൽകുന്ന ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കാരുണ്യ ഫാർമസിയിൽ നിന്നുള്ള മരുന്ന് വിതരണം**

2316 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻകൂർ പണമടച്ചിട്ടും കാരുണ്യഫാർമസിയിൽ നിന്ന് മരുന്നുകൾ കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഫണ്ടിൽ നിർധന രോഗികൾക്ക് സൗജന്യമായി നൽകേണ്ട മരുന്നുകളുടെ വിതരണം തടസ്സപ്പെട്ടിട്ടുള്ള സാഹചര്യം പരിശോധിക്കുമോ;

(സി) ജീവിതശൈലി രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് കാരുണ്യഫാർമസികൾ വഴി എത്രയും വേഗം മരുന്ന് വിതരണം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>നിലമ്പൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ</u>

2317 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉപയോഗയോഗ്യമല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ട്; ഇവ പുനർനിർമ്മിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) നിലമ്പൂർ നഗരസഭയിൽ വൃന്ദാവനിലെ 63-ആം നമ്പർ അങ്കണവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാകുന്ന പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

## <u>മട്ടന്നൂർ മണ്ഡലത്തിലെ അങ്കണവാടികൾ</u>

2318 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ നിലവിൽ എത്ര അങ്കണവാടികൾ ഉണ്ടെന്നും പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്രയെണ്ണമുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികൾ</u>

2319 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികൾ 'സ്മാർട്ട് അങ്കണവാടികൾ' ആയി ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികളിൽ സ്വന്തമായി സ്ഥലം ഉള്ളവ, കെട്ടിടങ്ങൾ ഉള്ളവ, സ്ഥലം ഇല്ലാത്തവ, കെട്ടിടങ്ങൾ ഇല്ലാത്തവ എന്നിങ്ങനെ

ഏതെല്ലാമെന്ന് അറിയിക്കാമോ?

**ഇരവിപുരം മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ**

2320 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഇരവിപുരം മണ്ഡലത്തിലെ ഏതൊക്കെ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വർഷം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ഇനി ഏതെങ്കിലും അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ സമ്പൂർണ അംഗൻവാടി കെട്ടിടനിർമ്മാണ പദ്ധതി**

2321 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിട നിർമ്മാണത്തിന് സമ്പൂർണ അംഗൻവാടി കെട്ടിടനിർമ്മാണ പദ്ധതി (2024-25 -ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 973) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**അങ്കണവാടി കം ക്രഷ്**

2322 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രഷ് പദ്ധതി റദ്ദാക്കി അംഗണവാടികളുമായി ചേർന്ന് അങ്കണവാടി കം ക്രഷ് പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നാഷണൽ ക്രഷ് പദ്ധതിയിൽ പ്രവർത്തിച്ചിരുന്ന മുഴുവൻ ക്രഷുകളെയും അങ്കണവാടി കം ക്രഷ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; മേൽപ്പറഞ്ഞ പദ്ധതിയിൽ പ്രവർത്തിച്ചിരുന്ന മുഴുവൻ ജീവനക്കാർക്കും അംഗണവാടി കം ക്രഷ് പദ്ധതിയിൽ ജോലി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വർഷങ്ങളോളം പ്രവർത്തി പരിചയം ഉള്ള ഈ ജീവനക്കാരെ മുഴുവൻ പേരെയും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) നാഷണൽ ക്രഷ് പദ്ധതിയിൽ നിന്നും 62 വയസ്സ് തികഞ്ഞതിനെ തുടർന്ന് പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യവും പെൻഷനും അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) അംഗനവാടി കം ക്രഷ് പദ്ധതിയിലെ ജീവനക്കാരുടെ ഹോണറേറിയം അംഗനവാടി ജീവനക്കാരുടെതിന് തുല്യമായി വർധിപ്പിക്കുന്നതിനും ഉത്സവത്ത

ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അംഗനവാടി ജീവനക്കാർക്കും അംഗനവാടി കം ക്രഷ് ജീവനക്കാർക്കും ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

(ഇ) അംഗനവാടി കം ക്രഷ് പദ്ധതിയിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി എന്ത് സ്കീം ആണ് നടപ്പിലാക്കിയിട്ടുള്ളത്; എന്തൊക്കെ പോഷകാഹാരങ്ങൾ ആണ് നൽകുന്നത്; ഇതിനായി ഓരോ കുട്ടിക്കും പ്രതിദിനം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## അങ്കണവാടി ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ

2323 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാരെ തൊഴിലാളികളായി അംഗീകരിക്കുവാനും നിലവിലുള്ള ഓണറേറിയം വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ക്ഷേമനിധി, യാത്രാ ആനുകൂല്യങ്ങൾ, വിവാഹം, അസുഖങ്ങൾ, വീടു നിർമ്മാണം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള സഹായം എന്നിവ സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വിരമിച്ച അംഗനവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ

2324 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിച്ച അംഗനവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ മുടങ്ങിയിട്ട് എത്രമാസമായെന്നും എത്ര തുക കുടിശികയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഉടൻ കൊടുത്തു തീർക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

## അങ്കണവാടികൾ നവീകരിക്കുന്നതിന് നടപടി

2325 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

## പടവുകൾ പദ്ധതിയുടെ കുടിശ്ശിക തുക നൽകാൻ നടപടി

2326 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പടവുകൾ പദ്ധതിയ്ക്ക് 2022-23 മുതലുള്ള ധനസഹായം അനുവദിച്ചോ എന്ന്

വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കുടിശ്ശിക തുക മുഴുവൻ എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി**

2327 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിൽ വ്യാപകമായ തോതിൽ നിരോധിത നിറങ്ങൾ, കീടനാശിനികൾ, പ്രിസർവേറ്റീവുകൾ, മാലിന്യങ്ങൾ എന്നിവ ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) ഭക്ഷ്യ വസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഹോട്ടലുകളുടെ ശുചിത്വവും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് നടപടി**

2328 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളുടെ ശുചിത്വവും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ ഹോട്ടലുകളുടെ പരിശോധന ഊർജിതമാക്കുന്നതിനായി നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

2329 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ വിശദാംശവും വ്യക്തമാക്കാമോ?

**സിവിൽ സപ്ലൈസ് പരിശോധന**

2330 **ശ്രീ. എ. പി. അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് പൊതുവിപണി പരിശോധനയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കടകളിൽ സിവിൽ സപ്ലൈസ് പരിശോധന നടത്തിയെന്ന്

അറിയിക്കാമോ;

(ബി) ഇതിൽ വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത എത്ര കടകൾ കണ്ടെത്തിയെന്ന് അറിയിക്കാമോ; വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

## എ.എ.വൈ. കാർഡുകൾ

2331 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് കേന്ദ്രം അനുവദിച്ച എ.എ.വൈ. കാർഡുകളുടെ ആകെ എണ്ണം എത്രയാണ്; നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ ആകെയുള്ള എ.എ.വൈ. കാർഡുകളുടെ എണ്ണം എത്രയായിരുന്നു; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെ എത്ര എ.എ.വൈ. കാർഡുകൾ അനുവദിച്ചു; വിശദമാക്കാമോ ;

(ബി) സമയ ബന്ധിതമായി എ.എ.വൈ. കാർഡുകൾ അനുവദിക്കാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെയായി എത്ര ടൺ അരി നഷ്ടമായി; ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്നും കേന്ദ്ര അരി വിഹിതം ലാപ്സാക്കിയ ഉദ്യോഗസ്ഥനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ;

(സി) 2024 ജനവരി 31 വരെ അനുവദിച്ച എ.എ.വൈ. കാർഡുകളുടെ എണ്ണം എത്രയാണ്; ഈ കാലയളവിൽ മാനദണ്ഡങ്ങൾ പ്രകാരം എത്ര കാർഡുകൾ കൂടി അനുവദിക്കാമായിരുന്നു; ഇതുപ്രകാരം 2024 മെയ് 31 നുള്ളിൽ എത്ര എ.എ.വൈ. കാർഡുകൾ അനുവദിച്ചു; വിശദമാക്കാമോ;

(ഡി) എ.എ.വൈ. കാർഡുകൾ അനുവദിക്കുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; പി. എച്ച്. എച്ച്. കാർഡുകളെപ്പോലെ എന്തുകൊണ്ടാണ് എ.എ.വൈ. കാർഡുകളുടെ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കാത്തത്; വിശദമാക്കാമോ;

(ഇ) എ. എ. വൈ. കാർഡുകളുടെ അപേക്ഷ എന്നു മുതലാണ് ഓൺലൈനായി സ്വീകരിച്ച് തുടങ്ങുന്നത്; എ. എ. വൈ. മാനദണ്ഡങ്ങൾ പ്രകാരം ഉണ്ടാവുന്ന ഒഴിവുകൾ തൊട്ടടുത്ത മാസം തന്നെ നികത്തുന്നതിനായി ഓൺലൈനായി അപേക്ഷ സ്വീകരിച്ച് പട്ടിക തയ്യാറാക്കുന്ന നടപടി എന്നു മുതലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മുൻഗണന റേഷൻ കാർഡുകൾക്കുള്ള അപേക്ഷകൾ

2332 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ മണ്ണാർക്കാട് മണ്ഡലത്തിൽ നിന്നും എത്ര റേഷൻ കാർഡുകൾ മുൻഗണന പട്ടികയിലും അന്ത്യോദയ അന്ന യോജന വിഭാഗത്തിലും ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷകൾ ലഭിച്ചു എന്നതിന്റെ വിവരം നൽകാമോ;

(ബി) ഇതിൽ എത്ര അപേക്ഷകളിൽ തീരുമാനമെടുത്തുവെന്നും എത്ര അപേക്ഷകൾ നിരസിച്ചുവെന്നതിന്റെയും വിവരം നൽകാമോ;

(സി) ഇനിയും തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുമോ?

## <u>അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡ് വിതരണം</u>

2333 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡുകൾ എത്ര പേർക്ക് നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ മണ്ഡലത്തിലുമുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡുകൾക്ക് വേണ്ടി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ</u>

2334 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് ഭക്ഷ്യധാന്യ വിതരണം നടത്തണമെന്ന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതനുസരിച്ച് സംസ്ഥാനത്ത് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തെരുവോരങ്ങളിൽ അധിവസിക്കുന്നവർക്കും വാടക വീടുകളിൽ മാറിമാറിത്താമസിക്കുന്നവർക്കും റേഷൻകാർഡ് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ;

(ഡി) കേന്ദ്രസർക്കാർ സ്വീകരിച്ച അശാസ്ത്രീയമായ സമീപനം സംസ്ഥാനത്തെ മുൻഗണനാ കാർഡുകൾക്ക് അർഹതയുള്ളവരെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## <u>റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങളുടെ ഫീസ്</u>

2335 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ഓൺലൈൻ സേവനങ്ങളുടെ ഫീസിനെ കുറിച്ച് സർക്കാർ എടുത്ത പുതിയ തീരുമാനം

എന്താണെന്ന് അറിയിക്കാമോ;

(ബി) റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകളിൽ ഫീസ് വീണ്ടും ഈടാക്കാൻ കാരണം എന്താണ്; വ്യക്തമാക്കാമോ;

(സി) ഏതു വിഭാഗത്തിലെ ഗുണഭോക്താക്കളെയാണ് ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ സമർപ്പിച്ച ശിപാർശയെ അടിസ്ഥാനമാക്കിയുള്ള സർക്കാർ ഉത്തരവിന്റെ പ്രധാന നേട്ടം എന്താണെന്ന് വിശദമാക്കാമോ?

## അതിദരിദ്ര വിഭാഗക്കാർക്ക് റേഷൻകാർഡ് ലഭ്യമാക്കാൻ നടപടി

2336 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദരിദ്ര വിഭാഗക്കാർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്കാണ് ഇപ്രകാരം കാർഡ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുപോലെ പ്രത്യേക പരിഗണന നൽകി റേഷൻ കാർഡുകൾ അനുവദിച്ച മറ്റ് വിഭാഗക്കാർ ആരൊക്കെയാണെന്ന് വിശദമാക്കാമോ?

## മുൻഗണന വിഭാഗത്തിലെ കാർഡുകളിൽ നിന്നും അനർഹരെ ഒഴിവാക്കുവാൻ നടപടി

2337 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി ഒരു മാസം ശരാശരി എത്ര അപേക്ഷകൾ ലഭിക്കുന്നും ഇവയിൽ എത്ര അപേക്ഷകൾക്ക് പരിഹാരം കാണാറുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര മുൻഗണന കാർഡുകൾ അനുവദിച്ചുവെന്ന് അറിയിക്കാമോ;

(സി) അനർഹരായ ആളുകളെ മുൻഗണന വിഭാഗത്തിൽ നിന്നും ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അനർഹരായ ആളുകളിൽ നിന്നും പിഴ ഇനത്തിൽ സ്വീകരിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## അരൂർ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

2338 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ നിലവിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കെ-സ്റ്റോർ വഴി ജനങ്ങൾക്ക് ഏതെല്ലാം സാധനങ്ങൾ സബ്സിഡി നിരക്കിൽ കൊടുക്കുന്നുണ്ട് എന്ന് വിശദമാക്കാമോ?

## റേഷൻ വ്യാപാരി ക്ഷേമനിധി

2339 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ലൈസൻസികൾക്ക് സംസ്ഥാന സർക്കാർ ഉത്സവബത്ത നൽകുന്നുണ്ടോ; മുൻ വർഷങ്ങളിൽ ഉത്സവബത്തയായി പ്രഖ്യാപിച്ച തുക നൽകാൻ ബാക്കിയുണ്ടോ; റേഷൻ ലൈസൻസികൾക്ക് ഈ ഓണക്കാലത്ത് ഉത്സവബത്ത നൽകിയില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഓണക്കാലത്ത് കിറ്റ് നൽകിയതിന് റേഷൻ ലൈസൻസികൾക്ക് കമ്മിഷൻ നൽകാൻ ബാക്കിയുണ്ടോ; എത്ര തുകയാണ് നൽകാനുള്ളത്; 2025 ലെ ഓണക്കാലത്ത് കിറ്റ് നൽകിയ ഇനത്തിൽ എത്ര രൂപയാണ് നൽകാനുള്ളത്; വ്യക്തമാക്കാമോ;

(സി) റേഷൻ വ്യാപാരികൾക്കായി ക്ഷേമനിധി നിലവിലുണ്ടോ; എന്നു മുതലാണ് ക്ഷേമനിധി ആരംഭിച്ചത്; എത്ര പേരാണ് അംഗങ്ങളായിട്ടുള്ളത്; എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വ്യാപാരികളും സർക്കാരും ഇതിൽ നൽകുന്ന വിഹിതം എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) റേഷൻ വ്യാപാരി ക്ഷേമനിധിയിൽ ഏതെല്ലാം ആനുകൂല്യങ്ങളിൽ എത്ര തുകയാണ് നൽകാൻ ബാക്കിയുള്ളത്; ഏതു വർഷം മുതലുള്ള തുകയാണ് കുടിശികയുള്ളത്; വ്യാപാരി ക്ഷേമനിധി ഓഫീസിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരാണ് ഉള്ളത്; ഇവർക്കു ശമ്പളം നൽകാൻ എത്ര രൂപയാണ് പ്രതിമാസം ചെലവിടുന്നത്; ഈ തുക ക്ഷേമനിധിയിൽ നിന്നാണോ നൽകുന്നത്; വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിലെ പുതിയ റേഷൻ കടകൾ

2340 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും (2016-21) കാലത്ത് വർക്കല മണ്ഡലത്തിൽ എത്ര പുതിയ റേഷൻ കടകൾക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണത്തിന് അനുമതി നല്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ

2341 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പുന്ന, മാട്ടുമ്മൽ പ്രദേശങ്ങളിലെ റേഷൻകടകൾ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കെ സ്റ്റോർ പദ്ധതി

2342 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര റേഷൻകടകളിൽ കെ സ്റ്റോർ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ സ്റ്റോർ വഴി നല്കി വരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ റേഷൻ കടകളിലേക്ക് കെ സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ?

## റേഷൻ കടകളുടെ പേരുവിവരം

2343 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിലെ സർക്കാരിന്റെ കാലത്ത് അനുവദിച്ച റേഷൻ കടകളുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഗോതമ്പു വിതരണം

2344 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ കാരണം ഭക്ഷണത്തിനായി ഗോതമ്പിനെ ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ സംസ്ഥാനത്തുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിന് ടൈഡ് ഓവർ വിഹിതമായി പ്രതിമാസം ലഭിച്ചു കൊണ്ടിരുന്ന ഗോതമ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം കേരളത്തിലെ മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ നിന്നും ഗോതമ്പ് പൂർണ്ണമായി കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; പൊതുവിതരണ സമ്പ്രദായത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പു വിതരണം ഇതോടെ പൂർണ്ണമായും നിലച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് മുൻഗണനേതര വിഭാഗത്തിൽപ്പെട്ട അൻപത് ലക്ഷത്തിലധികം കാർഡുടമകൾക്ക് ഇനിമുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

## റേഷൻ കടകളിൽ യഥാസമയം സാധനങ്ങൾ ലഭ്യമാക്കാത്തത്

2345 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ യഥാസമയം സാധനങ്ങൾ ലഭ്യമാക്കാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ റേഷൻ സാധനങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കി ബുദ്ധിമുട്ട് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

**<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കെ-സ്റ്റോറുകൾ</u>**

2346 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ എവിടെയൊക്കെയാണ് കെ-സ്റ്റോറുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; കെ-സ്റ്റോറുകൾ വഴി ഏതൊക്കെ സാധനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>റേഷൻ സാധനങ്ങൾ കടത്തുന്നവർക്കെതിരെ നടപടി</u>**

2347 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ വിതരണം ചെയ്യാനുള്ള അരി സിവിൽ സപ്ലൈസിന്റെ ഗോഡൗണിൽ നിന്നും കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അടുത്ത കാലത്തായി ഇത്തരം സംഭവങ്ങൾ എവിടെയെല്ലാം നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) റേഷൻ സാധനങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിന് കൂട്ടുനിന്നവർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിൽ ഭക്ഷ്യപൊതു വിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>**

2348 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യപൊതു വിതരണ വകുപ്പ് മുഖേന അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

**<u>ക്ഷേമ സ്ഥാപനങ്ങൾക്കുള്ള റേഷൻ വിതരണം</u>**

2349 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷേമ സ്ഥാപനങ്ങൾക്കാണ് പൊതുവിതരണവകുപ്പ് നിലവിൽ റേഷൻ വിതരണം നടത്തുന്നതെന്നും പ്രതിവർഷം എത്ര അളവ് അരി ഇപ്രകാരം വിതരണം നടത്തുന്നുവെന്നും വിശദമാക്കാമോ;

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ക്ഷേമസ്ഥാപനങ്ങൾക്ക് റേഷൻ വിതരണം നടത്തുന്നുണ്ടോയെന്നും എങ്കിൽ ആയത് ഏതെല്ലാം ക്ഷേമസ്ഥാപനങ്ങൾക്കാണെന്നും പ്രതിവർഷം എത്ര അളവ് അരി വിതരണം നടത്തുന്നുവെന്നും വ്യക്തമാക്കാമോ?

**ഇ-പോസ് യന്ത്രസംവിധാനത്തിലെ മാറ്റങ്ങൾ**

2350 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിനുള്ള ഇ-പോസ് യന്ത്രസംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണി കരാർ ഇപ്പോഴും നിലവിലുണ്ടോ; എന്നാണ് കരാർ നിലവിൽ വന്നത്; ഈ കരാർ പലവട്ടം പുതുക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കരാർ നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച ടെണ്ടർ നടപടികൾ മുൻപ് നടത്തിയ ശേഷം ഉപേക്ഷിക്കുകയുണ്ടായോ; അന്ന് ടെണ്ടറിൽ പങ്കെടുത്ത കമ്പനികളും അവർ ക്വോട്ട് ചെയ്ത തുകയും എത്രയാണ്; എന്തു കൊണ്ടാണ് ടെണ്ടർ നിർത്തിവച്ചത്; പുതിയ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) റേഷൻകടയിലെ ഇ-പോസ് യന്ത്രവും അളവുതൂക്ക യന്ത്രവും ബന്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; ഇതിന്റെ നടപടികൾ ഏതു വരെയായി; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

**കുണ്ടറ മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

2351 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ എത്ര മാവേലി സ്റ്റോറുകളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും എതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറുകൾ എത്രയെണ്ണമുണ്ട്; ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് നൽകാമോ;

(സി) കുണ്ടറ മണ്ഡലത്തിലെ പേരയം പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പേരയത്ത് മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**സിവിൽ സപ്ലൈസ് കോർപറേഷന്റെ വിപണി ഇടപെടൽ**

2352 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപറേഷന്റെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 2016 –17 മുതൽ 2024–25 വരെ ഓരോ വർഷവും അനുവദിച്ച തുക എത്രയാണ് ; 2025–26 സാമ്പത്തിക വർഷം ഇതു വരെ എത്ര തുകയാണ് നൽകിയത്;

(ബി) സിവിൽ സപ്ലൈസ് കോർപറേഷൻ വഴി വിൽപന നടത്തുന്ന സബ്ഡിസി സാധനങ്ങളുടെ വില ഇപ്പോൾ എത്രയാണ്; കഴിഞ്ഞ വർഷം ഫെബ്രുവരിക്ക് ശേഷം എത്ര തവണ ഏതെല്ലാം സാധനങ്ങളുടെ വില പരിഷ്കരിച്ചിട്ടുണ്ട്;

(സി) സബ്സിഡി വെളിച്ചെണ്ണയും നോൺ സബ്സിഡി വെളിച്ചെണ്ണയും ഒന്നിച്ച് ഒരു കിലോയായി ആണോ സപ്ലൈകോ വഴി നൽകുന്നത് ; ഇതിൽ സബ്സിഡി, നോൺ സബ്സിഡി ഇനങ്ങളുടെ വേർതിരിച്ചുള്ള വില എത്രയാണ് ; വെളിച്ചെണ്ണയുടെ സബ്സിഡി വില ഈയിടെ പരിഷ്കരിച്ചിരുന്നോ ; അതിനു മുൻപ് എത്ര രൂപയായിരുന്നു വില;

(ഡി) ഓണക്കാലത്ത് സപ്ലൈകോ വഴി എത്ര രൂപയുടെ എത്ര അളവ് വെളിച്ചെണ്ണയാണ് വിറ്റഴിച്ചത് ; ഇതിൽ 'കേര' ഉൾപ്പെടെ വിവിധ ബ്രാൻഡുകളുടെ വിലയും അളവും എത്രയായിരുന്നു ; കേര വെളിച്ചെണ്ണ മറ്റ് ബ്രാൻഡുകളെ അപേക്ഷിച്ച് കൂടിയ വിലയ്ക്കാണ് സപ്ലൈകോയ്ക്ക് നൽകിയത് എന്നതു ശരിയാണോ ; വില കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഇ) ഓണക്കാലത്ത് സപ്ലൈകോയുടെ ആകെ വിൽപന എത്രയായിരുന്നു ; ഇതിൽ സബ്സിഡി സാധനങ്ങളുടെ വിൽപന എത്ര തുകയുടേതായിരുന്നു; എത്ര കാർഡ് ഉടമകളാണ് സാധനങ്ങൾ വാങ്ങാൻ എത്തിയത്; വിശദമാക്കുമോ?

## <u>സിവിൽ സപ്ലൈസ് കോർപറേഷന്റെ ലാഭവും നഷ്ടവും</u>

2353 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപറേഷന്റെ 2016–17 മുതൽ 2024–25 സാമ്പത്തിക വർഷം വരെയുള്ള ലാഭവും നഷ്ടവും എത്രയാണ്; റേഷൻ വിതരണം നെല്ല് സംഭരണം എന്നീ ഇനങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ എത്ര രൂപയാണ് ഈ വർഷങ്ങളിൽ സപ്ലൈകോയ്ക്ക് നൽകിയത്; പ്രസ്തുത വർഷങ്ങളിൽ എത്ര തുക ഏതൊക്കെ ഇനങ്ങളിൽ ഇനി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംഭരിച്ച നെല്ല് മില്ലുകൾക്ക് നൽകുന്ന സി. എം. ആർ പദ്ധതി പ്രകാരം എത്ര രൂപയാണ് സപ്ലൈകോ 2016 ഏപ്രിൽ മുതൽ 2025 മാർച്ച് 31 വരെ ഓരോ വർഷവും മില്ലുകൾക്ക് നൽകിയത്; എത്ര കിലോ നെല്ലാണ് ഓരോ വർഷവും നൽകിയതെന്നും അതിന് എത്ര അരിയാണ് തിരികെ ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(സി) എത്ര മില്ലുകളാണ് ഇപ്പോൾ സപ്ലൈകോയുമായി സഹകരിക്കുന്നത്; ഇവയിൽ സർക്കാർ സ്വകാര്യ സഹകരണ മേഖലയിലെ മില്ലുകളുടെ പട്ടിക നൽകാമോ;

(ഡി) 2016 മുതൽ എത്ര കിലോ റേഷൻ ഗോതമ്പാണ് ഓരോ വർഷവും കേന്ദ്രം സംസ്ഥാന സർക്കാരിന് അനുവദിക്കുന്നത്; ഈ ഗോതമ്പിൽ എത്ര അളവാണ് മില്ലുകൾക്ക്

നൽകി ഓരോ വർഷവും പൊടിച്ച് ആട്ടയാക്കി മാറ്റുന്നത്; ഇതിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള മില്ലുകൾ ഏതൊക്കെയാണ്; അവർക്ക് എത്ര തുകയാണ് 2016 മുതൽ നൽകിയത്; റേഷൻ കട വഴി വിൽക്കുന്ന ആട്ടയുടെ തുക കഴിഞ്ഞ 10 വർഷത്തിനിടെ എപ്പോഴെല്ലാമാണ് വർധിപ്പിച്ചത്; വിശദമാക്കാമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിലെ മാവേലിസ്റ്റോറുകൾ**

2354 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ൽ നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതിയ മാവേലിസ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര മാവേലിസ്റ്റോറുകൾ ആണ് നെയ്യാറ്റിൻകര മണ്ഡലത്തിൽ പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ?

**പാറശാല മണ്ഡലത്തിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ**

2355 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പാറശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ കർഷകരിൽ നിന്നും എത്ര നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് സീസൺ അടിസ്ഥാനത്തിൽ പഞ്ചായത്ത് തിരിച്ച് വിവരം വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നാളിതുവരെ മണ്ഡലത്തിലെ കർഷകർക്ക് എത്ര രൂപ കൊടുത്ത് തീർത്തിട്ടുണ്ടെന്നും ഇനി എത്ര കൊടുക്കാനുണ്ടെന്നും നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര സർക്കാരിൽ നിന്ന് എത്ര രൂപ ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ;

(സി) പാറശാല മണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് കളത്തറയ്ക്കൽ നെൽപാടശേഖരസമിതി 17.04.2024-ന് പി.ആർ.എസ് നമ്പർ 2233036805 ആയി കയറ്റിവിട്ട 28324 കിലോ നെല്ലിന് ലഭിക്കേണ്ട തുക പൂർണ്ണമായും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**അഴീക്കോട് മണ്ഡലത്തിലെ ഭക്ഷ്യപൊതുവിതരണം**

2356 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ അഴീക്കോട് മണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളിലും രണ്ടു കോർപ്പറേഷൻ സോണുകളിലുമായി ഭക്ഷ്യപൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കെ-സ്റ്റോർ**

2357 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എവിടെയെല്ലാമാണ് കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കേന്ദ്ര സർക്കാർ നൽകാനുള്ള തുക</u>**

2358 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കേന്ദ്രസർക്കാർ എത്ര തുക വീതം നല്കാനുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

**<u>സംസ്ഥാന ഭക്ഷ്യ കമ്മീഷൻ</u>**

2359 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ കമ്മീഷനെ സർക്കാർ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; ചെയർമാനും അംഗങ്ങളും ഉൾപ്പെടെ എത്ര പേരാണ് കമ്മിഷനിലുള്ളതെന്നും ഇവരുടെ സേവനവേതന വ്യവസ്ഥകൾ എപ്രകാരമാണെന്നും അറിയിക്കാമോ;

(ബി) ഭക്ഷ്യ കമ്മീഷനിലെ അംഗങ്ങളുടെ ഒഴിവുകൾ നികത്താനുണ്ടോ; എങ്കിൽ എന്ന് മുതലാണ് ഒഴിവുകൾ ഉണ്ടായതെന്ന് അറിയിക്കുമോ; ആരൊക്കെയാണ് കാലാവധി പൂർത്തിയാക്കി ഒഴിവായതെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യ കമ്മീഷൻ പുനഃസംഘടിപ്പിച്ചശേഷം നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; കമ്മീഷൻ എത്ര കേസുകൾ തീർപ്പാക്കിയെന്നും അവശേഷിക്കുന്നവ എത്രയാണെന്നും അറിയിക്കാമോ; കമ്മീഷൻ സ്വമേധയാ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ എത്ര ജീവനക്കാരാണുള്ളതെന്ന് അറിയിക്കാമോ; ഇവർ അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാർ വകുപ്പുകളിൽ നിന്ന് എത്തിയവരാണോ കമ്മീഷൻ നേരിട്ടു നിയമിച്ചവരാണോ എന്നത് വ്യക്തമാക്കാമോ;

(ഇ) കമ്മീഷൻ എത്ര വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ; ഇവ സ്വന്തം വാഹനങ്ങളാണോ കരാർ അടിസ്ഥാനത്തിൽ ഉള്ളതാണോ; വിശദാംശങ്ങൾ നൽകാമോ?;

(എഫ്) കമ്മീഷന്റെ വാഹനങ്ങൾ ഓടിക്കാൻ പുതുതായി ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ നിയമന നടപടികൾ വ്യക്തമാക്കാമോ; മുൻപ് ഉണ്ടായിരുന്ന ഡ്രൈവർമാരെ മാറ്റിയതിന്റെ കാരണം അറിയിക്കാമോ ?

**<u>ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ</u>**

2360 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമുള്ള ഓഫീസുകളിൽ എത്ര പരാതികൾ തീർപ്പാക്കാനുണ്ടെന്ന് ജില്ല തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര നാളിനകം പരാതികളിന്മേൽ തീർപ്പ് കൽപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കമ്മിഷനിൽ നിയമിക്കുന്നതിനു മുൻപായി ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകാറുണ്ടോ; വിശദമാക്കാമോ?

## പെട്രോൾ പമ്പുകളിൽ പരിശോധന

2361 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര പെട്രോൾ പമ്പുകളിൽ പരിശോധന നടന്നിട്ടുണ്ട്; താലൂക്കടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം പെട്രോൾ പമ്പുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; അവയ്ക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്നുള്ള വിശദാംശം താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും കുടിവെള്ളം, സുരക്ഷിതവും സൗകര്യപ്രദവുമായ സ്ഥലത്ത് വൃത്തിയുള്ളതും അടച്ചുറപ്പുള്ളതും ഉള്ളിൽ വെളിച്ചമുള്ളതുമായ ടോയ്‌ലെറ്റ് സൗകര്യം എന്നിവ ഉറപ്പാക്കുന്നതിലും ഇവ ലഭ്യമാണെന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിനും നിലവിൽ സ്വീകരിച്ചു വരുന്ന നടപടി വിശദീകരിക്കാമോ;

(ഡി) പൊതുജനങ്ങൾക്ക് മേൽ പറഞ്ഞ സൗകര്യങ്ങൾ ലഭ്യമാക്കാത്ത പെട്രോൾ പമ്പുകൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ ലീഗൽ മെട്രോളജി വിഭാഗം നടത്തിയ പരിശോധനകൾ

2362 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ലീഗൽ മെട്രോളജി വിഭാഗം നടത്തിയ പരിശോധനകൾ എത്രയാണെന്ന് വിശദമാക്കാമോ; അതിൽ എത്ര നിയമലംഘനങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര തുക പിഴ ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) റമദാൻ, വിഷു, ഓണം പോലുള്ള ഉത്സവകാലത്ത് ആലത്തൂരിൽ നടത്തിയ പ്രത്യേക പരിശോധന റെയ്ഡുകളിൽ എത്ര വ്യാപാരികൾക്കെതിരെയാണ് നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## മയക്ക് മരുന്ന് ഉപയോഗം

2363 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2025 വരെ മയക്കുമരുന്ന് ഉപയോഗം മൂലമുള്ള എത്ര അതിക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരങ്ങളുടെ വർഷവും ജില്ലയും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ മയക്കുമരുന്ന് കൈവശം വച്ചതിനും വിതരണം ചെയ്തതിനും ഉപയോഗിച്ചതിനുമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ കുറ്റവിമുക്തരായിട്ടുണ്ടെന്നുമുള്ള വർഷം, ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## <u>ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള ലഹരി മരുന്ന് വ്യാപാരം</u>

2364 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെറ്റാമെലോൺ ഡാർക്ക് നെറ്റ് ലഹരി ഇടപാടുമായി ബന്ധപ്പെട്ട് മലയാളികളായ എൻജിനീയർമാർ അറസ്റ്റിലായത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഡാർക്ക് നെറ്റിന്റെ സാധ്യതകൾ ഉപയോഗിച്ച് വൻതോതിൽ ലഹരി മരുന്ന് വ്യാപാരം നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള ലഹരി മരുന്ന് വ്യാപാരം തടയുന്നതിന് എക്സൈസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ വിവിധ റിസോർട്ടുകൾ കേന്ദ്രീകരിച്ച് ലഹരി പാർട്ടികൾ നടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലഹരി പാർട്ടികൾ നടത്തിയതുമായി ബന്ധപ്പെട്ട് എത്ര റിസോർട്ടുകളിൽ പരിശോധന നടത്തിയിട്ടുണ്ട്; എത്ര സ്ഥലത്ത് നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ റിസോർട്ട് ഉടമകൾ ഉൾപ്പെടെയുള്ളവർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## <u>ചങ്ങനാശ്ശേരി എക്സൈസ് റേഞ്ചിനെ വിഭജിച്ച് പുതിയ റേഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി</u>

2365 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി എക്സൈസ് റേഞ്ചിനെ വിഭജിച്ച് വെള്ളാവൂർ, വാഴൂർ, വാകത്താനം, നെടുംകുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകൾ ഉൾപ്പെടുത്തി കറുകച്ചാലോ നെടുംകുന്നമോ കേന്ദ്രമാക്കി പുതിയ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാഫുകളുടെ പുനർവിന്യാസത്തിലൂടെ പ്രസ്തുത പദ്ധതി എത്രയും വേഗം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>ഭരണകക്ഷിയുടെ പ്രാദേശിക നേതാവ് എം. ഡി. എം. എ. യുമായി പിടിയിലായ കേസിന്റെ അന്വേഷണ പുരോഗതി</u>**

2366 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാവ് എം. ഡി. എം. എ. യുമായി പിടിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; എത്ര ഗ്രാം എം. ഡി. എം. എ. ആണ് പ്രസ്തുത വ്യക്തിയിൽ നിന്ന് പിടികൂടിയതെന്ന് അറിയിക്കാമോ; ഈ കേസിന്റെ എഫ്. ഐ. ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പൊതുപ്രവർത്തനം മറയാക്കി ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി</u>**

2367 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് കേന്ദ്രീകരിച്ച് ഒരു എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>എക്സൈസ് സേനയിലെ വനിതാ പ്രാതിനിധ്യം</u>**

2368 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യ-മയക്കുമരുന്ന് കേസുകളിൽ പെൺകുട്ടികളുടെയും സ്ത്രീകളുടെയും പങ്കാളിത്തം കൂടിവരുന്ന സാഹചര്യം പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്ത്രീകളെ മദ്യ-മയക്കുമരുന്ന് വിപണനത്തിന്റെ കാരിയറായി ഉപയോഗിക്കുന്നതായും അവരെ വിവിധതരത്തിലുള്ള ചൂഷണത്തിന് വിധേയരാക്കുന്നതായും വന്നുകൊണ്ടിരിക്കുന്ന വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(സി) നിലവിൽ എക്സൈസ് ഉദ്യോഗസ്ഥരിലെ വനിതാ പ്രാതിനിധ്യം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഉണർവ്വ്, നേർവഴി തുടങ്ങിയ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളിൽ

വനിതകൾക്ക് പരിശീലനം നൽകി പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**ലഹരി/മയക്കുമരുന്ന് വ്യാപനം കുറയ്ക്കുന്നതിന് ശാസ്ത്രീയമായ ബോധവത്കരണം**

2369 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി/മയക്കുമരുന്ന് ഉപയോഗം വർധിക്കുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ലഹരി/മയക്കുമരുന്ന് വ്യാപനം കുറക്കുന്നതിനായി ശാസ്ത്രീയമായ ബോധവത്കരണം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**സ്കൂൾ-കോളേജ് കാമ്പസുകളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ**

2370 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് കാമ്പസുകളിൽ പിടിമുറുക്കുന്ന ലഹരി മാഫിയ സംഘങ്ങളെ ചെറുക്കുന്നതിനും ലഹരി വിമുക്തമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണ് വിശദീകരിക്കാമോ;

(ബി) സ്കൂൾ പരിസരങ്ങളിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രാദേശികതലങ്ങളിലുള്ള ജാഗ്രതാസമിതികളുടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാനത്ത് മയക്കുമരുന്നുപയോഗത്തിന്റെയും അതുമൂലമുള്ള കുറ്റകൃത്യങ്ങളുടെയും തോത് വർദ്ധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ആന്റി നാർകോട്ടിക്സ് ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയതായി എത്തുന്ന ലഹരി വസ്തുക്കളുടെ/കൃത്രിമ ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ നടപടി ശക്തമാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ നാർകോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈക്കോതെറാപ്പിക്ക് സബ്സ്റ്റൻസസ് ആക്ടിൽ ഉൾപ്പെട്ട മയക്കുമരുന്നുകളുടെ പട്ടിക പരിഷ്കരിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) വിമാനത്താവളം, റെയിൽവേ, ചെക്ക്പോസ്റ്റുകൾ എന്നിവ വഴി ഇതര സംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് കടത്തികൊണ്ടു വരുന്ന കഞ്ചാവ്, എം.ഡി.എം.എ. ഉൾപ്പെടെയുള്ള ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലഹരിക്കടത്തും കച്ചവടവും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ചെറിയ അളവിൽ ലഹരി കൈവശം വെച്ചാൽ സ്റ്റേഷൻ ജാമ്യം ലഭിക്കുമെന്നതിനാൽ ഇത്തരത്തിൽ വിൽപ്പന നടത്തുന്നവർ/ഉപയോഗിക്കുന്നവർ വേഗത്തിൽ സ്റ്റേഷൻ ജാമ്യത്തിൽ പുറത്തെത്തി വീണ്ടും പ്രസ്തുത കുറ്റകൃത്യം

ചെയ്യുന്നുവെന്നതിനാൽ പ്രസ്തുത കുറ്റകൃത്യത്തിൽ തുടർച്ചയായി ഏർപ്പെടുന്നവർക്ക് ജാമ്യം നൽകാതിരിക്കുന്നതിനും കൂടുതൽ കർശനമാക്കുന്നതിനുമായി നിയമം ഭേദഗതി വരുത്തുന്നതിനും കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ജി) രാസലഹരിയുടെയും മറ്റും ഉപയോഗം വ്യക്തിയിലും സമൂഹത്തിലും ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദീകരിക്കാമോ?

## കായംകുളം എക്സൈസ് ഓഫീസ് കെട്ടിടം

2371 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസിന് സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ലഹരി വ്യാപനം

2372 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ ലഹരി വ്യാപനം കൂടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ സർക്കാർ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ലഹരി വ്യാപനം തടയാൻ 24 മണിക്കൂറും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ

2373 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ?

## മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച പഠനം

2374 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച് എക്സൈസ് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) മയക്കുമരുന്ന് ഭീഷണിക്കെതിരെ എക്സൈസ് വകുപ്പ് നാല് ഘട്ടമായി ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വകുപ്പുകൾ എപ്രകാരമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എക്സൈസ് വകുപ്പ് വിദ്യാഭാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശദമാക്കാമോ?

## പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ

2375 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പയ്യന്നൂർ താലൂക്ക് ആസ്ഥാനമായി പുതിയ എക്സൈസ് സർക്കിൾ ഓഫീസ് തുടങ്ങാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും തടയൽ

2376 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മയക്കുമരുന്ന് വിപണന ശൃംഖലയിലെ എല്ലാ കണ്ണികളിലേയ്ക്കും എത്തിച്ചേരാൻ അന്വേഷണ സംഘങ്ങൾക്ക് സാധ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(സി) അന്വേഷണങ്ങൾ വ്യാപകവും ശക്തവുമാക്കുന്നതിന് സഹായകരമായ എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നിന്നും കണ്ടെത്തിയിട്ടുള്ള മയക്കുമരുന്നുകളുടെയും മയക്കുമരുന്നു കേസുകളുടെയും വിശദാംശം നൽകാമോ?

## ലഹരിക്കെതിരെയുള്ള പ്രചരണം

2377 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ ഉൾക്കൊണ്ടിട്ടുള്ള സിനിമ, നാടകം, മറ്റ് കലാരൂപങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദേശം നൽകുമോ; വിശദമാക്കാമോ?

## ലഹരിവസ്തുക്കളുടെ വ്യാപനം തടയാൻ പദ്ധതി

2378 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിത ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിമുക്തി കേന്ദ്രങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## ഡി.റ്റി.പി. സ്കീമിൽ ഉൾപ്പെട്ട റോഡ് വികസനപദ്ധതികൾ സംബന്ധിച്ച്

2379 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽ വർഷങ്ങൾക്കു മുൻപേ അംഗീകരിച്ച ഡി. റ്റി. പി. (ഡീറ്റൈൽഡ് ടൗൺ പ്ലാനിംഗ്) സ്കീമിൽ ഉൾപ്പെട്ടതും ഇപ്പോൾ നടപ്പിലാക്കേണ്ട ആവശ്യകതയില്ലാത്തതും സാങ്കേതിക തടസ്സമുള്ളതുമായ റോഡ് വികസനപദ്ധതികൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനു നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ടേക്ക് എ ബ്രേക്ക് പദ്ധതി

2380 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തിട്ടുള്ളവ എത്രയെന്നും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടും തുറന്നുകൊടുക്കാത്തവ എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇവ തുറന്നുകൊടുത്ത് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## ശുചിത്വ മിഷൻ മുഖേനയുള്ള പ്രവൃത്തികൾ

2381 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ മിഷൻ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും ഫണ്ട് ലഭിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ ഏകദേശം 75 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച അടിസ്ഥാനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള എം.സി.എഫ്. ബിൽഡിംഗിന് ശുചിത്വമിഷൻ ഫണ്ട് ലഭ്യമാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെട്ടിട കൂട്ടിച്ചേർക്കലിനുള്ള നികുതി

2382 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ, പഴക്കംചെന്ന കെട്ടിടത്തോടൊപ്പം പുതുതായി കൂട്ടിച്ചേർക്കലുകൾ നടത്തുമ്പോൾ പുതിയ കൂട്ടിച്ചേർക്കലിനുമാത്രമായി നികുതി അടയ്ക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധത്തിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴയകെട്ടിടം ഉൾപ്പെടെ പുതുതായുള്ള കൂട്ടിച്ചേർക്കലിന് നികുതി നിശ്ചയിച്ച് നൽകുന്നതുമൂലം ജനങ്ങൾക്ക് അധിക സാമ്പത്തിക ബാദ്ധ്യത വരുന്നത് സർക്കാരിന്റെ ശ്രദ്ധത്തിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കെ-സ്മാർട്ട് സോഫ്റ്റ് വെയറിൽ പഴയ കെട്ടിടത്തിനോടൊപ്പം പുതുതായി കൂട്ടിച്ചേർക്കൽ നടത്തിയതിനുമാത്രം നികുതി അടയ്ക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഈ സൗകര്യം അടിയന്തരമായി പ്രസ്തുത സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

## കെട്ടിടനികുതി പുനർനിർണ്ണയം

2383 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ കെട്ടിടനികുതി പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുന്നതിനുള്ള നികുതി പരിഷ്കരണ ഉത്തരവുകൾ പുറപ്പെടുവിച്ചപ്പോഴും തുടർന്ന് വന്ന 05/04/2023-ലെ സ. ഉ.(അച്ചടി) നമ്പർ 25/2023 /എൽ. എസ് . ജി. ഡി. (എസ്. ആർ. ഒ. നം 479/2023) നികുതി പരിഷ്കരണ ഉത്തരവിലും, ആനുവൽ റെന്റ് വാല്യൂ (എ. ആർ. വി.) അടിസ്ഥാനത്തിൽ വീടുകളുടെ കരം നിർണ്ണയിച്ചിരുന്ന രീതിയിൽ വരുത്തേണ്ട മാറ്റത്തെകുറിച്ച് പരാമർശിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആനുവൽ റെന്റ് വാല്യൂ (എ. ആർ. വി.) അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ വീടുകളുടെ കരം നിർണ്ണയിച്ചിരുന്ന കാലഘട്ടത്തിൽ ഉൾപ്പെട്ടവർക്ക് 2011 മുതലുള്ള പരിഷ്കരിച്ച നികുതി നിർണ്ണയത്തിലേയ്ക്ക് മാറുവാൻ സാധിക്കാത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ അടിയന്തരമായി ആനുവൽ റെന്റ് വാല്യൂ (എ. ആർ. വി.) രീതിയിൽ കരം ഒടുക്കുന്നവർക്ക് നിലവിലെ ഉത്തരവ് പ്രകാരമുള്ള രീതിയിലേക്ക് മാറ്റുന്നതിനായി അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കാമോ?

## 2021 മുതൽ 2025 വരെയുള്ള വെള്ളപ്പൊക്ക പ്രവൃത്തികൾ

2384 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ 2021 മുതൽ 2025 വരെയുള്ള വെള്ളപ്പൊക്ക പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; ആയതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടും ഇതിന്റെ നിർവഹണത്തിൽ വീഴ്ച വന്നത് എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; ആയതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## <u>റോഡ് പുനരുദ്ധാരണപദ്ധതിയ്ക്കായി ബാലുശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഫണ്ട്</u>

2385 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണപദ്ധതി പ്രകാരം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത റോഡുകളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## <u>കേരള ചിക്കൻ പദ്ധതിയുടെ ഡയറക്ടർ ബോർഡിൽ കർഷക പ്രതിനിധിയെ ഉൾപ്പെടുത്തുവാൻ നടപടി</u>

2386 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്ത രോഗവാഹകരായ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതുമൂലം കുടുംബശ്രീ വഴി നടപ്പിലാക്കിയ കേരള ചിക്കൻ പദ്ധതിയിൽ പങ്കാളികളായ കർഷകർക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിശ്വാസയോഗ്യമായ കമ്പനികളിൽ നിന്ന് ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ കേരള ചിക്കൻ പദ്ധതിയിലേയ്ക്ക് വിതരണം ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) കേരള ചിക്കൻ പദ്ധതി തുടങ്ങിയ കാലം മുതൽ കോഴിക്കുഞ്ഞുങ്ങളുടെ വളർത്തുകൂലി ഇനത്തിൽ നൽകിവരുന്ന പതിമൂന്ന് രൂപ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കേരള ചിക്കൻ പദ്ധതിയുടെ ഡയറക്ടർ ബോർഡിൽ ഒരു കർഷക പ്രതിനിധിയെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കോതമംഗലം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

2387 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ സ്കീമിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(സി) കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവ്, മണികണ്ഠൻചാൽ എന്നീ പാലങ്ങളുടെയും അനുബന്ധ റോഡുകളുടെയും നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മങ്കട നിയോജകമണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

2388 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സഹായം നൽകിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും പൂർത്തിയാകാൻ ബാക്കിയുള്ള വീടുകൾ എത്രയെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ അവശേഷിക്കുന്ന ഭവന രഹിതർ എത്രയെന്നും അതിൽ സർക്കാരിന്റെ ഒരു ഭവന പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്തവർ എത്രയെന്നും തദ്ദേശസ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## കെ-സ്മാർട്ടിന്റെ പ്രവർത്തന പുരോഗതി

2389 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആവിഷ്കരിച്ച കെ-സ്മാർട്ടിന്റെ പ്രവർത്തന പുരോഗതി എത്രത്തോളമായിയെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

## രോഗബാധയുള്ള തെരുവുനായ്ക്കളുടെ ദയാവധം

2390 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേ പിടിച്ചതും മറ്റ് രോഗബാധയുള്ളതുമായ തെരുവുനായ്ക്കളെ ദയാവധത്തിന് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ദയാവധത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ദയാവധത്തിനുള്ള തെരുവുനായ്ക്കളെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഇതിനായി ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക പരിശീലന പദ്ധതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## തെരുവുനായ്ക്കളിലെ വന്ധ്യംകരണ ശസ്ത്രക്രിയകൾ വർദ്ധിപ്പിക്കാൻ നടപടി

2391 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ബി. സി. സെന്ററുകളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും മൃഗാശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) തെരുവുനായ്ക്കളിലെ വന്ധ്യംകരണ ശസ്ത്രക്രിയകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കെ സ്മാർട്ട് പദ്ധതിയിൽ ജനങ്ങൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ

2392 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ കെ-സ്മാർട്ട് പദ്ധതിയിൽ ജനങ്ങൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ-സ്മാർട്ട് വഴി അപേക്ഷകൾ സമർപ്പിക്കുന്നതിന് ആധാർ അധിഷ്ഠിത ഒ. ടി. പി. സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ആധാർ ഡേറ്റയിൽ മൊബൈൽ നമ്പർ പുതുക്കാത്തതിനാലും വെബ് സൈറ്റിന്റെ മറ്റു തടസ്സങ്ങളും കാരണം പലർക്കും ഒ. ടി. പി. ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആധാർ ലിങ്ക് ചെയ്ത മൊബൈൽ നമ്പർ ഇല്ലാത്തതിനാൽ കെ-സ്മാർട്ട് വഴി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം

നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**നെറ്റ് സീറോ കാർബൺ കേരളം**

2393 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ നടത്തുന്ന പരിസ്ഥിതി പുനസ്ഥാപനപ്രവർത്തനമായ നെറ്റ് സീറോ കാർബൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം കാർബൺ എമിഷൻ ലഘൂകരിക്കുവാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നിർമ്മിച്ച വീടുകൾ**

2394 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിയെന്നുമുള്ള വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ ഭൂരഹിതരായ അപേക്ഷകർക്ക് ഭൂമി കണ്ടെത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഭൂമി ലഭ്യമാക്കേണ്ട അപേക്ഷകരുടെ എണ്ണവും ഭൂമി കണ്ടെത്തിയിട്ടുള്ള അപേക്ഷകരുടെ എണ്ണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

2395 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് മുനിസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; അവയ്ക്ക് വേണ്ടി അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

**തെരുവുനായകളുടെ അനിയന്ത്രിതമായ വർദ്ധനവ്**

2396 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായകളുടെ അനിയന്ത്രിതമായ വർദ്ധനവ് പൊതുജനങ്ങൾക്ക് വലിയ ഭീഷണിയായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തെരുവുനായകളെ പിടികൂടി പ്രജനന നിയന്ത്രണം നടത്താനുള്ള സ്ഥിരം സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക്, താലൂക്ക് തലത്തിലും ഒരുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) രോഗം ബാധിച്ച തെരുവുനായകളെ ദയാവധത്തിന് വിധേയമാക്കുമ്പോൾ മൃഗസ്നേഹികളെന്ന് അവകാശപ്പെടുന്ന ചിലർ എതിർപ്പുമായി രംഗത്തുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തിൽ തെരുവുനായ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള കേന്ദ്രനിയമങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കാമോ?

## തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം

2397 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ എത്ര റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഒരോന്നും നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## തെരുവു നായ്ക്കളുടെ ആക്രമണം തടയാൻ നടപടി

2398 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവു നായകളുടെ എണ്ണം പെരുകി വരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) തെരുവു നായകളുടെ ആക്രമണം ഫലപ്രദമായി തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദേശങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ലൈഫ് പദ്ധതി മുഖേന അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വീടുകൾ

2399 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതി മുഖേന അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വീടുകൾ, അവയുടെ നിർമ്മാണ പുരോഗതി എന്നിവയുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

## ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആറ് മാസത്തിൽ ഒരിക്കൽ ജനസമ്പർക്ക പരിപാടി

2400 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**

**ശ്രീ. കെ.പി.മോഹനൻ**

**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ആറ് മാസത്തിലൊരിക്കൽ ജനസമ്പർക്ക പരിപാടി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ജനങ്ങൾക്ക് സേവനം കൃത്യസമയത്ത് നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഭിന്നശേഷിക്കാർക്ക് ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സംവരണം

2401 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ സാമൂഹിക പദവി ഉയർത്തുന്നതിനും അവർക്ക് പ്രാദേശിക ഭരണ സംവിധാനത്തിൽ അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അവർക്ക് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഗുണനിലവാരമില്ലാത്ത കോഴിയിറച്ചി വിൽപ്പന

2402 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപറേഷൻ പരിധിയിൽ ഗുണനിലവാരമില്ലാത്ത കോഴിയിറച്ചി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഒരേ സ്ഥാപനത്തിനെതിരെ ഒന്നിൽ കൂടുതൽ തവണ നടപടി സ്വീകരിച്ചിട്ടുണ്ടോ; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഹെൽത്ത് വിഭാഗം ജീവനക്കാർ ഇത്തരം സ്ഥാപനങ്ങൾക്കായി അനുകൂല നിലപാട് സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പൊതുജനത്തിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## സാങ്കേതിക കാരണങ്ങളാൽ കെട്ടിട നികുതി ഒടുക്കാൻ കഴിയാത്തത് പരിഹരിക്കാൻ നടപടി

2403 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടും കെട്ടിടനമ്പരും ഉണ്ടെങ്കിലും തദ്ദേശ സ്ഥാപനങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ കെട്ടിട വിവരങ്ങൾ നഷ്ടമായതിനാൽ ജനങ്ങൾക്ക് നികുതി ഒടുക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ സാഹചര്യം അടിയന്തരമായി പരിഹരിച്ച് ജനങ്ങൾക്ക് നികുതി അടച്ച് വിവിധ സേവനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## എറണാകുളം മണ്ഡലത്തിലെ കോന്തുരുത്തിപ്പുഴയുടെ കരകളിൽ താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി

2404 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ കോന്തുരുത്തിപ്പുഴയുടെ കരകളിലും മറ്റുമായി താമസിച്ചിരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവായ സാഹചര്യത്തിൽ ഇവർക്കായി എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) എത്ര കുടുംബങ്ങളെ എന്നത്തേക്ക് പുനരധിവസിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) എത്ര തുകയാണ് ഇതിനു വേണ്ടി വകയിരുത്തിയിട്ടുള്ളതെന്നും എവിടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

2405 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെയായി എത്ര വീടുകളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ നാളിതുവരെയായി ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

2406 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ ഏതൊക്കെ റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയാണ് ഇവയ്ക്കായി അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

## സൂപ്പർവൈസർ ബി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള യോഗ്യതകൾ

2407 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് (ഒരു വർഷ കോഴ്സ് ), നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ. ടി. സി.), സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ് . ടി. സി.) എന്നിവയും അതോടൊപ്പം പത്ത് വർഷം പ്രവൃത്തി പരിചയമുള്ളവർക്ക് സൂപ്പർവൈസർ ബി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള അംഗീകൃത യോഗ്യതയായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് നൽകിയ പ്രപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ജിഡ (ജി. ഐ. ഡി. എ.) ധന സഹായത്തോടെയുള്ള റോഡുകൾ

2408 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിൽ 43 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള കടമക്കുടി- പിഴല പാലത്തിനെ മൂലമ്പിള്ളി പാലവുമായും കടമക്കുടി- ചാത്തനാട് പാലവുമായും ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് നിർമ്മാണത്തിന് 200 കോടിയോളം രൂപ ചെലവ് വരും എന്ന കാരണത്താൽ കിഫ്ബി മാറ്റി വയ്ക്കാൻ തീരുമാനിച്ചതിനെ തുടർന്ന് എം. എൽ. എ. കിഫ്ബിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിളിച്ചു ചേർത്ത യോഗതീരുമാന പ്രകാരം അടിയന്തരമായി നിർമ്മാണം ആരംഭിക്കുവാൻ നിർദേശിക്കപ്പെട്ടിട്ടുള്ള ജി. ഐ. ഡി. എ. (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) യുടെ ധനസഹായത്തോടെയുള്ള അനുബന്ധ റോഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ എത്ര മീറ്റർ വീതിയിലാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഓരോ റോഡുകളും വീതി കൂട്ടുന്നതിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും വിശദമാക്കാമോ;

(സി) ടി അനുബന്ധ റോഡുകളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ സ്ഥലമേറ്റെടുക്കലിന് ഡയറക്ട് പർച്ചേസിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച ഐ.എ.3/92/2025/എൽ. എസ്. ജി. ഡി. നമ്പർ ഫയലിന്റേയും അനുബന്ധ ഫയലുകളുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫയലുകളിൽ എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണം പൂർത്തിയായിട്ടുള്ള വലിയ കടമക്കുടി- ചാത്തനാട് പാലത്തിന്റെ വലിയ കടമക്കുടി ഭാഗത്തെ കടമക്കുടി നോർത്ത്, കടമക്കുടി സൗത്ത് അനുബന്ധ റോഡുകളുടെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

ടി റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണ പദ്ധതി

2409 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ബസ് സ്റ്റാന്റ് നവീകരണം സംബന്ധിച്ച പ്രൊപ്പോസലിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## കോതാട്- ചേന്നൂർ പാലത്തിന്റെ നിർമ്മാണം

2410 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ധന സഹായത്തോടെ നിർമ്മിക്കുന്നതും തദ്ദേശ സ്വയംഭരണ വകുപ്പ് 53 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമായ കോതാട്-ചേന്നൂർ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിലെ IA3/28/2024/LSGD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടു ള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) വർദ്ധിച്ച് വരുന്ന നിർമ്മാണ ചെലവ് കണക്കിലെടുത്ത് 83 ശതമാനം സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) പാലം നിർമ്മാണത്തിനായി വാട്ടർമെട്രോയുടെ സ്ഥലം വിട്ടുനൽകണമെന്ന ട്രാൻസ്പോർട്ട് സെക്രട്ടറി നടത്തിയ യോഗത്തിലെ തീരുമാനം നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് നടപടി

2411 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിൽ വീട് തകർന്ന മുകുന്ദപുരം താലൂക്ക് നെന്മണിക്കര വില്ലേജ് തലവണിക്കര ദേശത്ത് വെളുത്താണ്ടി വീട്ടിൽ ശ്രീമതി രേഖ എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിധവയുടെ നിർധന കുടുംബത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതു സംബന്ധിച്ച് നെന്മണിക്കര

ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനും കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മലയിൻകീഴ് താലൂക്ക് ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിന് നടപടി

2412 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രിക്കായി സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് റസീപ്റ്റ് നമ്പർ 2222617/2025 പ്രകാരം ലഭിച്ച നിർദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഏത് സെക്ഷനാണ് പ്രസ്തുത ഫയൽ കൈകാര്യം ചെയ്യുന്നത്; കാലതാമസം ഒഴിവാക്കി നിർദേശം ഗവൺമെന്റിന് സമ ടി ർപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## ചെറുവാടി ഗവ. ഹയർ സെക്കൻഡറി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

2413 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന് സ്ഥല പരിമിതിയുള്ളതിനാലും നിർമ്മാണ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കാത്തതിനാലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്കൂളിന്റെ കെട്ടിടമായതിനാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ ഇളവനുവദിച്ച് സ്കൂളിന് കെട്ടിട നമ്പർ നൽകുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ഗ്രാമപഞ്ചായത്തുകളിലേക്ക് മാറ്റി സ്ഥാപിക്കുന്നത്

2414 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച നഗരസഭ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് മാറ്റി സ്ഥാപിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന കൊടുവള്ളി ബ്ലോക്ക് ആസ്ഥാനം ബ്ലോക്ക് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

## തദ്ദേശ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് സാമ്പത്തിക സഹായം

2415 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ രോഗബാധിതരായാൽ അവർക്ക് സാമ്പത്തിക സഹായം നല്കുന്നതിന് എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് എന്തെല്ലാം രോഗങ്ങൾക്കാണെന്ന് വിശദമാക്കാമോ?

## ലൈഫ് പദ്ധതി

2416 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

2417 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കായംകുളം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി അനുവദിച്ചിട്ടുള്ള വീടുകൾ

2418 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട് എന്നും അവയുടെ നിലവിലുള്ള പുരോഗതി എന്താണെന്നും നഗരസഭ, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദമാക്കാമോ?

## പയ്യന്നൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പദ്ധതി

2419 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോം എന്ന സ്ഥലത്തെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രവൃത്തി നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നതെന്ന് വിശദമാക്കുമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

2420 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) തസ്തികകൾ ഒഴിഞ്ഞതുമൂലമുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിന് ഏർപ്പെടുത്തിയ ബദൽ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എപ്പോഴാണ് നികത്തുകയെന്ന് വ്യക്തമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി</u>

2421 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകളുടെ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(ബി) തിരൂർ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവയുടെ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(സി) തിരൂർ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതിന് കാരണമെന്തെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(ഡി) തിരൂർ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി</u>

2422 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് 2023-24 ബജറ്റിൽ തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആൻഡ് എഞ്ചിനീയറിംഗ് വിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്ക് തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പിൽ നിന്നും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## <u>ലൈഫ് മിഷൻ പദ്ധതി</u>

2423 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതിനുശേഷം പ്രസ്തുത ഭവന പദ്ധതിയിലുൾപ്പെടുത്തി നാളിതുവരെ എത്ര വീടുകൾ, ഫ്ലാറ്റുകൾ, വില്ലകൾ എന്നിവ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും നിർമ്മാണത്തിലിരിക്കുന്ന എത്ര ഭവനങ്ങളുണ്ടെന്നും വിശദമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ ഇതുവരെ ചെലവാക്കിയ തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ എത്ര ഭവനങ്ങൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും നിർമ്മാണത്തിലിരിക്കുന്ന എത്ര ഭവനങ്ങളുണ്ടെന്നും ഇനി പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ വിവരങ്ങളും ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ലൈഫ് ഭവന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിലുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നാളിതുവരെ എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ ലൈഫ് പദ്ധതി

2424 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം എത്ര ഭവനങ്ങൾ പൂർത്തിയായിട്ടുണ്ട്; എത്ര വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു എന്നത് സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ നാളിതുവരെ എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് ഭവനം അനുവദിച്ചിട്ടുള്ളതെന്നും ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ?

## മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

2425 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ എം. എൽ. എ. യുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (എസ്. ഡി. എഫ്.) അസ്സറ്റ് ഡെവലപ്മെന്റ് സ്കീം (എ. ഡി. എസ്.) എന്നിവയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെയെല്ലാം നിർവ്വഹണ പുരോഗതി വിശദമാക്കാമോ;

(സി) ഇവയിൽ ടെൻഡർ ആയ പ്രവൃത്തികളുടെ കരാറുകാരുടെ പേര് വിവരങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ എപ്പോൾ

പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള കോങ്ങാട് മണ്ഡലത്തിലെ റോഡുകൾ**

2426 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം**

2427 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മസേനയ്ക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏതെല്ലാം തരത്തിലുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹരിതകർമ്മസേനയ്ക്ക് ഇ-വേസ്റ്റുകൾ, ഉപയോഗശൂന്യമായ തുണിത്തരങ്ങൾ എന്നിവ ശേഖരിച്ച് സംഭരിക്കുന്നതിന് പലസ്ഥലങ്ങളിലും സംഭരണ സ്ഥലങ്ങൾ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിലെ ശുചിത്വ മിഷൻ വഴിയുള്ള പദ്ധതികൾ**

2428 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ ശുചിത്വ മിഷൻ വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും എത്ര തുകയാണ് ഇവയ്ക്കായി ചെലവഴിക്കുന്നതെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത്; അവയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

2429 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി-2025 ന്റെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**പാറശാല മണ്ഡലത്തിൽ പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

2430 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ പാറശാല നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ;

(ബി) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി 2024-25 പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പാറശാല നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സ്ഥലംമാറ്റം

2431 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ ഈ വർഷം എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; അവരുടെ വിശദവിവരങ്ങൾ അറിയിക്കാമോ; പ്രസ്തുത ജീവനക്കാർ ക്രമക്കേട് നടത്തിയ ഓഫീസിൽ എത്ര നാൾ ജോലി ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ജീവനക്കാർ ഒരു ഓഫീസിൽ തന്നെ കൂടുതൽ വർഷങ്ങൾ ജോലി ചെയ്യുന്നത് ഇത്തരം സാമ്പത്തിക ക്രമക്കേട് നടത്തുന്നതിന് സഹായകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പിൽ മൂന്നു മുതൽ അഞ്ച് വർഷംവരെ ഒരു സ്റ്റേഷനിൽ ജോലി ചെയ്ത ജീവനക്കാരെ പൊതു സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഏതു വിഭാഗം ജീവനക്കാരെയാണ് ഇപ്രകാരം ഒഴിവാക്കിയിട്ടുള്ളതെന്നും ഇവരെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ;

(ഡി) ഈ വിഭാഗം ജീവനക്കാർ നിർബന്ധിത പൊതു സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിനു അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ; പൊതു സ്ഥലംമാറ്റം എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാക്കുമോയെന്ന് വ്യക്തമാക്കാമോ?

## പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉല്പാദനം, വിൽപ്പന, ഉപയോഗം, നിയന്ത്രണം

2432 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അപകടകരമായ പ്ലാസ്റ്റിക് ക്യാരിബാഗുകളും മറ്റു ഏകോപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഇപ്പോഴും നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ടോ; സർക്കാരിന്റെ കർശനമായ നിരോധന നടപടികൾ ഉണ്ടായിരിക്കെ, ഇവയുടെ ഉല്പാദനം, വിൽപ്പന, ഉപയോഗം എന്നിവ തുടർന്നുകൊണ്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഹരിതകേരളമിഷന്റെ കീഴിൽ ഹരിതകർമ്മസേനാംഗങ്ങളെ ഉപയോഗിച്ച് വീടുകളിൽ നിന്ന് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും, വീടുതോറും ₹50 വീതം ഉപഭോക്തൃഫീസ് ഈടാക്കുകയും ചെയ്യുന്നതോടൊപ്പം ഇത്തരം അപകടകരമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിനും വിൽപ്പനയ്ക്കും അനുമതി നൽകുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ റോഡ് നിർമ്മാണത്തിനായി ബിറ്റുമിനുമായി കലർത്തി ഉപയോഗിക്കുന്നുണ്ടോ; ബിറ്റുമിനുമായി കലർത്തുന്ന വേളയിൽ പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുക വായുവിലേക്ക് പുറപ്പെടുവിക്കുന്നുണ്ടെന്നും അതുവഴി വായു മലിനീകരണവും പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അപകടകരമായ ഏകോപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിൽപ്പന, ഉപയോഗം എന്നിവ പൂർണ്ണമായി അവസാനിപ്പിക്കാനുള്ള പദ്ധതികൾ എന്തെല്ലാം; ഇതിന് പകരം ലഭ്യമാക്കുന്ന പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

**<u>തിരുവല്ല മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ</u>**

2433 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് ശിപാർശ ചെയ്തതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമാക്കാമോ; ആയതിന്റെ കാരണം വിശദമാക്കാമോ?

**<u>ഇരവിപുരം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ റോഡുകൾ</u>**

2434 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി രജിസ്റ്ററിലെ പേരുകൾ വിശദമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണം</u>**

2435 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണത്തിനായി വിവിധ ജില്ലകളിൽ ഈ സർക്കാർ പുതുതായി ആരംഭിച്ചിട്ടുള്ളതും നിലവിലുണ്ടായിരുന്നതിൽ

ആധുനികീകരണം കൊണ്ടുവന്നിട്ടുള്ളതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) വെള്ളക്കെട്ട് രൂക്ഷമായ ആലപ്പുഴ പോലുള്ള ജില്ലകളിൽ സാനിറ്ററി മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അതുവഴി ജലാശയങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ചിറ്റൂർ മണ്ഡലത്തിലെ വില്ലൂന്നി പാലം നിർമ്മാണം

2436 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ വകുപ്പിന്റെ കീഴിലുള്ളതും 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ചതുമായ ചിറ്റൂർ മണ്ഡലത്തിലെ വില്ലൂന്നി പാലം നിർമ്മാണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണമെന്താണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(സി) 2018ലെ പ്രളയത്തിൽ തകർന്ന പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര ഗ്രാമപഞ്ചായത്തിലെ പൊതുശ്മശാന നിർമ്മാണം

2437 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുവാൻ ബജറ്റിൽ തുക അനുവദിച്ചതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## കേരളാ അർബൻ കോൺക്ലേവ്

2438 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന കേരളാ അർബൻ കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നയരൂപീകരണ നടപടികൾ അറിയിക്കുമോ;

(സി) സാമ്പത്തിക, പാർപ്പിട, തൊഴിൽ, സുരക്ഷാ മേഖലകളിലെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ കോൺക്ലേവിൽ ഉയർന്നുവന്ന പ്രധാന നിർദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

2439 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുള്ള കിഫ്ബി പദ്ധതികളായ ഒട്ടുപാറ - അത്താണി മാർക്കറ്റിന്റെയും വടക്കാഞ്ചരി മുനിസിപ്പാലിറ്റിയിലെ ആധുനിക ഗ്യാസ് ശ്മശാനത്തിന്റെയും നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഡി. എസ്. ആർ-2021 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രൈസ് സോഫ്റ്റ് വെയറിൽ ഇംപാക്റ്റ് കേരള എന്ന എസ്. പി. വി-യ്ക്ക് ലോഗിൻ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആയത് ലഭ്യമായിട്ടില്ലെങ്കിൽ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മേൽ പരാമർശിച്ച വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ ഡി. പി. ആർ. ഡ്രോയിങ്സ്, എസ്റ്റിമേറ്റ് എന്നിവ ഇംപാക്റ്റ് കേരള എന്ന എസ്. പി. വി. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി അവ സമർപ്പിക്കുന്നതിനുള്ള നിർദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

2440 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിലൂടെ എത്ര വീടുകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിവരത്തിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ തദ്ദേശ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

2441 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ബജറ്റിൽ 20% തുക വകയിരുത്തിയതും ,തദ്ദേശ വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ

ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ ശ്മശാനങ്ങൾ

2442 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പൊതുശ്മശാനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി ശ്മശാനം ഇല്ലാത്ത ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് ശ്മശാനം ആരംഭിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

2443 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സർവീസ് രൂപീകരണത്തിനുശേഷം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും ഒരു വർഷം മുൻപ് വിരമിച്ച മുനിസിപ്പൽ ജീവനക്കാർക്ക് ആർജ്ജിതാവധി ടെർമിനൽ സറണ്ടർ ചെയ്യാൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; സ്പാർക്ക് സോഫ്റ്റ്വെയറിൽ മാറ്റം വരുത്താൻ ഒരു വർഷത്തിൽ കൂടുതലായിട്ടും കഴിയാത്തതെന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ പ്രൊമോഷൻ ലഭിക്കേണ്ട സമയത്ത് സി. ആർ. (കോൺഫിഡൻഷ്യൽ റിപ്പോർട്ട് ) സമർപ്പിച്ചു കൊള്ളാം എന്ന വ്യവസ്ഥയിൽ സമയബന്ധിത ഹയർ ഗ്രേഡ് വാങ്ങുകയും എന്നാൽ സമയ ബന്ധിതമായി സി. ആർ. സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക നിയമാനുസരണ പലിശ സഹിതം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ;

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിനോക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർക്ക് നാളിതുവരെ ശമ്പള പരിഷ്കരണ കുടിശിക അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ; ഇവർക്ക് ശമ്പള പരിഷ്കരണ കുടിശിക എപ്പോൾ നൽകുവാൻ കഴിയുമെന്നറിയിക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭയിൽ നിന്നും വിരമിച്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ ആർക്കൊക്കെയാണ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാത്തതെന്ന് പേരുവിവരം സഹിതം വ്യക്തമാക്കാമോ; ഇവർക്ക് എന്നേക്ക് പെൻഷനും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

ഇവരുടെ അപേക്ഷകളിൽ നടപടിയെടുക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പെൻഷൻ ലഭിക്കാത്തവരുടെ പെൻഷൻ പേപ്പറുകൾ തിരുവനന്തപുരം നഗരസഭയിലെ ഓരോ സീറ്റിലും എത്ര ദിവസം വരെ പെന്റിംഗ് ആയിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതോടൊപ്പം സമർപ്പിച്ച അപേക്ഷകളിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ച അപേക്ഷകളുമായി താരതമ്യം ചെയ്ത് വിശദീകരണം നൽകാമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്**

2444 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിലും മറ്റ് 6 ഗ്രാമപഞ്ചായത്തുകളിലും (പൂതക്കുളം, ചിറക്കര, കല്ലുവാതുക്കൽ, ചാത്തന്നൂർ, ആദിച്ചനല്ലൂർ, പൂയപ്പള്ളി) 2023-24, 2024-25 എന്നീ സാമ്പത്തികവർഷങ്ങളിലും 2025-26 സാമ്പത്തികവർഷം നാളിതുവരെയും അനുവദിച്ച പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, മറ്റ് ഫണ്ടുകൾ എന്നിവയുടെ വിവരങ്ങൾ വർഷം, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ ഇവ തിരിച്ച് അറിയിക്കാമോ?

**തദ്ദേശസ്വയംഭരണ വകുപ്പിലെ കണ്ടിൻജന്റ് ജീവനക്കാരെ സംബന്ധിച്ച കരട് വിശേഷാൽ ചട്ടം**

2445 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ എത്ര പേരാണ് കണ്ടിൻജന്റ് ജീവനക്കാരായി ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ;

(ബി) കണ്ടിൻജന്റ് ജീവനക്കാരെ സംബന്ധിച്ച മുൻ കരട് വിശേഷാൽ ചട്ടം റദ്ദാക്കിയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) പുതിയ കരട് ചട്ടം തയ്യാറാക്കുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള ചെലവ് ഏത് ഫണ്ടിൽ നിന്നാണ് അനുവദിക്കാനിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റദ്ദാക്കിയ കരട് ചട്ടം പ്രകാരം കണ്ടിൻജന്റ് ജീവനക്കാരെ എത്ര കാറ്റഗറികളിലായി തരംതിരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; ആയതിൽ കാറ്റഗറി-1 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) കരട് ചട്ടം അംഗീകരിക്കപ്പെട്ടാൽ കണ്ടിൻജന്റ് ജീവനക്കാർക്ക് ലഭിക്കാവുന്ന പ്രധാന ഗുണം എന്താണെന്ന് അറിയിക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

2446 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി, വിശദാംശം സഹിതം അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>തിരുവല്ല സബ്ട്രഷറിക്ക് സ്ഥലം വിട്ടു നൽകൽ</u>

2447 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിൽ പുതിയ ട്രഷറി പണിയുന്നതിന് സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് തിരുവല്ല നഗരസഭ എത്ര തവണ തീരുമാനം മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏറ്റവും പുതിയ തീരുമാനം എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ 2024 നവംബറിൽ കൂടിയ കൗൺസിൽ യോഗത്തിലെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നഗരസഭാ സെക്രട്ടറി ഇതു സംബന്ധിച്ച് തയ്യാറാക്കിയ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് പ്രമോഷൻ</u>

2448 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവീസിലുൾപ്പെട്ട ഏതൊക്കെ വകുപ്പുകളിലുള്ള ജീവനക്കാർക്കാണ് തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ടുള്ള പ്രമോഷനോ / ബൈട്രാൻസ്ഫർ പ്രമോഷനോ അർഹത ഉള്ളതെന്ന് റേഷ്യോ സഹിതം വ്യക്തമാക്കാമോ;

(ബി) തദ്ദേശ പൊതുസർവീസ് രൂപീകരിച്ചതിന് ശേഷം മേൽ പ്രകാരം ഓരോ വകുപ്പിൽ നിന്നും എത്ര പേർക്ക് പ്രമോഷനോ/ബൈ ട്രാൻസ്ഫർ പ്രമോഷനോ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശ പൊതുസർവീസിൽ ഉൾപ്പെട്ട മുനിസിപ്പൽ കോമൺസർവീസ്, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നും എത്ര പേർക്ക് തദ്ദേശസ്ഥാപന സെക്രട്ടറിമാരായി പ്രമോഷനോ /ബൈട്രാൻസ്ഫർ പ്രമോഷനോ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) മുനിസിപ്പൽ കോമൺ സർവീസ്, അർബൻ അഫയേഴ്സ് വകുപ്പ് എന്നിവയിൽ നിന്ന് പ്രമോഷനോ/ബൈട്രാൻസ്ഫർ പ്രമോഷനോ ആയി നികത്താനുള്ള തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## <u>സർക്കാർ ഓഫീസുകളിലെ വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം നടപ്പാക്കാൻ നടപടി</u>

2449 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ നന്തൻകോട് സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം നിലവിൽ

ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യാലത്തിൽ വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം ഇല്ലാത്തതിനാൽ ജീവനക്കാർ ഉച്ചയൂണിന് ശേഷം ആഹാര അവശിഷ്ടങ്ങൾ തിരിച്ച് വീട്ടിലേക്ക് കൊണ്ടുപോകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച് സർക്കാരിന്റെ മുന്നിൽ പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സിസ്റ്റമാറ്റിക് ആയിട്ടുള്ള വേസ്റ്റ് മാനേജ്മെൻറ് ഇല്ലാത്തതിനാൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ തെരുവ് നായകളുടെ ശല്യം അമിതമായി വർദ്ധിച്ചുവരുന്ന എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നായ ശല്യം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ സ്ഥലപരിമിതി മൂലം വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം സമഗ്രമായി നടപ്പിലാക്കുന്നതിനോ മറ്റു വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനോ നിർവാഹമില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം സമഗ്രമായി നടപ്പിലാക്കാനുള്ള നയം ആവിഷ്കരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ;

(എഫ്) സംസ്ഥാന സർക്കാർ ഓഫീസുകളിലെ വിവിധ തരത്തിലുള്ള വേസ്റ്റുകൾ ശാസ്ത്രീയമായ രീതിയിൽ കൃത്യമായി നിർമാർജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൃത്യമായ പരിശോധനകൾ നടത്തി വൃത്തിയുള്ള ഓഫീസ് അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നായ ശല്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സത്വര നടപടിക്ക് തയ്യാറാകുമോ; വിശദമാക്കുമോ?

## <u>പുളിക്കൽ പഞ്ചായത്തിലെ അന്തിയൂർ കുന്നിൽ മാലിന്യം തള്ളിയതിനെതിരെ നടപടി നടപടി</u>

2450 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിലെ ആന്തിയൂർ കുന്നിൽ ആശുപത്രി മാലിന്യം തള്ളിയ സംഭവത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും പഞ്ചായത്തും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ലോഡ് മാലിന്യമാണ് തള്ളിയതെന്നും ഇതിലെ പ്രതികളുടെ പേരിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) പ്രസ്തുത മാലിന്യം നീക്കം ചെയ്ത്, അതിന്റെ ചെലവ് പ്രതികളിൽനിന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ മാലിന്യം അവിടെ നിന്നും പൂർണ്ണമായും മാറ്റുന്നതിന് എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ഇടവ സ്റ്റേഡിയം റോഡിന് വീതി വർദ്ധിപ്പിക്കുന്ന നടപടി

2451 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഇടവ സ്റ്റേഡിയം റോഡിന് വീതി വർദ്ധിപ്പിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ?

## പുതുപ്പാടി പഞ്ചായത്തിലെ കെട്ടിടങ്ങൾക്കുള്ള നിർമ്മാണാനുമതി

2452 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ദേശീയപാത വീതി കൂട്ടുന്നതിനാൽ പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റും, കെട്ടിട നമ്പറും അനുവദിക്കുന്നതിന് നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർവീസ് റോഡുകളില്ലാത്ത ദേശീയപാതയിലേക്ക് നേരിട്ട് പ്രവേശനമുള്ള താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് നിലവിൽ നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യം സംബന്ധിച്ച് സർക്കാർ നിലവിൽ പരിശോധിച്ച് വരുന്ന ഫയലിന്മേൽ (RA1/499/2024/LSGD) സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കുറുവ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ

2453 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാന വിഹിതം (അൺടൈഡ് ഫണ്ട്) ഏതെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്നും പ്രവൃത്തിയുടെ പേരും തുകയും വാർഡ് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത വർഷത്തെ പദ്ധതികളിൽ നിന്നും കുറുവ ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും വാർഡുകൾ ഉൾപ്പെടാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വാർഡുകളാണ് ഉൾപ്പെടാത്തതെന്നും ഉൾപ്പെടാതിരിക്കാനുള്ള കാരണവും വ്യക്തമാക്കാമോ?

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

2454 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

## ചെമ്മനാട് പഞ്ചായത്തിൽ ലൈഫ് ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി

2455 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മനാട് പഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്ന ലൈഫ് ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഫ്ലാറ്റ് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(സി) ഫ്ലാറ്റിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കെട്ടിട നമ്പർ നൽകുന്നതിന് നടപടി

2456 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മരിയാപുരം ഗ്രാമ പഞ്ചായത്തിൽ കെട്ടിടം നിർമ്മിച്ച് പത്ത് കൊല്ലം കഴിഞ്ഞിട്ടും കെട്ടിട നമ്പർ നൽകാത്തത് മൂലം കെട്ടിട ഉടമ ശ്രീ. ജോസഫ് എം. കെ. നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കെട്ടിട നമ്പർ നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ചുമാത്രം നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് അപേക്ഷ നൽകി നിരവധി പ്രാവശ്യം പഞ്ചായത്തിൽ ചെന്നിട്ടും ഉടമയെ അപമാനിച്ചു വിടുന്ന സാഹചര്യം ഉണ്ടായി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ശക്തമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാരിന് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ ഉത്തരവുകൾ അനുസരിക്കാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന് വർഷങ്ങളായി നമ്പർ ലഭിക്കാത്തതുമൂലം ജീർണ്ണാവസ്ഥയിൽ ആകുന്നത് പരിഹരിക്കുവാൻ കെട്ടിട നമ്പർ നൽകുന്നതിൽ ഗുരുതര പിഴവ് വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഈ കെട്ടിടത്തിന് നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ വിശദമായ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം

ലഭ്യമാക്കുമോ;

(എഫ്) ഇത് സംബന്ധിച്ച് ശ്രീ. ജോസഫ് നൽകിയ പരാതികളുടെ കോപ്പിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ?

**<u>പേരാമ്പ്രയിൽ പോളിടെക്നിക്കിന് സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച്</u>**

2457 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച പോളിടെക്നിക്കിന് ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 5 ഏക്കർ സ്ഥലം കൈമാറുന്നതിന് സർക്കാർ അനുമതിക്കായി പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷ ലഭിച്ചിരുന്നോ;

(ബി) ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിന്റെ നടപടിക്രമം എന്താണ്; വ്യക്തമാക്കുമോ?

**<u>പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ വാതക ശ്മശാനം</u>**

2458 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ആധുനിക വാതക ശ്മശാനം സ്ഥാപിക്കൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇംപാക്ട് എസ്. പി. വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യായ പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യുന്നതിൽ കാലതാമസം വരുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള റോഡുകൾ</u>**

2459 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾ കാലങ്ങളായി ഉപയോഗിച്ചുവരുന്നതും എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതുമായ റോഡുകൾ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ടതായ നടപടിക്രമം വിശദമാക്കാമോ;

(ബി) പഞ്ചായത്ത് ആസ്തി രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ലഭ്യമാക്കാമോ;

(സി) വിവിധ കാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് പഞ്ചായത്ത് ആസ്തി രജിസ്റ്റർ പുതുക്കി പൊതുജനങ്ങൾ കാലങ്ങളായി ഉപയോഗിച്ചുവരുന്ന റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ വ്യക്തത വരുത്തി ഒരു സർക്കുലർ പുറപ്പെടുവിക്കുന്നത് പരിഗണിക്കാമോ?

**<u>പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ഹോമിയോ, ആയുർവേദ ആശുപത്രി എന്ന പ്രോജക്ട്</u>**

2460 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ഹോമിയോ, ആയുർവേദ ആശുപത്രി എന്ന പ്രോജക്ടിന് സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ ഒരുകോടി രൂപ അനുവദിച്ചിരുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>ജനനനിരക്ക് സംബന്ധിച്ച്</u>**

2461 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ 2024 വർഷം വരെ ഓരോ വർഷവും ജനിച്ച കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

**<u>കാലിക്കറ്റ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിനായി സ്ഥലം വാങ്ങൽ</u>**

2462 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചാലിക്കരയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിന് സ്ഥലം വാങ്ങുന്നതിന് തുക അനുവദിക്കുന്നതിനായി പ്രത്യേക അനുമതിക്ക് പേരാമ്പ്ര, മേപ്പയൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷ ലഭിച്ചിരുന്നോ;

(ബി) എന്നാണ് അപേക്ഷ ലഭിച്ചതെന്നും, അപേക്ഷയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(സി) ഈ ആവശ്യത്തിന് പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളുടെ അപേക്ഷ ലഭിച്ചു; ലഭിച്ച അപേക്ഷയിൽ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

**<u>.ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജിങ് സംവിധാനം</u>**

2463 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണനിലവാര പ്രശ്നങ്ങളും ജലക്ഷാമവും പരിഹരിക്കാൻ സാധിക്കുന്ന കിണർ റീചാർജിങ് പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്തുകളിൽ വരുമാനപരിധി പരിഗണിക്കാതെയോ വരുമാനപരിധിയിൽ ഇളവുകൾ നൽകിയോ എല്ലാ

ഭവനങ്ങളിലും കിണർ റീചാർജിങ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

**മണന്നൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

2464 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ മണന്നൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപ അനുവദിച്ചതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

**മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി**

2465 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ പുത്തൂർ കുടിവെള്ള പദ്ധതി എന്ന പ്രവൃത്തി റദ്ദാക്കി കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിൽ നിന്നും 23-10-2024-ലെ 2023/2024/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം അനുമതി നൽകിയ പ്രസ്തുത പ്രവൃത്തി നാളിതുവരെയും ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച 10-04-2025-ലെ കെ.എൻ.ആർ./136/2025-എഫ്2 നമ്പർ കത്തിന്മേൽ അഞ്ച് മാസമായിട്ടും തീരുമാനങ്ങളെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആയത് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

2466 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക വികസനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്ക് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസക്തി വ്യക്തമാക്കുമോ;

(സി) ബ്ലോക്ക് പഞ്ചായത്തുകളുടെ ധന സ്രോതസ്സ് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2020-25 കാലഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ വിവിധ മേഖലകളിൽ നടത്തിയിട്ടുള്ള മാതൃക പദ്ധതികൾ വിശദമാക്കുമോ;

(ഇ) ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ടി റിപ്പോർട്ടുകളുടെ പകർപ്പുകൾ നൽകുമോ?

## കാസർഗോഡ് നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണം

2467 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഏതെങ്കിലും ബജറ്റിൽ ഉൾപ്പെടുത്തി അടങ്കൽ തുക പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര രൂപയുടെ അടങ്കൽ തുകയാണ് പ്രഖ്യാപിച്ചതെന്നും ഏതു വർഷത്തെ ബജറ്റിലാണ് പ്രഖ്യാപനം ഉണ്ടായതെന്നും വ്യക്തമാക്കാമോ;

(സി) ബജറ്റിൽ ഉൾപ്പെടുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി ഇതുവരെ യാഥാർത്ഥ്യമായിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഈ സർക്കാരിന്റെ കാലത്ത് സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

## നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാരന്റെ പെൻഷൻ

2468 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയിൽ നിന്നും വിരമിച്ച ജീവനക്കാരന് നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന നഗരസഭാ സ്റ്റേഷൻ മാറി മറ്റൊരു സ്റ്റേഷനിൽ നിന്നും (മുൻപ് ജോലി ചെയ്ത സ്റ്റേഷൻ) പെൻഷൻ സ്വീകരിക്കുവാൻ സാധിക്കുന്നതാണോ; വിശദാംശം നൽകാമോ;

(ബി) അങ്ങനെ സ്വീകരിക്കാൻ പറ്റുമെങ്കിൽ അപേക്ഷ നൽകേണ്ടതിന്റെ വിശദാംശം അറിയിക്കാമോ?

## പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ റോഡുകൾ

2469 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി. എം. ജി. എസ്. വൈ.) പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം റോഡുകളാണ് നവീകരിച്ചിട്ടുള്ളത്; പ്രസ്തുത റോഡുകളുടെ പേരും തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ഇനംതിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനുദ്ദേശിക്കുന്ന പുതിയ റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## മുക്കിൽക്കട-ആനന്ദേശ്വരം റോഡ് റീ ടാറിംഗ്

2470 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുനന്തപുരം കോർപ്പറേഷന്റെ പരിധിയിലുള്ള മുക്കിൽക്കട-ആനന്ദേശ്വരം റോഡിന്റെ റീ ടാറിംഗ് പൂർത്തിയായോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ റീ ടാറിംഗ് പ്രവൃത്തിയ്ക്ക് എത്ര രൂപയുടെ അന്തിമ അനുമതിയാണ് നൽകിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് കരാർ ലഭിച്ച കരാറുകാരന്റെ പേരും എത്ര തുകയ്ക്കാണ് കരാർ ലഭിച്ചതെന്നും നിലവിൽ എത്ര തുകയ്ക്കുള്ള ബില്ലുകൾ മാറിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>ഉമ്മളത്തൂർ താഴം, പയ്യാനക്കൽ പട്ടർകൊടി എന്നീ കളിസ്ഥലങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി</u>

2471 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 - 26 ബജറ്റിൽ ഇരുപത് ശതമാനം തുകയനുവദിച്ച കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ഉമ്മളത്തൂർ താഴം കളിസ്ഥലം, പയ്യാനക്കൽ പട്ടർകൊടി കളിസ്ഥലം എന്നിവയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
22-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].